# സീറോമലബാർ വിഷൻ

സീറോമലബാർ മേജർ ആർക്കിഎപ്പിസ്കോപ്പൽ കൂരിയ പ്രസിദ്ധീകരണം

MARCH 2024 | Vol - 4 ● Issue -3 ● 16 Page Tabloid | www.syromalabarvision.com






അടഞ്ഞ കല്ലറകളിൽ ഇനി അവനെ അന്വേഷിക്കാതിരിക്കുക. കാരണം ആരൊക്കെയോ ചേർന്നു കുരിശിൽ തറയ്ക്കുകയും കല്ലറകളിൽ അടക്കം ചെയ്യുകയുംചെയ്ത ക്രിസ്തു ഇതാ കല്ലറകളെ ഭേദിച്ച് ഉയിർത്തെണീറ്റിരിക്കുന്നു. നിന്റെ ജീവിതത്തിലേക്കുപ്രകാശമായി അവൻ കടന്നുവരുന്നു.

അവന്റെ ഉയിർപ്പിൽ സന്തോഷിക്കുക. കാരണം അവന്റെ ഉയിർപ്പ് നിന്റെയും ഉയിർപ്പാണ്.

എല്ലാ പ്രിയപ്പെട്ടവർക്കും സീറോമലബാർ വിഷന്റെ ഈസ്റ്റർ മംഗളങ്ങൾ...

# ആത്മാവു സന്നദ്ധമെങ്കിലും ശരീരം ബലഹീനം...

**ബിഷപ് ടോണി നീലങ്കാവിൽ**



ഗത്സമെൻ തോട്ടത്തിൽ പ്രാർഥിക്കുന്ന യേശുവിന്റെ മനസ്സു നോമ്പിലൂടെ സ്വന്തമാക്കുകയാണ് ഓരോ വിശ്വാസിയും. രക്ഷാകരമായ സഹന മരണ ഉത്ഥാനങ്ങളെ ഏറ്റെടുക്കുന്ന യേശുവിനോടൊപ്പം നാം കാണുന്ന ഒരു വിരോധാഭാസമുണ്ട്: ശിഷ്യന്മാർ ഉറങ്ങുകയായിരുന്നു! സഭയിൽ ആവർത്തിക്കപ്പെടുവാനിടയുള്ള വിരോധാഭാസത്തെ നോക്കി ഈശോ പറഞ്ഞു, ''ആത്മാവ് സന്നദ്ധമെങ്കിലും ശരീരം ബലഹീനമാണ്'' (മത്താ 26, 41). ഈശോയുടെ ഈ വാക്കുകൾ വലിയനോമ്പിൽ വിചിന്തന വിധേയമാക്കുന്നത് നല്ലതാണ്.

## ആത്മവിശ്വാസവും ദൈവവിശ്വാസവും ഒന്നല്ല

ഏത് പ്രലോഭനങ്ങളെയും നേരിടാൻ തങ്ങൾക്കാകും എന്ന ആത്മവിശ്വാസം ഒരു സ്വയം തൃപ്തിയിലേക്കാണു ശിഷ്യരെ നയിച്ചത്. അതുകണ്ട് ഈശോ ശിഷ്യരോട് പറഞ്ഞു: ''ശിമയോൻ, ശിമയോൻ, ഇതാ, സാത്താൻ നിങ്ങളെ ഗോതമ്പുപോലെ പാറ്റാൻ ഉദ്യമിച്ചു. എന്നാൽ, നിൻെറ വിശ്വാസം ക്ഷയിക്കാതിരിക്കാൻ ഞാൻ നിനക്കുവേണ്ടി പ്രാർഥിച്ചു. നീ തിരിച്ചുവന്നു നിൻെറ സഹോദരരെ ശക്തിപ്പെടുത്തണം'' (ലൂക്കാ 22, 31-32). പത്രോസിന്റെ മറുപടി കേൾക്കുക: ''...കർത്താവേ, നിൻെറ കൂടെ കാരാഗൃഹത്തിലേക്കു പോകാനും മരിക്കാൻ തന്നെയും ഞാൻ തയ്യാറാണ്'' (ലൂക്കാ 22, 33). ഈ ആത്മവിശ്വാസം ദൈവവിശ്വാസത്തിൽനിന്നായിരുന്നില്ല, താൻപ്രമാണിത്തത്തിൽനിന്നായിരുന്നുവെന്നു തുടർന്നുള്ള സംഭവങ്ങൾ സാക്ഷ്യപ്പെടുത്തുന്നുണ്ടല്ലോ.

ആരംഭംമുതലേ സാത്തൻ പുറത്തെടുക്കുന്ന പ്രധാന പ്രലോഭനമാണ് താൻപ്രമാണിത്തം. നന്മതിന്മകളുടെ വൃക്ഷത്തിൽ നിന്നുള്ള പഴം ഭക്ഷിച്ചാൽ മരിക്കുമെന്ന ദൈവവചനത്തെ പിശാചു വ്യാഖ്യാനിച്ചതിപ്രകാരമാണ്: ''അതു തിന്നുന്ന ദിവസം നിങ്ങളുടെ കണ്ണുകൾ തുറക്കുമെന്നും നൻമയും തിൻമയും അറിഞ്ഞു നിങ്ങൾ ദൈവത്തേപ്പോലെ ആകുമെന്നും ദൈവത്തിനറിയാം'' (ഉത്പ. 3, 5). ദൈവത്തിന്റെ സ്ഥാനം കവർന്നെടുക്കാനുള്ള, അതുവഴി തന്റെ ഭാഗധേയം തനിക്കുതന്നെ നിർണയിക്കാനുള്ള, തിന്മയുടെ പ്രലോഭനമാണത്. ആകാശം മുട്ടുന്ന ബാബേൽ ഗോപുരം നിർമിക്കാനാരംഭിച്ച ജനവും തങ്ങൾക്ക് അസാധ്യമായി ഒന്നുമില്ല എന്ന പ്രലോഭനത്തിന് വശംവദരായി (ഉത്പ. 11, 1-9).

തന്റെ ബുദ്ധിയും കഴിവുകളുമുപയോഗിച്ച് സ്വന്തം ഭാഗധേയം നിശ്ചയിക്കാൻ മനുഷ്യന് കഴിയും എന്ന പെലാജിയൻ പാഷണ്ഡത ഓർമപ്പെടുത്തുന്നതും മറ്റൊന്നല്ല. മനുഷ്യൻ തന്നെയാണ് മനുഷ്യന്റെ രക്ഷകൻ എന്ന ബോധനമാണത്. സഭാചരിത്രത്തിൽ തള്ളിക്കളയപ്പെട്ടെങ്കിലും പുതിയ രൂപഭാവങ്ങളിൽ ഈ പഠനം പുനരവതരിച്ചുകൊണ്ടിരിക്കുകയാണ്. ആരുടെ കുതികാലിൽ ചവിട്ടിയാണെങ്കിലും സ്വയം വെട്ടിപ്പിടിക്കേണ്ടതാണ് ജീവിതം എന്ന ചിന്ത, കുരിശിൽ നിന്ന് ഇറങ്ങിവരാനുള്ള വെല്ലുവിളി സ്വീകരിച്ചു വിജയം വരിക്കാനുള്ള ശ്രമങ്ങൾ, ധാർമിക, വിശ്വാസപ്രമാണങ്ങളെ കൗശലങ്ങളിലേക്കും യുക്തിവിചാരത്തിലേക്കും സമരപ്പന്തലിലേക്കും ചുരുക്കുവാനുള്ള പ്രവണത... - ഇവയെല്ലാം ശതാധിപന്റെ ചെവിയറുത്ത പത്രോസിന്റെ അപക്വമായ എടുത്തുചാട്ടങ്ങൾ മാത്രമാണ്. എന്തിന്, മക്കളുടെ ഉടമസ്ഥാവകാശം സ്വയം ഏറ്റെടുത്തു തന്നിഷ്ടംകൊണ്ട് അവരുടെ ജീവിതങ്ങളെ നിർമിച്ചെടുക്കാൻ ശ്രമിക്കുന്ന മാതാപിതാക്കളും, അഭിഷേകത്തിലൂടെ സ്വീകരിച്ച കൃപാവരസമൃദ്ധിയുടെ ഉറവിടങ്ങൾ തങ്ങൾതന്നെ എന്നു ധരിച്ചുവശാകുന്ന വൈദികരും സമർപ്പിതരും പെലാജിയൻ വഴികളിലാണ്. ''എല്ലാവരും അന്വേഷിക്കുന്നതു സ്വന്തം കാര്യമാണ്. യേശുക്രിസ്തുവിൻെറ കാര്യമല്ല'' (ഫിലി. 2, 21). ദൈവികരഹസ്യങ്ങൾ സ്വയംകൃതമാക്കുന്നതു രക്ഷയുടെ വഴിയല്ല, പെലാജിയൂസിന്റെ പാഷണ്ഡതയാണ്.

ദൈവം നമ്മെ തന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കുകയും മാമ്മോദീസായിലൂടെ ദൈവപുത്രൻ/പുത്രി എന്ന പദവി നൽകുകയും ചെയ്തു. എന്നാൽ, സൃഷ്ടികളായ നാം ദൈവത്തിൽമാത്രം ആശ്രയിച്ച് ജീവിക്കേണ്ടവരുമാണ്. ദൈവതിരുമുമ്പിൽ നെഞ്ചുവിരിച്ചുനിന്ന് താൻ ചെയ്ത വൻകാര്യങ്ങൾ എണ്ണിയെണ്ണിപ്പറയുന്ന ഫരിസേയന്റെ താൻപോരിമയെക്കാൾ, ദൂരെനിന്നു സ്വർഗത്തിലേക്ക് കണ്ണുകളുയർത്താൻ പോലും ധൈര്യപ്പെടാത്ത ചുങ്കക്കാരന്റെ നിലവിളിയാണ് ഏറെ സ്വീകാര്യം (ലൂക്കാ 18, 10-14). ''തങ്ങൾ നീതിമാന്മാരാണെന്ന ധാരണയിൽ തങ്ങളിൽത്തന്നെ ആശ്രയിക്കുകയും മറ്റുള്ളവരെ പുച്ഛിക്കുകയും ''(ലൂക്കാ 18, 9) ചെയ്യുന്നവരുടെ കൂട്ടത്തിൽ നാമുണ്ടോ? യോനായുടെ മുന്നറിയിപ്പു ശ്രവിച്ചു ചാക്കുടുത്തു തങ്ങളുടെ നിസ്സഹായത ഏറ്റുപറഞ്ഞ നിനിവെ നിവാസികളാണ് ഈ നോമ്പുകാലത്തു നമ്മുടെ മാതൃക.

## ശരീരം നല്ലതാണ്, എന്നാൽ ബലഹീനമാണ്

ഒരു പക്ഷേ കേട്ടിരിക്കാവുന്ന ഒരു സംഭാഷണം: 'അപ്പച്ചന് എങ്ങിനെയുണ്ട്?' 'ദാ, ഏതാനും നിമിഷങ്ങൾക്കുമുമ്പ് മരിച്ചു.' 'ഉവ്വോ? എപ്പോഴാണ് 'ബോഡി' വീട്ടിൽ കൊണ്ടുവരുന്നത്?' 'അപ്പച്ചനെ'ന്ന് വിളിച്ച അതേ ശ്വാസത്തിൽ പിന്നങ്ങോട്ട് 'ബോഡി', 'ശവം', ശവസംസ്കാരം തുടങ്ങിയ സംജ്ഞകൾ നിർബാധം ഒഴുകുന്നു. ക്രിസ്ത്യാനിക്ക് ശ്വാസം നിലച്ചാൽ അന്ത്യമാണോ? ജഡം ജീവനില്ലാത്തതാണ്. ജീവാത്മാവു വസിക്കുന്ന ശരീരം ജീവനുള്ളതാണ്. പാപത്തിലായിരിക്കുന്നവർ ജീവിക്കുന്നെങ്കിലും ജഡികരാണ്, ചേതനയറ്റവരാണ്. ''ജഡികമായി ജീവിക്കുന്നവർ ജഡികകാര്യങ്ങളിൽ മനസ്സുവയ്ക്കുന്നു''(റോമ. 8, 5). ജഡികരായവർ മനുഷ്യരെ ജഡികവസ്തുക്കളായിക്കണ്ടു ഭോഗിക്കുന്നു. ആത്മീയമായി ജീവിക്കുന്നവരാകട്ടെ, ആത്മീയാഭിലാഷങ്ങളിലൂടെ ജീവനിലേക്കു പ്രവേശിക്കുന്നു.

ആത്മാവു വസിക്കുന്നതുകൊണ്ടാണു ശരീരം ദൈവത്തിന്റെ ആലയമായിരിക്കുന്നത്. പൂഴിയിൽനിന്ന് മെനഞ്ഞെടുത്തു ദൈവം മനുഷ്യന്റെ നാസാരന്ധ്രങ്ങളിലേക്ക് തന്റെ ആത്മാവിനെ നിശ്വസിച്ചപ്പോഴാണ് അവനു ജീവനുണ്ടായത് (ഉത്പ. 2, 7), ദൈവത്തിന്റെ ഛായയും സാദൃശ്യവുമുണ്ടായത് (ഉത്പ. 1, 26). ''നിങ്ങൾ ദൈവത്തിന്റെ ആലയങ്ങളാണെന്നും

**ശേഷം പേജ് 2ൽ**

## എഡിറ്റോറിയൽ

# കുരിശിൽ തെളിയുന്ന ഉത്ഥാനം

''അവന്റെ മുറിവിനാൽ നിങ്ങൾ സൗഖ്യം ഉള്ളവരാക്കപ്പെട്ടിരിക്കുന്നു'' (1 പത്രോ. 2:24) എന്ന വിശുദ്ധ പത്രോസിന്റെ വാക്കുകൾ ഈശോയുടെ സഹന മരണ ഉത്ഥാനരഹസ്യങ്ങളുടെ താക്കോലാണ്. മുറിവു സൗഖ്യം പകരുമെന്നതും കുരിശു രക്ഷനല്കുമെന്നതും എളിയവർ ഉയർത്തപ്പെടുമെന്നതും എല്ലാവരും മാറ്റിനിറുത്തുന്നവർ പ്രഥമസ്ഥാനീയരാകുമെന്നതും മനുഷ്യന്റെ സാധാരണ ചിന്താധാരയിൽ സ്വീകാര്യതയില്ലാത്ത തത്വങ്ങളാണെങ്കിലും അതാണ് കുരിശിന്റെ ശാശ്വതമായ സന്ദേശം. 'ഫലം പുറപ്പെടുവിക്കണമെങ്കിൽ നിലത്തുവീണഴിയണം' എന്നുള്ള ഈശോയുടെ പ്രബോധനത്തിന്റെ യാഥാർഥ്യവത്ക്കരണമാണ് അവിടത്തെ സഹനവും മരണവും ഉത്ഥാനവും.

വിജയിക്കാനാണു നാമെല്ലാം ആഗ്രഹിക്കുന്നത്. അനുദിന ജീവിത സാഹചര്യങ്ങളിലും ആശയങ്ങളുടെ അവതരണങ്ങളിലും വിജയം ഉറപ്പുവരുത്തുന്നതു മറ്റുള്ളവരുടെ മുമ്പിൽ ചെറുതാകാതിരിക്കുന്നതിലും സ്വന്തം താത്പര്യങ്ങളും ആശയങ്ങളും ഉയർത്തിപ്പിടിക്കുന്നതിലുമാണെന്നു നമ്മൾ കരുതുന്നു. എന്നാൽ, ഇവിടെ വിജയമില്ല എന്നതാണ് സത്യം. എന്റെ സഹോദരങ്ങൾ ഇല്ലാത്ത ലോകത്തു ഞാൻ പരാജയപ്പെടുന്നു എന്നു തിരിച്ചറിയുന്നതാണു വിജയത്തിലേക്കുള്ള നിർണായക ചുവടുവയ്പ്പ്. എന്നാൽ മനുഷ്യന്റെ സ്വഭാവവും പ്രവണതകളും ഈ തിരിച്ചറിവിനെ സ്വീകരിക്കുന്നതിനെതിരാണ്. അതുകൊണ്ടാണ്, ''നാശത്തിലൂടെ ചരിക്കുന്നവർക്കു കുരിശിന്റെ വചനം ഭോഷത്തമാണ്. എന്നാൽ രക്ഷയിലൂടെ ചരിക്കുന്ന നമുക്കോ അതു ദൈവത്തിന്റെ ശക്തിയത്രേ'' (1 കോറി. 1:18) എന്നു വിശുദ്ധ പൗലോസ് ശ്ലീഹ ഉറപ്പിച്ചുപറയുന്നത്.

ദൈവം നല്കുന്ന രക്ഷ നേടണമെങ്കിൽ പരാജയപ്പെടാനുള്ള സന്നദ്ധത ആർജിക്കണം. പരാജയഭീതിയാണു സഹനങ്ങൾ സ്വീകരിക്കുന്നതിൽനിന്നു നമ്മെ പുറകോട്ടുവലിക്കുന്നത്. സാഹചര്യങ്ങളെ കുറ്റപ്പെടുത്താതെ, മറ്റുള്ളവരെ പ്രതിക്കൂട്ടിൽ നിറുത്താതെ അനുസരിക്കുമ്പോൾ അനുഭവിക്കേണ്ടിവരുന്ന വേദനയും സഹനവും അപമാനവും ദൈവം നല്കുന്ന ശക്തിയായിമാറും എന്നതിന്റെ ഉറപ്പാണ് ഈശോയുടെ കുരിശിലെ സഹനവും ഉത്ഥാനവും.


2022 മാർച്ചു 15നു പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പ മേജർ ആർച്ചുബിഷപ്പ്, മേജർ ആർച്ചുബിഷപ്പിന്റെ വികാരി, എറണാകുളം അങ്കമാലി അതിരൂപതയിലെ വൈദികർ, സന്യസ്തർ, അല്മായ വിശ്വാസികൾ എന്നിവർക്കായി നല്കിയ കത്തിൽ ഇപ്രകാരം എഴുതി: ''ഒരു സഭയെന്നനിലയിൽ, നാമെല്ലാവരും മെത്രാന്മാർ, വൈദികർ, ഡീക്കൻമാർ, അല്മായവിശ്വാസികൾ ആഘോഷിക്കുന്ന രഹസ്യത്തിന്റെ സത്ത മറക്കാൻ പലപ്പോഴും പ്രലോഭിതരാകുന്നു: നാം ഈശോയെക്കുറിച്ചു സംസാരിക്കുന്നു, സൈദ്ധാന്തികമായി നമുക്ക് അവിടത്തെക്കുറിച്ചു വളരെയേറെ അറിയാം. എന്നിരുന്നാലും അവിടത്തോടൊപ്പം ജീവിക്കാൻ, അവിടത്തെ ഇഷ്ടപ്പെടാൻ, താഴ്ത്തപ്പെടലിന്റെ പാതയും കുരിശിന്റെ വഴിയും അംഗീകരിക്കാൻ നമുക്കു സാധിക്കണം.'' അനുസരണം ആവശ്യപ്പെടുന്ന എളിമയുടെയും സഹനത്തിന്റെയും വഴിയിൽ കാത്തിരിക്കുന്ന കുരിശുമരണത്തിലൂടെ മാത്രമേ ഉത്ഥാനത്തിന്റെ ഉയരങ്ങളിലേക്കു നമ്മൾ എത്തിപ്പെടുകയുള്ളൂ.

**രക്ഷാധികാരി**
മാർ റാഫേൽ തട്ടിൽ, മേജർ ആർച്ചുബിഷപ്പ്
**സഹ രക്ഷാധികാരി**
മാർ സെബാസ്റ്റ്യൻ വാണിയപുരയ്ക്കൽ, കൂരിയ ബിഷപ്പ്
**ചീഫ് എഡിറ്റർ**
ഫാ. എബ്രഹാം കാവിൽപുരയിടത്തിൽ
**മാനേജിങ് എഡിറ്റർ**
ഫാ. സെബി കൊളങ്ങര
**അസോസിയേറ്റ് എഡിറ്റേഴ്സ്**
ഫാ. ജോസഫ് തോലാനിക്കൽ, ഫാ.ജോസഫ് മറ്റത്തിൽ
**കൺസൾട്ടന്റ് എഡിറ്റർ**
വിനായക് നിർമ്മൽ
**എഡിറ്റോറിയൽ ബോർഡ്**
ഫാ. ജോജി കല്ലിങ്ങൽ
ഫാ. ആന്റണി വടക്കേകര VC
ഫാ. സിജു അഴകത്ത് MST
ഡോ. ചാക്കോ കാളംപറമ്പിൽ
ഡോ. കൊച്ചുറാണി ജോസഫ്
അഡ്വ. അജി ജോസഫ്
സി. ലിൻഡ മൈക്കിൾ MSMI
സി. സെലിൻ ജോർജ് MSMI
സി. ജിഷ ജോബ് MSMI

**Our benefactors**
K.A.Simon, Konikkara House, Kodakara
Jiju Vathikulam, Vathikulam House, Thevakal
M V Antony, Madathumpady House, Edappally
M.V. Sebastian, Madathumpady House, Edappally
Thomas Kurian, Bangalore

**ഡിസൈൻ:** എബ്രഹാം തോമസ് | **ഐ.ടി. സപ്പോർട്ട്:** ജോബ് ജോസഫ്
For Editorial queries: Email: syromalabarvision@gmail. com
മാനേജിങ് എഡിറ്റർ : 9447269363, Website: www.syromalabarvision.com

## നാമഹേതുകദിന മംഗളങ്ങൾ (മാർച്ച് 19)


ആർച്ചുബിഷപ് മാർ ജോസഫ് പെരുന്തോട്ടം


ആർച്ചുബിഷപ് മാർ ജോസഫ് പാംപ്ലാനി



ബിഷപ് മാർ ജോസഫ് പള്ളിക്കാപറമ്പിൽ


ബിഷപ് മാർ ജോസഫ് കുന്നത്ത്


ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട്


ബിഷപ് മാർ ജോസ് പൊരുന്നേടം


ബിഷപ് മാർ ജോസഫ് പണ്ടാരശ്ശേരി


ബിഷപ് മാർ ജോസഫ് അരുമച്ചാടത്ത്


ബിഷപ് മാർ ജോസ് ചിറ്റൂപ്പറമ്പിൽ


ബിഷപ് മാർ ജോസഫ് കൊല്ലംപറമ്പിൽ സി.എം.ഐ

മാർച്ച് 23


ബിഷപ് മാർ ജോസ് പുത്തൻവീട്ടിൽ


ബിഷപ് മാർ ജോസഫ് കൊടകല്ലിൽ


ബിഷപ് മാർ ജോസ് കല്ലുവേലിൽ


ബിഷപ് മാർ ജോസ് പുളിക്കൽ


ബിഷപ് മാർ ജോസഫ് സ്രാമ്പിക്കൽ


ബിഷപ് മാർ വിജയാനന്ദ് നെടുമ്പുറം

## ഓർമിക്കാനൊരു ദിനം

**മാർച്ച് 19** വിശുദ്ധ യൗസേപ്പിതാവിന്റെ മരണത്തിരുനാൾ
**മാർച്ച് 22** നാല്പതാം വെള്ളി
**മാർച്ച് 23** പ്രഥമ മേജർ ആർച്ചുബിഷപ്പ് കർദിനാൾ മാർ ആന്റണി പടിയറയുടെ ഓർമദിനം
**മാർച്ച് 24** ഓശാന ഞായർ
**മാർച്ച് 25** മാർ ആന്റണി ചിറയത്തിന്റെ മെത്രാഭിഷേകദിനം
**മാർച്ച് 27-30** ത്രികാലജപം (മിശിഹാ നമ്മെപ്രതി)
**മാർച്ച് 28** പെസഹാ വ്യാഴം
**മാർച്ച് 29** പീഡാനുഭവ വെള്ളി
**മാർച്ച് 30** വലിയ ശനി (ഇന്നുമുതൽ പന്തക്കുസ്താവരെ സ്വർല്ലോകരാജ്ഞി)
**മാർച്ച് 31** ഉയിർപ്പുതിരുനാൾ

# ആത്മാവു സന്നദ്ധമെങ്കിലും ശരീരം ബലഹീനം...

**ഒന്നാം പേജ് തുടർച്ച**

ദൈവാത്മാവു നിങ്ങളിൽ വസിക്കുന്നുവെന്നും അറിയുന്നില്ലേ?'' (1 കൊറി 3, 16). എന്റെ ശരീരവും മറ്റുള്ളവരുടെ ശരീരങ്ങളും ഭോഗിക്കാനുള്ള ജഡമല്ല, ദൈവം വസിക്കുന്ന ജീവനുള്ള ആലയങ്ങളാണ്.

പാപം ചെയ്ത മനുഷ്യന്റെ ദൈവികഛായയും സാദൃശ്യവും വീണ്ടെടുക്കാൻ ''വചനം മാംസമായി നമ്മുടെ ഇടയിൽ കൂടാരമടിച്ചു'' (യോഹ. 1, 14). മാംസത്തെപ്പോലെ കാണപ്പെടുകയല്ല, വചനം മാംസമാകുകയായിരുന്നു. മാംസമായ വചനം തന്റെ മാംസ രക്തങ്ങൾ കുരിശിൽ അർപ്പിച്ചാണ് പിതാവിൽനിന്നുള്ള പരിശുദ്ധാത്മാവിനെ നമുക്കു നല്കി നമ്മെ രക്ഷിച്ചത് (വി. ഇരണേവൂസ്, പഷണ്ഡതകൾക്കെതിരേ, 5.1.1.). കുരിശിനാൽ വീണ്ടെടുക്കപ്പെട്ട നമ്മുടെ ശരീരം നല്ലതാണ്. എന്നാൽ, ശരീരത്തെ ബലഹീനമാക്കുന്ന പാപത്തിന്റെ ചായ്ച്ചിലുകളെ ചെറുത്തു തോല്പിക്കാൻ ''യേശുവിനെ മരിച്ചവരിൽ നിന്ന് ഉയിർപ്പിച്ചവന്റെ ആത്മാവ്'' (റോമ 8,11) നമ്മെ ഉജ്ജ്വലിപ്പിക്കണം. ശരീരത്തിന്റെ പ്രവണതകളെ ആത്മാവിനാൽ നിഹനിക്കണം. ജഡികപ്രവണതകളാൽ മൃതമായ അവസ്ഥയിൽനിന്ന് ആത്മാവ് വസിക്കുന്ന ശരീരമായി ജീവിക്കുക എന്നതാണു നോമ്പുകാലത്തിന്റെ ലക്ഷ്യം.

ക്രിസ്തുവിനോട് ഐക്യപ്പെട്ട എന്റെ ശരീരം അവിടത്തെ മൗതികശരീരമായ സഭാകൂട്ടായ്മയിലേക്കു വളരേണ്ടിയിരിക്കുന്നു. ''...നാം മുറിക്കുന്ന അപ്പം ക്രിസ്തുവിൻെറ ശരീരത്തിലുള്ള ഭാഗഭാഗിത്വമല്ലേ? അപ്പം ഒന്നേയുള്ളൂ. അതിനാൽ, പലരായിരിക്കുന്ന നാം ഒരു ശരീരമാണ്. എന്തെന്നാൽ, ഒരേ അപ്പത്തിൽ നാം ഭാഗഭാക്കുകളാണ്'' (1 കൊറി 10, 16-17). ഈ ഐക്യപ്പെടലാകട്ടെ, ഗത്സമെനിലെ രക്തംചിന്തൽ തന്നെയാണ്; സഹനവും ശൂന്യവത്കരണവും കുരിശുമരണവുംവഴി ഉത്ഥാനവും ജീവനും നേടിത്തരുന്ന സ്നേഹവഴിയാണത്. ''ഈ ലോകത്തിൽ ജീവിക്കുന്നിടത്തോളം, നമ്മെ ഒന്നിപ്പിക്കുന്ന സ്നേഹം നമ്മുടെ പരസ്പരബന്ധംവഴിതന്നെ സഹനത്തെ ക്ഷണിച്ചുവരുത്തുന്നു. കാരണം, നമ്മെ ഒന്നിപ്പിക്കുന്ന ഈ സ്നേഹം തകർക്കപ്പെട്ട അസ്ഥികൾ പുനർയോജിപ്പിക്കുന്ന ശരീരമാണ്.'' (Ohomas Merton, New Seeds of Contemplation)

## ഏറ്റെടുക്കുന്ന സഹനങ്ങൾ ഉത്ഥാനത്തിലേക്കുള്ള വഴി


സഹനം അതിൽ തന്നെ അനുഗ്രഹമാകുന്നതെങ്ങനെ? വേദന, കഷ്ടപ്പാട്, നിരാശ, തളർച്ച തുടങ്ങിയവ എങ്ങിനെ നല്ലവയാകും? ദൈവഹിതത്തിനുള്ള സമർപ്പണമാകുമ്പോൾ സഹനം ഉത്ഥാനത്തിലേക്കു നയിക്കുമെന്ന് പെസഹാരഹസ്യങ്ങൾ നമ്മെ ഓർമിപ്പിക്കുന്നു. ഗത്സമെൻ പ്രാർഥനയെ പൊറ്റിയേഴ്സിലെ വി. ഹിലരി വ്യാഖ്യാനിക്കുന്നത് സഹനത്തിൽനിന്നുള്ള ഒളിച്ചോട്ടമായിട്ടല്ല, മനുഷ്യകുലത്തിനുവേണ്ടിയുള്ള സഹനങ്ങളുടെ ഏറ്റെടുക്കലായാണ്. 'സഹനങ്ങൾ കടന്നുപോകട്ടെ' (മർക്കോ. 14, 39) എന്ന യേശുവചനം മനുഷ്യപാപങ്ങൾ ഏറ്റെടുക്കുന്ന ദൈവപുത്രന്റെ നിലവിളിയാണ്. എന്നാൽ, സഹനം താനേറ്റെടുക്കാതെ കടന്നുപോയാൽ അത് വന്നുചേരുന്നത് കല്ലേറുദൂരത്തിൽ ഉറങ്ങുന്ന ബലഹീന ശിഷ്യസമൂഹത്തിലേക്കാണ്. അതിനാൽ, താൻ ഏറ്റെടുത്ത സഹനത്തിന്റെ കാസയാണ് അവനിൽ വിശ്വസിക്കുന്നവരിലേക്ക് കടന്നുപോകേണ്ടത്. താൻ കുടിച്ചതുപോലെ മരണഭയമില്ലാതെ, പൂർണമായും പിതാവിൽ ആശ്രയിച്ചു, സഹനത്തിന്റെ പാനപാത്രം കുടിക്കാൻ അവർക്ക് സാധിക്കട്ടെ എന്ന പ്രാർഥനയായാണ് വി. ഹിലരി ഗത്സമെൻ പ്രാർഥനയെ വ്യാഖ്യാനിക്കുന്നത്.

സഹനങ്ങൾ എന്നെ ബാധിക്കാതെ കടന്നുപോകണം എന്നാണു നാം ആഗ്രഹിക്കുന്നത്. 'ബോൾ പാസിംഗ്' കളിയിൽ കൈയിൽ വന്ന ബോൾ ഏറ്റവും വേഗം 'പാസ്' ചെയ്യാൻ ധൃതിവയ്ക്കുന്നതുപോലെ സഹനങ്ങളെ അപരിനിലേക്ക് എത്രയും വേഗം കൈമാറ്റം ചെയ്യാനുള്ള ധൃതിയുള്ളവരല്ലേ നാം? എന്റെ ജീവിതത്തിൽ വരുന്ന സഹനങ്ങളെ സ്വയം ഏറ്റെടുക്കുന്നതിനെക്കാൾ അവയുടെ കാരണക്കാരെ തേടിപ്പിടിച്ച് അവരിൽ കുറ്റമാരോപിക്കാനുള്ള പ്രവണതയുള്ളവരല്ലേ നാം? പരീക്ഷക്കു തോറ്റത് ടീച്ചർ ശരിയായി പഠിപ്പിക്കാത്തതുകൊണ്ട്; രോഗം വന്നത് വച്ചുവിളമ്പിയവരുടെ ദോഷം; വീണതു കുഴിയെടുത്തവൻ കാരണം.... സംഭവിച്ചവയുടെ ഉത്തരവാദിത്വം അപരിനിലേക്ക് കൈമാറാനാണ് നാം ആഗ്രഹിക്കുന്നത്. എന്നാൽ, യേശു ആരെയും ബലിയാടാക്കിയില്ല; മറിച്ച്, സഹനങ്ങളുടെ ഉത്തരവാദിത്വം കുരിശുമരണത്തിൽ അവൻ സ്വയം ഏറ്റെടുത്തു. ''നമ്മുടെ വേദനകളാണ് യഥാർഥത്തിൽ അവൻ വഹിച്ചത്. നമ്മുടെ ദുഃഖങ്ങളാണ് അവൻ ചുമന്നത്...'' (ഏശ. 53,4). കാൽവരിയിലെ കുരിശിൽ അവൻ ശിക്ഷിക്കപ്പെടുകയായിരുന്നില്ല; നാം രക്ഷിക്കപ്പെടുകയായിരുന്നു. ''നമ്മുടെ പാപങ്ങൾ സ്വന്തം ശരീരത്തിൽ വഹിച്ചുകൊണ്ട് അവൻ കുരിശിലേറി. അത്, നാം പാപത്തിനു മരിച്ചു നീതിക്കായി ജീവിക്കേണ്ടതിനാണ്. അവൻെറ മുറിവിനാൽ നിങ്ങൾ സൗഖ്യമുള്ളവരാക്കപ്പെട്ടിരിക്കുന്നു.'' (1 പത്രോ. 2, 24). അപ്രകാരം, ദൈവഹിതം നിറവേറ്റി ജീവിച്ചു പരാജയപ്പെടുന്നതു ദൈവതിരുമുമ്പിൽ ഉത്ഥാനവിജയം തന്നെയാണ്.

വലിയ ഇടയന്റെ ഹൃദയമൊഴി

# നോമ്പുകാലം ഒരു പവർബാങ്കുപോലെ

**മേജർ ആർച്ചുബിഷപ്പ് മാർ റാഫേൽ തട്ടിൽ**



നിക്കോദേമൂസിനോടു കർത്താവ് പറഞ്ഞ കാര്യം ഓരോ നോമ്പുകാലത്തും നാം ഓർമിക്കേണ്ടതുണ്ട്. നീ വീണ്ടും ജനിക്കണം എന്നായിരുന്നു കർത്താവു പറഞ്ഞത്. അപ്പോൾ. നിക്കോദേമൂസ് ചോദിച്ചത്, പ്രായമായ ഞാൻ വീണ്ടും അമ്മയുടെ ഉദരത്തിൽ കയറി രണ്ടാമത് ഗർഭം ധരിച്ചു പ്രസവിക്കാൻ സാധിക്കുമോ എന്നായിരുന്നു.

കർത്താവ് അതിന്റെ അർഥം വ്യാഖ്യാനിച്ചുകൊടുത്തത് ഇപ്രകാരമാണ്. 'നീ ജലത്താലും പരിശുദ്ധാത്മാവിനാലും വീണ്ടും ജനിക്കണം.' ജലം കഴുകലിന്റെ പ്രതീകമാണ്; ആത്മാവു നവീകരണത്തിന്റെയും ശാക്തീകരണത്തിന്റെയും. പാപത്തെക്കുറിച്ചോർത്തുള്ള കഴുകലിന്റെ കാലഘട്ടമാണു നോമ്പുകാലം. ജീവിതത്തിൽ തെറ്റായ വഴികളിലൂടെ സഞ്ചരിച്ചുപോയതിനെയോർത്തുള്ള അനുതപിക്കലിന്റെ കാലഘട്ടം. അതു പുതിയ ജീവിതശൈലിയിലേക്കു മാറാനുള്ള അവസരമാണ്.

പവർബാങ്കുകൾ നമുക്കു പരിചയമുണ്ട്. ചാർജ് നഷ്ടപ്പെടുമ്പോൾ വീണ്ടും ബാറ്ററി ചാർജു ചെയ്യാനുള്ള ഉപകരണമാണ് പവർബാങ്ക്. നോമ്പുകാലം ആത്മീയജീവിതത്തിന്റെ പവർബാങ്കാണ്. പലരീതിയിൽ പലവഴിക്കു ചാർജ് നഷ്ടമായ നമുക്കു വീണ്ടും ചാർജ്ചെയ്യാൻ കഴിയുന്ന പവർബാങ്കാണ് നോമ്പുകാലം.

മരുഭൂമിയിലേക്കു പോവുക എന്നതാണ് നോമ്പുകാലവുമായി ബന്ധപ്പെട്ട മറ്റൊരു ചിന്ത. മോശ നാല്പതു ദിനരാത്രങ്ങൾ മരുഭൂമി വാസം അനുഷ്ഠിച്ചു കർത്താവിനെ കണ്ടുമുട്ടി. തന്റെ നിയോഗം ദൈവം ആഗ്രഹിക്കുന്നതുപോലെ കണ്ടെത്താൻ ഇക്കാലയളവിൽ മോശയ്ക്ക് സാധിച്ചു. പത്തുകല്പനകളുമായി മോശ താഴോട്ടിറങ്ങുന്നതു വളരെ അർഥവത്താണ്.

പത്തുകല്പനകൾ ദൈവത്തിനു നമ്മെക്കുറിച്ചുള്ള വഴികളുടെ പ്രതീകമാണ്. നമ്മൾ സഞ്ചരിക്കേണ്ട മാർഗങ്ങൾ. കർത്താവിന്റെ വഴികളിലൂടെ ഞാൻ നടക്കുന്നുണ്ടോയെന്ന് അന്വേഷിച്ചറിയാനുള്ള അവസരമാണ് നോമ്പുകാലം. ഓരോരുത്തരും ആത്മശോധന നടത്തേണ്ടിയിരിക്കുന്നു. ദൈവത്തിന്റെ വഴി വിട്ടു നാം പോയിട്ടുണ്ടോ?



നോമ്പുകാലത്തിലെ വേറൊരു ചിന്ത നല്കുന്നത് സ്നാപകയോഹന്നാനാണ്. ലോകത്തിൽനിന്നുമാറി, വനാന്തരത്തിൽ, മരുഭൂമിയിൽ തപസു ചെയ്തതിനുശേഷം വന്ന സ്നാപകയോഹന്നാൻ ചെയ്തതു കർത്താവിനു വഴിയൊരുക്കുകയായിരുന്നു. കർത്താവിന്റെ വഴികളിലൂടെ നമുക്കു സഞ്ചരിക്കാൻ വേണ്ടിയുള്ള വഴിയൊരുക്കലായിരുന്നു സ്നാപകയോഹന്നാൻ നടത്തിയത്. നോമ്പുകാലത്ത് മലയിലേക്ക് കയറാൻ കർത്താവ് നമ്മെ ക്ഷണിക്കുന്നുണ്ട്. മലകൾ മറുരൂപപ്പെട്ട സ്ഥലങ്ങളാണ്. മലയിലാണ് മോശ കർത്താവിനെ കണ്ടുമുട്ടിയത്. മല ദൈവസാന്നിധ്യത്തിന്റെ അടയാളമാണ്. ലോകത്തിൽ നിന്നു ഉയർന്നുനില്ക്കുന്ന മല ദൈവത്തിലേക്കു മനുഷ്യൻ നടക്കേണ്ട ഉയർത്തപ്പെടലിന്റെ പ്രതീകമാണ്.

മലയിലേക്കു നോക്കിനടക്കുന്ന മനുഷ്യർ രൂപാന്തരീകരണത്തിനു വിധേയരാകുന്നു. കർത്താവിന്റെ മുഖച്ഛായയിലേക്ക് നമ്മൾ കുറെക്കൂടി അനുരൂപപ്പെടണം,സാദൃശ്യപ്പെടണം. അങ്ങനെ ആരാധനക്രമവത്സരത്തിലെ നോമ്പുകാലഘട്ടം വളരെ അർഥവത്തായ ആത്മനവീകരണത്തിന്റെ കാലഘട്ടമായി മാറുന്നു.

കർത്താവിന്റെ പ്രതിച്ഛായയിലേക്ക് നോക്കി കഴുകപ്പെടാനുള്ള അവസരമാണ് നോമ്പുകാലം. സർഗാത്മകമായ കഴുകൽ കർത്താവുമായുള്ള രൂപാന്തരീകരണമാണ്.. imitation of Christ എന്ന് നമ്മൾ പറയാറുണ്ട്. നോമ്പുകാലം കഴിയുമ്പോൾ നമുക്കു സംഭവിക്കുന്നത് അതാണ്. We become more in the face, in the pattern of Jesus Christ.

നമ്മുടെ സഭ കടന്നുപോകുന്ന ഒരുപാടു പ്രതിസന്ധികളുടെ നടുവിലാണ് ഇത്തവണത്തെ നോമ്പുകാലം നാം ആചരിക്കുന്നത്. പക്ഷേ പ്രതിസന്ധികളൊന്നും നിഷേധാത്മകമായി കാണരുത്. ദൈവത്തിന്റെ വഴികളിലൂടെ സഞ്ചരിക്കാൻ നമ്മെ വെട്ടിയൊരുക്കുന്ന, സന്നദ്ധമാക്കുന്ന, സജ്ജീകരിക്കുന്ന അവസരമായി ഇവയെയെല്ലാം കാണുക. കൂടുതൽ ആത്മീയ ഊർജം സംഭരിച്ച്, ആത്മീയ കരുത്തുനേടി ദൈവത്തോടു കൂടുതൽ അടുക്കാൻ, ദൈവത്തോടുകൂടി സഞ്ചരിക്കാൻ നമുക്ക് ഈ നോമ്പുകാലത്തു പരിശ്രമിക്കാം.

---

കൂരിയ ബിഷപ്പിന്റെ സന്ദേശം

# അമ്പതുനോമ്പിന്റെ ആധ്യാത്മികത

**ബിഷപ്പ് സെബാസ്റ്റ്യൻ വാണിയപ്പുരയ്ക്കൽ**



പൗരസ്ത്യസുറിയാനി പാരമ്പര്യം പുലർത്തുന്ന സീറോമലബാർസഭയുടെ ആധ്യാത്മികതയിൽ നോമ്പിനും ഉപവാസത്തിനും വലിയ പ്രാധാന്യമാണ് നല്കിവരുന്നത്. ഇക്കാര്യത്തിൽ ആദിമസഭയുടെ ചൈതന്യം നിലനിർത്താൻ ഈ സഭ ശ്രദ്ധിച്ചുവരുന്നു. ആണ്ടു വട്ടത്തിലെ പകുതിയിലധികം ദിനങ്ങളും നോമ്പാചരിച്ചിരുന്ന മാർതോമാനസ്രാണികൾക്കു 'നോമ്പിന്റെ മക്കൾ' എന്ന വിശേഷണമാണു പതിനാറാം നൂറ്റാണ്ടിൽ കേരളത്തിൽ വന്ന യൂറോപ്യൻ മിഷനറിമാർ നല്കിയിരുന്നത്.

ഈസ്റ്ററിനു ഒരുക്കമായ 50 നോമ്പ്, പിറവിതിരുന്നാളിന് ഒരുക്കമായ 25 നോമ്പ്, മാതാവിന്റെ സ്വർഗാരോപണത്തിരുനാളിന് ഒരുക്കമായ 15 നോമ്പ്, മാതാവിന്റെ ജനന തിരുനാളിന് ഒരുക്കമായ എട്ടു നോമ്പ്, 50 നോമ്പിനു 18 ദിവസം മുമ്പുള്ള മൂന്നു നോമ്പ്, ഈശോയുടെ പീഡാനുഭവവും മരണവും അനുസ്മരിച്ചുകൊണ്ടുള്ള വെള്ളിയാഴ്ച നോമ്പ്, പരിശുദ്ധ അമ്മയോടുള്ള വണക്കപ്രകാരം ബുധനാഴ്ച നോമ്പ് എന്നിവയെല്ലാം 'നോമ്പിന്റെ മക്കൾ' എന്ന വിശേഷണത്തിനു മാർതോമാനസ്രാണികളെ ന്യായമായും അർഹരാക്കുന്നു.

'സൗമാ റമ്പാ' എന്ന സുറിയാനി ഭാഷയിൽ വിളിക്കപ്പെടുന്ന 50 നോമ്പ് അഥവാ വലിയ നോമ്പിന്റെ ആചരണത്തിലാണല്ലോ നാമിപ്പോൾ. ഈശോ തന്റെ പരസ്യ ജീവിതത്തിനു ഒരുക്കമായി 40 ദിനരാത്രങ്ങൾ ഉപവസിച്ചു പ്രാർഥിച്ചതിന്റെയും അവിടന്നു പീഡകൾ സഹിച്ചു മരിച്ചതിന്റെയും സ്മരണകളാണ് വലിയ നോമ്പിലെ പ്രധാന ധ്യാനവിഷയം.



കർത്താവിന്റെ ഉയിർപ്പിനെ അനുസ്മരിക്കുന്ന ഞായറാഴ്ച ഉപവാസദിനമായി പരിഗണിക്കപ്പെടാറില്ല. എങ്കിലും ഞായറാഴ്ചകളെക്കൂടി ഉൾപ്പെടുത്തി നോമ്പു നോക്കുന്ന ഒരു പാരമ്പര്യമാണ് സീറോമലബാർസഭയിലുള്ളത്.

ഞായറാഴ്ചയെയും പെസഹാത്രിദിനങ്ങളെയും ഒഴിവാക്കിയാണ് നോമ്പിലെ 40 ദിവസങ്ങൾ കണക്കാക്കാറുള്ളത്. നോമ്പാരംഭദിനമായ തിങ്കൾ മുതൽ ഓശാന ഞായറിനു തലേന്നുള്ള ശനിയാഴ്ച വരെ 36 (6x6) ദിനങ്ങളും ഓശാന ഞായറിനുശേഷമുള്ള, അതായത് വലിയ ആഴ്ചയിലെ തിങ്കൾ, ചൊവ്വ, ബുധൻ, പെസഹാ വ്യാഴം എന്നീ നാലുദിനങ്ങളും ചേർത്താണ് 40 ദിനങ്ങൾ കണക്കുകൂട്ടുന്നത്.

നോമ്പിന്റെ ഒന്നാം ഞായർ അഥവാ പേത്തൂർത്ത ഞായർ തുടങ്ങി ഉയിർപ്പു ഞായർ ഉൾപ്പെടെ എട്ടു ഞായറാഴ്ചകളും പീഡാനുഭവവെള്ളിയും വലിയ ശനിയും കൂട്ടുമ്പോൾ പത്തു ദിവസങ്ങൾ കൂടിയാകും. അങ്ങനെ നോമ്പിന്റെ ദിനങ്ങൾ ആകെ '50' ആകുന്നു.

പീഡാനുഭവവെള്ളി, വലിയ ശനി, ഉയിർപ്പുഞായർ എന്നീ ദിവസങ്ങൾ, പെസഹായുടെ ത്രിദിനങ്ങൾ (Paschal Triduum) എന്നാണ് വിളിക്കപ്പെടുന്നത്. പെസഹാ വ്യാഴാഴ്ച വൈകുന്നേരമുള്ള റംശാ പ്രാർഥനയോടെയുള്ള തിരുവത്താഴ ശുശ്രൂഷയാണ് പെസഹായുടെ ത്രിദിനാചരണത്തിന്റെ തുടക്കം. തുടർന്നു നമ്മുടെ കർത്താവിന്റെ പീഡാനുഭവം, മരണം, സംസ്കാരം എന്നിവയാചരിച്ച് വലിയ ശനിയാഴ്ചത്തെ ജാഗരണ ശുശ്രൂഷയിലെ ഉയിർപ്പുതിരുനാൾ കർമങ്ങളോടും വിശുദ്ധ കുർബാനയുടെ ആഘോഷത്തോടുകൂടി പെസഹായുടെ ത്രിദിനാചരണം സമാപിക്കുന്നു.

നോമ്പാചരണത്തിൽ വലിയ നിഷ്ഠ വെച്ച് ആധ്യാത്മികജീവിതം നയിച്ചിരുന്ന പൗരസ്ത്യ സുറിയാനി പാരമ്പര്യത്തിന്റെ പിന്തുടർച്ചക്കാരാണ് ഇന്നുള്ള മാർതോമാനസ്രാണിസഭയിലെ മക്കളായ നാം എന്നു നമുക്ക് ഓർത്തിരിക്കാം.

ചെറുതും വലുതുമായ നോമ്പുകളുടെ ആചരണത്തിൽ നിഷ്ഠ പുലർത്തി ആധ്യാത്മിക ജീവിതം പുഷ്ടിപ്പെടുത്താൻ നമുക്കു പരിശ്രമിക്കാം. ഈ വിധത്തിൽ സഭയുടെ ആധ്യാത്മികത ജീവിക്കുന്നവരായിത്തീരാൻ നമുക്ക് സാധിക്കട്ടെ.

പരിശുദ്ധ കുർബാനയിലെ നോമ്പുകാല പ്രാർഥനകളിൽ അതിമനോഹരമായ ഉള്ളടക്കമുള്ള ദിവ്യരഹസ്യഗീതത്തിലെ ചിന്തകൾ നമുക്കു ധ്യാനവിഷയമാക്കാം.

''നമ്മുടെ മനസ്സിലെ എല്ലാ വിചാരങ്ങളും നമുക്കു ശുദ്ധീകരിക്കാം. നമ്മുടെ പാപങ്ങളുടെ മാലിന്യങ്ങളെല്ലാം അനുതാപത്തിന്റെ കണ്ണുനീരാൽ വെടിപ്പാക്കുകയും ശുദ്ധീകരിക്കുകയും ചെയ്യാം. വിനയമുള്ള ആത്മാവും പശ്ചാത്തപിക്കുന്ന മനസുമുള്ളവരായിതീരുകയും പരിഹാരകൃത്യങ്ങളോടു ചേർത്തു നമ്മെത്തന്നെ കറയില്ലാത്തതും സ്വീകാര്യവുമായ ബലിവസ്തുവായി മിശിഹായ്ക്കു സമർപ്പിക്കുകയും ചെയ്യാം. ഭീതിജനകമായ വിധിയുടെ സിംഹാസനം ഒരുക്കപ്പെടുമ്പോൾ നമ്മുടെ ആത്മാക്കളുടെമേൽ കരുണ ചൊരിയാനായി നമുക്ക് അവനോട് അപേക്ഷിക്കാം.''

വർത്തമാനം

ഫാ. ജയിംസ് കൊക്കാവയലിൽ

# ഇന്ത്യൻ ജനാധിപത്യത്തിലെ ക്രൈസ്തവ ഭാഗധേയത്വം

**● കേരളത്തിൽ നിന്നു ക്രൈസ്തവരായ ദേശീയ നേതാക്കൾ ആരും തന്നെ ഇപ്പോഴില്ല. സംസ്ഥാന തലത്തിൽ പഴയ തലമുറയിലെ ഏതാനും നേതാക്കൾ ഉണ്ടെന്നതു വസ്തുതയാണ്. എന്നാൽ പുതിയ നേതാക്കൾ ക്രൈസ്തവരിൽനിന്നും ഉയിർന്നുവരുന്നില്ല.**

ഒരു ലോകസഭാ തെരഞ്ഞെടുപ്പിന്റെ പടിവാതിൽക്കൽ എത്തിനില്ക്കുമ്പോൾ ഇന്ത്യൻ ജനാധിപത്യത്തിലുള്ള ഇന്നത്തെ ക്രൈസ്തവ ഭാഗധേയത്വം ചിന്തനീയമായ വിഷയം തന്നെയാണ്.

ദേശീയ ജനസംഖ്യയുടെ 2.3% മാത്രം വരുന്ന ക്രൈസ്തവർ ഇന്ത്യയുടെ ജനാധിപത്യ ചരിത്രത്തിൽ ശ്രദ്ധേയമായ ഭാഗഭാഗിത്വമാണ് വഹിച്ചിട്ടുള്ളത്. എന്നാൽ ഇന്ന് അത് എവിടെ എത്തിനില്ക്കുന്നു?

ജനാധിപത്യ പ്രക്രിയയിൽ പ്രധാനമായും രണ്ടു തരത്തിലാണ് ഭാഗഭാഗിത്വമുള്ളത്.

## 1. രാഷ്ട്രീയ നേതൃനിരയുടെ രൂപീകരണം

ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ സ്ഥാപകനായ എ.ഒ. ഹ്യൂം മുതൽ ദേശീയ പ്രസ്ഥാനത്തിനു ശക്തമായ നേതൃത്വം നല്കിയ കാളിചരൺ ബാനർജി, കൃഷ്ണമോഹൻ ബാനർജി, അമൃത് കൗർ, ഹരേന്ദ്ര കോമർ മുഖർജി, അക്കമ്മ ചെറിയാൻ, ആനി മസ്ക്രിൻ, റോസമ്മ പുന്നൂസ്, ബാരിസ്റ്റർ ജോർജ് ജോസഫ്, ടൈറ്റസ് തേവർതുണ്ടിയിൽ തുടങ്ങിയ ക്രൈസ്തവരുടെ നീണ്ട നിരതന്നെ നമുക്കു ചരിത്രത്തിൽ കാണാം. ഭരണഘടനാ ശില്പിയായ ഫാ. ജറോം ഡിസൂസ, നെഹ്റുവിനോടു കൈകോർത്തു സ്വതന്ത്ര ഇന്ത്യയെ പടുത്തുയർത്തിയ ധനമന്ത്രി ജോൺ മത്തായി എന്നിവരും തുടർന്ന് ധാരാളം ദേശീയ നേതാക്കളും സംസ്ഥാന നേതാക്കളും ക്രൈസ്തവരുടെ ഇടയിൽ നിന്ന് ഉയർന്നു വന്നിട്ടുണ്ട്.

എന്നാൽ ഇന്നു നമ്മുടെ അവസ്ഥ വളരെ പരിതാപകരമാണ്. പ്രാദേശിക പ്രത്യേകതകളുള്ള വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലെ സാന്നിധ്യം ഒഴിച്ചുനിർത്തിയാൽ, നമുക്ക് ദേശീയതലത്തിൽ ചൂണ്ടിക്കാണിക്കാൻ ജോൺ ബർള എന്ന കേന്ദ്ര സഹമന്ത്രിയും ജഗൻ മോഹൻ റെഡ്ഡി എന്ന മുഖ്യമന്ത്രിയും മാത്രമാണ് ഉള്ളത്. കേരളത്തിൽനിന്നു ക്രൈസ്തവരായ ദേശീയ നേതാക്കൾ ആരുംതന്നെ ഇപ്പോഴില്ല. സംസ്ഥാന തലത്തിൽ പഴയ തലമുറയിലെ ഏതാനും നേതാക്കൾ ഉണ്ടെന്നത് വസ്തുതയാണ്. എന്നാൽ പുതിയ നേതാക്കൾ ക്രൈസ്തവരിൽ നിന്നും ഉയർന്നുവരുന്നില്ല. നിലവിലുള്ള ചില ക്രിസ്ത്യൻ നാമധാരികളായ രാഷ്ട്രീയനേതാക്കൾക്കു ക്രൈസ്തവ സമൂഹത്തിന്റെ ന്യായമായ ആവശ്യങ്ങളോട് എത്രമാത്രം പ്രതിബദ്ധതയുണ്ട് എന്നതു മറ്റൊരു ചോദ്യമാണ്. അവർ ഭരണ-പ്രതിപക്ഷ ഭേദമന്യേ ക്രിസ്ത്യൻ വിഷയങ്ങൾ ഏറ്റെടുക്കാൻ ഭയപ്പെട്ടു നില്ക്കുകയാണ്. ഉദാഹരണത്തിന് ജെ. ബി. കോശി കമ്മീഷൻ റിപ്പോർട്ടു പുറത്തുവിടണമെന്നു ശക്തമായി ആവശ്യപ്പെടുന്ന ഏതെങ്കിലുമൊരു ക്രിസ്ത്യൻ നേതാവ് കേരളത്തിലുണ്ടോ?

## 2. സമ്മതിദാനാവകാശത്തിന്റെ വിനിയോഗം

സമ്മതിദാനാവകാശത്തിനുവേണ്ടി പ്രക്ഷോഭങ്ങൾ നടത്തിയ ചരിത്രമാണ് കേരള ക്രൈസ്തവർക്കുള്ളത്. ശ്രീമൂലം പ്രജാസഭയിലേയ്ക്കുള്ള വോട്ടവകാശത്തിനും പ്രാതിനിധ്യത്തിനുംവേണ്ടി എൻ. വി. ജോസഫ്, ടി.എം. വർഗീസ് തുടങ്ങിയവരുടെ നേതൃത്വത്തിൽ ക്രൈസ്തവർ, ഈഴവർ, മുസ്ലിങ്ങൾ എന്നിവർ നടത്തിയ പ്രക്ഷോഭമാണ് നിവർത്തന പ്രക്ഷോഭം എന്നറിയപ്പെടുന്നത്. എന്നാൽ 2011ലെ സെൻസസ് പ്രകാരം 18.38% ജനസംഖ്യാനുപാതമുള്ള കേരളത്തിലെ ക്രൈസ്തവരിൽ എത്രപേർ ഇന്നു തങ്ങളുടെ വോട്ടവകാശം ശരിയായി വിനിയോഗിക്കുന്നുണ്ട്? ക്രൈസ്തവ മേഖലകളിൽ പോളിങ് ശതമാനം മറ്റു മേഖലകളെക്കാൾ കുറവായിരിക്കും എന്നത് കാലങ്ങളായുള്ള പ്രവണതയാണ്. നഗര പ്രദേശങ്ങളിൽ ഈ അവസ്ഥ ഗ്രാമങ്ങളിലേതിനെക്കാൾ ദയനീയമാണ്.

അറുപതു ശതമാനത്തിനുമുകളിൽ ക്രിസ്ത്യൻ ജനസംഖ്യയുള്ള പുതുപ്പള്ളി നിയോജക മണ്ഡലത്തിൽ കഴിഞ്ഞ ഉപതെരഞ്ഞെടുപ്പിനോട് അനുബന്ധിച്ച് മലയാള മനോരമ നടത്തിയ റിപ്പോർട്ടിങ് ഇപ്രകാരമാണ്. ''അന്തിമ വോട്ടർപട്ടിക പുറത്തിറക്കിയപ്പോൾ മണ്ഡലത്തിൽ ഏഴായിരത്തിലേറെ യുവ വോട്ടർമാരാണ് ഇല്ലാതായത്. വിദേശത്തും ഇതരസംസ്ഥാനങ്ങളിലും പഠന-തൊഴിൽ ആവശ്യങ്ങൾക്കായി പോയതോടെയാണു ഇവരെ ഒഴിവാക്കിയത്. ഇക്കുറി 39 പുതിയ വോട്ടർമാർ മാത്രമാണു മണ്ഡലത്തിലുള്ളത്'' (22 ആഗസ്റ്റ് 2023). ഇതുതന്നെയാണ് മിക്ക ക്രൈസ്തവ ഭൂരിപക്ഷ മണ്ഡലങ്ങളിലെയും അവസ്ഥ.

കൂടാതെ നാട്ടിലുള്ളവരിൽ പലരും വോട്ടു ചെയ്യാൻ വിമുഖതയുള്ളവരാണ്. ചിലരെങ്കിലും അരാഷ്ട്രീയ ചിന്താഗതിക്കാരാണ്; ജനാധിപത്യ പ്രക്രിയകളോട് നിഷേധാത്മക മനോഭാവം പുലർത്തുന്നവരും കുറ്റങ്ങളും കുറവുകളും മാത്രം കണ്ടെത്തുന്നവരുമാണ്. ഇതൊന്നും തങ്ങളുടെ ജീവിതത്തെ ബാധിക്കുന്നതല്ല എന്നു കരുതി നിസംഗത പുലർത്തുന്ന ഗണ്യമായ ഒരു സമ്പന്നവിഭാഗവുമുണ്ട്. വോട്ടർപട്ടികയിൽ പേരുചേർക്കാൻ മെനക്കെടാത്തവരാണ് ക്രൈസ്തവ യുവജനങ്ങളിൽ പലരും. ഈ നിഷേധാത്മക മനോഭാവവും നിസംഗതയും ക്രൈസ്തവരുടെ രാഷ്ട്രീയ ഭാഗധേയത്വം ഗണ്യമായി കുറയാൻ ഇടയാകുന്നു.

## പരിഹാരനിർദേശങ്ങൾ

തെരഞ്ഞെടുപ്പു പ്രക്രിയയിൽ ക്രൈസ്തവരുടെ ഭാഗധേയത്വം ഉണ്ടായിരിക്കുകയെന്നത് ഈ ജനാധിപത്യ രാഷ്ട്രത്തിൽ നമ്മുടെ നിലനില്പ്പിന്റെ പ്രശ്നമാണ്. ഇതു വർധിപ്പിക്കുന്നതിനു ഉചിതമായ മാർഗങ്ങൾ നമ്മൾ കണ്ടെത്തേണ്ടതുണ്ട്.

രൂപതകളിലും വലിയ ഫൊറോനകളിലും പൊളിറ്റിക്കൽ അക്കാദമികൾ തുടങ്ങുക, അടുത്ത പഞ്ചായത്തു തെരഞ്ഞെടുപ്പു മുന്നിൽക്കണ്ടു സമുദായാംഗങ്ങൾക്കു പ്രത്യേകിച്ച് സ്ത്രീകൾക്കു നേതൃത്വപരിശീലനം, പ്രസംഗ പരിശീലനം, നിയമ - ഭരണഘടനാവബോധം തുടങ്ങിയവ പകർന്നുനല്കുക, മത്സരരംഗത്തേയ്ക്കിറങ്ങാൻ ധാരാളംപേരെ പ്രചോദിപ്പിക്കുക, വോട്ടേഴ്സ് ലിസ്റ്റിൽ പേരുചേർക്കുക, ക്യാമ്പയിനുകൾ നടത്തുക, കുടംബകൂട്ടായ്മകളിലും മറ്റും രാഷ്ട്രീയ അവബോധം നല്കുക, ഗ്രാമസഭകളിൽ തുടർച്ചയായി പങ്കെടുക്കുക തുടങ്ങിയ കാര്യങ്ങൾ കുറച്ചൊക്കെ ഫലവത്തായ പരിഹാരമാർഗങ്ങളാണ്. അല്മായർ മുതൽ സഭാധികാരികൾവരെയുള്ളവർക്കു നിയമമേഖല, വിവിധ അവകാശങ്ങൾ, ഭരണനിർവഹണ നടപടിക്രമങ്ങൾ, പൊതു രാഷ്ട്രീയ മേഖലയിലുള്ള സംഭവവികാസങ്ങൾ എന്നിവ സംബന്ധിച്ച് കൃത്യമായ പഠനങ്ങൾ ഉണ്ടായിരിക്കുക ഏറ്റവും പ്രധാനപ്പെട്ടതാണ്. ഈ മേഖലയിൽ ബോധപൂർവമുള്ള ഇടപെടലുകളുണ്ടാകണം.

ഇന്ത്യയുടെ ജനാധിപത്യവും മതേതരത്വവും സംരക്ഷിക്കാൻ ക്രൈസ്തവർക്ക് ഉത്തരവാദിത്തവും കടമയുമുണ്ടെന്നുമാത്രമല്ല അതു നമ്മുടെ ആവശ്യകതകൂടിയാണ്. വർഗീയതയും തീവ്രവാദവും ശക്തമാകുന്ന ഈ കാലഘട്ടത്തിൽ, ജനാധിപത്യം ഏകാധിപത്യത്തിനു വഴിമാറുമോയെന്ന് ആശങ്കപ്പെടുന്ന ഈ അവസരത്തിൽ രാഷ്ട്രീയത്തിൽ ക്രിയാത്മകമായ ഇടപെടൽ നടത്താനും പൊതുസമൂഹത്തിനു ശരിയായ ദിശാബോധം നല്കുവാനുമുള്ള ക്രിസ്തീയദൗത്യം നമുക്കു മറക്കാതിരിക്കാം.

അല്പം പുളിമാവു പിണ്ഡം മുഴുവനെയും പുളിപ്പിക്കുന്നുവല്ലോ.



**ഇന്ത്യയുടെ ജനാധിപത്യവും മതേതരത്വവും സംരക്ഷിക്കാൻ ക്രൈസ്തവർക്ക് ഉത്തരവാദിത്തവും കടമയുമുണ്ടെന്നുമാത്രമല്ല അതു നമ്മുടെ ആവശ്യകത കൂടിയാണ്. വർഗീയതയും തീവ്രവാദവും ശക്തമാകുന്ന ഈ കാലഘട്ടത്തിൽ, ജനാധിപത്യം ഏകാധിപത്യത്തിനു വഴിമാറുമോയെന്ന് ആശങ്കപ്പെടുന്ന ഈ അവസരത്തിൽ രാഷ്ട്രീയത്തിൽ ക്രിയാത്മകമായ ഇടപെടൽ നടത്താനും പൊതുസമൂഹത്തിന് ശരിയായ ദിശാബോധം നൽകാനുമുള്ള ക്രിസ്തീയ ദൗത്യം നമുക്കു മറക്കാതിരിക്കാം.**

CANON LAW

റവ.ഡോ ജോസഫ് മറ്റത്തിൽ

# ഉപവാസവും മാംസവർജനവും

● ഉപവാസത്തിനും മാംസവർജനത്തിനുമുള്ള കടമ സീറോമലബാർ സഭാംഗങ്ങൾ നിറവേറ്റേണ്ടത് എപ്രകാരമാണെന്നു സീറോമലബാർസഭയുടെ പ്രത്യേക നിയമത്തിൽ നിഷ്കർഷിച്ചിട്ടുണ്ട്

***പൗരസ്ത്യ നിയമസംഹിതയിൽ മാംസവർജനവും ഉപവാസവും പാലിക്കാൻ എന്തെങ്കിലും പ്രായപരിധി നിശ്ചയിച്ചിട്ടുണ്ടോ? സീറോമലബാർസഭയിൽ ഉപവാസത്തെയും മാംസവർജനത്തെയുംകുറിച്ച് എന്തെങ്കിലും പ്രത്യേക നിയമങ്ങളുണ്ടോ?***

നോമ്പുകാലം ഓരോ ക്രൈസ്തവവിശ്വാസിയെയും സംബന്ധിച്ചിടത്തോളം അനുതാപത്തിന്റെയും പാപവിമോചനത്തിന്റെയും കാലഘട്ടമാണ്. നോമ്പിന്റെ അഭിഭാജ്യഘടകങ്ങളാണ് മാംസവർജനവും ഉപവാസവും. വിഭൂതിമുതൽ ദുഃഖശനി വരെ കർക്കശമായ നോമ്പാചരണരീതികൾ പൗരസ്ത്യസഭകളിൽ അനുഷ്ഠിക്കാറുണ്ട്. മത്സ്യം, മാംസം, മുട്ട, പാൽ, പാലുല്പന്നങ്ങൾ എന്നിവ വർജിച്ചുകൊണ്ടു നോമ്പിന്റെ ചൈതന്യം പുലർത്താൻ നമ്മുടെ പൂർവികർ ശ്രദ്ധിച്ചിരുന്നു. പൗരസ്ത്യകാനൻനിയമസംഹിതയിൽ മാംസവർജനവും ഉപവാസവും പാലിക്കാൻ പ്രത്യേക പ്രായപരിധി നിശ്ചയിച്ചിട്ടില്ല.

പൗരസ്ത്യകത്തോലിക്കാസഭകൾക്കു പൊതുവായിട്ടുള്ള നിയമസംഹിതയിലെ കാനൻ 1490 പ്രകാരം ഏഴു വയസ്സു പൂർത്തിയായിട്ടുള്ള എല്ലാവരും സഭാനിയമങ്ങൾ പാലിക്കാൻ കടപ്പെട്ടവരാണ്. ഇതനുസരിച്ച് ഏഴു വയസ്സു പൂർത്തിയായിട്ടുള്ള എല്ലാവരും ഉപവാസത്തെയും പ്രായശ്ചിത്തത്തെയും സംബന്ധിച്ചുള്ള എല്ലാ നിയമങ്ങളും പാലിക്കാൻ കടപ്പെട്ടവരാണ്. കൂടാതെ തങ്ങൾ അംഗങ്ങളായുള്ള സ്വയാധികാരസഭയുടെ പ്രത്യേക നിയമം (Particular Law) നിഷ്കർഷിക്കുന്ന ദിവസങ്ങളിൽ ഉപവാസവും മാംസവർജനവും അനുഷ്ഠിക്കാൻ കടപ്പെട്ടവരാണ്. മാംസവർജനത്തെക്കുറിച്ച് ലത്തീൻസഭയുടെ നിയമസംഹിതയിൽ പറഞ്ഞിരിക്കുന്ന കുറഞ്ഞ പ്രായം 14 വയസ്സാണ്. എന്നാൽ, ഉപവാസത്തെ സംബന്ധിച്ചിട്ടുള്ള കുറഞ്ഞ പ്രായപരിധി 18 വയസ്സും ഉയർന്ന പ്രായപരിധി 60 വയസ്സുമാണ് (CIC c. 1252). എന്നാൽ, പൗരസ്ത്യസഭകളിലെ അംഗങ്ങൾക്ക് ഇത് ബാധകമല്ല. പൗരസ്ത്യസഭകളിലെ അംഗങ്ങൾക്കു തങ്ങളുടെ സഭയുടെ പ്രത്യേകനിയമത്തിൽ ഉപവാസത്തെയും മാംസവർജനത്തെയും സംബന്ധിച്ചുള്ള നിയമങ്ങൾ പാലിക്കാൻ കടപ്പെട്ടവരാണ് (CCEO c. 882). ഉപവാസത്തിനും മാംസവർജനത്തിനുമുള്ള കടമ സീറോമലബാർ സഭാംഗങ്ങൾ നിറവേറ്റേണ്ടത് എപ്രകാരമാണെന്നു സീറോമലബാർസഭയുടെ പ്രത്യേക നിയമത്തിൽ നിഷ്കർഷിച്ചിട്ടുണ്ട്:



1. ഉപവാസത്തിന്റെ ദിവസങ്ങളിൽ ഒരു മുഴുവൻ ഭക്ഷണമാണ് കഴിക്കേണ്ടത് (Article 196 §1). മാംസവർജനം പാലിക്കേണ്ടതു മാംസവും മാംസഉല്പ്പന്നങ്ങളും ഉപേക്ഷിച്ചുകൊണ്ടാണ് (Art. 196 §2).

2. സീറോമലബാർസഭയിൽ വലിയ നോമ്പിന്റെ ആദ്യ ദിവസവും (വിഭൂതി) ദുഃഖവെള്ളിയാഴ്ചയുമാണ് ഉപവാസം നിർബന്ധമായും അനുഷ്ഠിക്കാനായി നിർദേശിക്കപ്പെട്ടിരിക്കുന്ന ദിവസങ്ങൾ. കൂടാതെ നോമ്പിലെ എല്ലാ വെള്ളിയാഴ്ചകളിലും ഉപവാസമനുഷ്ഠിക്കാൻ ശുപാർശയുണ്ട് (recommended) (Art. 197).

3. എല്ലാ വെള്ളിയാഴ്ചകളിലും മാംസവർജനം നടത്താൻ കടമയുണ്ട്. എന്നാൽ നമ്മുടെ കർത്താവിന്റെ പിറവിത്തിരുന്നാളിന്റെയും ദനഹാതിരുന്നാളിന്റെയും ഇടയിൽ വരുന്ന വെള്ളിയാഴ്ചകളിലും നമ്മുടെ കർത്താവിന്റെ ഉയിർപ്പുതിരുന്നാൾ കഴിഞ്ഞുവരുന്ന വെള്ളിയാഴ്ചയും മാംസം വർജിക്കാൻ കടമയില്ല (Art. 198 §1).

4. നോമ്പിലെ (അമ്പതു നോമ്പ്, ഇരുപത്തഞ്ചു നോമ്പ്, പതിനഞ്ചു നോമ്പ്, എട്ടുനോമ്പ്, മൂന്നു നോമ്പ്) എല്ലാദിവസവും മാംസവർജനം നടത്താൻ സീറോമലബാർസഭയുടെ പ്രത്യേക നിയമത്തിൽ ശിപാർശയുണ്ട്.

എന്നാൽ ചില പ്രത്യേക സന്ദർഭങ്ങളിൽ (ഉദാ. ഇടവകതിരുനാൾകടമുള്ള ദിവസം വരുന്ന സാഹചര്യത്തിൽ) ഞായറാഴ്ചകളിലും കടമുള്ള ദിവസങ്ങളിലും ഉപവാസത്തിനും മാംസവർജനത്തിനും പരസ്ത്യസഭയുടെ പൊതുനിയമപ്രകാരം രൂപതാമെത്രാന് ഒഴിവു (dispensation) കൊടുക്കാവുന്നതാണ് (CCEO c. 1538 §1).

## സ്നേഹസ്മരണയ്ക്ക്



**കർദിനാൾ മാർ ആന്റണി പടിയറ**

സീറോമലബാർസഭയുടെ പ്രഥമ മേജർ ആർച്ചുബിഷപ് (1992-1996)

ജനനം: 1921 ഫെബ്രുവരി 11  മരണം: 2000 മാർച്ച് 23

# ജറുസലേമിലെ സിറിൾ (387)

വഴികാട്ടികൾ

മെത്രാനെന്നനിലയിൽ സ്നാനാർഥികൾക്കും പ്രവേശനകൂദാശകൾ സ്വീകരിച്ചവർക്കുമായി അദ്ദേഹം നല്കിയ 24 പ്രഭാഷണങ്ങൾ ദൈവശാസ്ത്രപരമായി വളരെ പ്രാധാന്യമർഹിക്കുന്നവയാണ്.

**റവ. ഡോ. തോമസ് കുഴുപ്പിൽ**

ആരിയനിസത്തിന്റെ പശ്ചാത്തലത്തിൽ സമ്മേളിച്ച ഒന്നാം കോൺസ്റ്റാന്റിനോപ്പിൾ സൂനഹദോസിൽ (എഡി 381) നിർണായകമായ പങ്കുവഹിച്ച പിതാക്കന്മാരിലൊരാളാണ് ജറുസെലമിലെ മെത്രാനായിരുന്ന സിറിൾ. ദൈവശാസ്ത്രത്തിന്റെ വളർച്ചയുടെ ഒരു കാലഘട്ടത്തിൽ ജീവിച്ചവരിലൊരാളായിരുന്നു അദ്ദേഹം. വിജാതീയ ചിന്തകൾ, സബല്ലിയനിസം (sabellianism), ആരിയനിസം, മാനിക്കേയിസം, യഹൂദവാദം എന്നിവ പ്രചരിച്ചിരുന്ന അക്കാലത്ത് ഫലപ്രദമായ രീതിയിൽ അജപാലനശുശ്രൂഷ നിർവഹിക്കാൻ ജെറുസലേമിലെ സിറിളിനു സാധിച്ചു. മെത്രാനെന്നനിലയിൽ സ്നാനാർഥികൾക്കും പ്രവേശനകൂദാശകൾ സ്വീകരിച്ചവർക്കുമായി അദ്ദേഹം നല്കിയ 24 പ്രഭാഷണങ്ങൾ ദൈവശാസ്ത്രപരമായി വളരെ പ്രാധാന്യമർഹിക്കുന്നവയാണ്. ത്രിത്വവിശ്വാസം, സഭയുടെ കൗദാശിക സ്വഭാവം എന്നിവ അദ്ദേഹം സ്പഷ്ടമായി പഠിപ്പിച്ചു.

പാഷണ്ഡതകൾക്കെതിരെയുള്ള പോരാട്ടത്തിൽ മൂന്നു പ്രാവശ്യം നാടുകടത്തപ്പെട്ടതിന്റെ ഫലമായി ഇരുപതുവർഷത്തോളം പരദേശിയായി ജീവിക്കേണ്ടിയും വന്നിട്ടുണ്ട്. നിഖ്യായുടെ ഹോമോ ഉസിയോസ് (Homo ousios) എന്ന പദം ആരംഭകാലത്ത് സിറിൾ ഉപയോഗിച്ചിരുന്നില്ല. വിശുദ്ധ ഗ്രന്ഥത്തിലെ പദങ്ങൾ ഉപയോഗിച്ച് പുത്രന്റെ ദൈവത്വത്തെ സമർഥിച്ചാൽ മതി എന്നായിരുന്നു അദ്ദേഹത്തിന്റെ വാദം. എന്നാൽ ഒന്നാം കോൺസ്റ്റാന്റിനോപ്പിൾ സൂനഹദോസോടുകൂടി ഹോമോ ഉസിയോസ് (Homo ousios) എന്ന പദത്തിന്റെ വക്താവായി അദ്ദേഹം മാറുകയും ചെയ്തു.


തന്റെ 24 മതാധ്യാപന പ്രസംഗങ്ങളിലൂടെ സഭയിലൂടെയുള്ള രക്ഷയുടെ അനുഭവം സിറിൾ ഉയർത്തിക്കാട്ടി. ആദ്യത്തെ 19 പ്രഭാഷണങ്ങളിൽ വലിയ നോമ്പുകാലത്ത് സ്നാനാർഥികൾക്ക് നല്കിയ വിശ്വാസപരവും ധാർമികവുമായ ഉപദേശങ്ങളാണ് ഉൾക്കൊള്ളിച്ചിരിക്കുന്നത്. അവസാനത്തെ അഞ്ചെണ്ണം സ്നാനശേഷം



ഉയിർപ്പുവാരത്തിൽ അവർക്കു നല്കിയ ആരാധനക്രമപരമായ (കൂദാശകൾ) ഉപദേശങ്ങളാണ്. ഇതിൽ രണ്ടെണ്ണം മാമ്മോദീസായെക്കുറിച്ചും ഒരെണ്ണം തൈലാഭിഷേകത്തെക്കുറിച്ചും രണ്ടെണ്ണം വിശുദ്ധകുർബാനയെക്കുറിച്ചും ഉള്ളവയാണ്. ദിവ്യരഹസ്യങ്ങളെക്കുറിച്ചുള്ള പ്രബോധനങ്ങൾ (Mystagogical Cathechesis) എന്ന പേരിലാണ് ഇവ അറിയപ്പെടുന്നത്. നാലും അഞ്ചും നൂറ്റാണ്ടുകളിലെ പല പിതാക്കന്മാരും ഇപ്രകാരമുള്ള ആരാധനക്രമ കേന്ദ്രീകൃതമായ മതബോധനം നല്കിയിരുന്നു. വിശുദ്ധ ഗ്രന്ഥംപോലെതന്നെ കൂദാശകളിലെ പ്രതീകങ്ങളെയും അവർ വ്യാഖ്യാനിച്ചു. ഇപ്രകാരം തന്റെ പ്രസിദ്ധമായ മതാധ്യാപന പ്രസംഗങ്ങളിലൂടെ 'വചന'ത്തിന്റെ സമഗ്രത സിറിൾ വരച്ചുകാട്ടി.

പ്രബോധനപാത
റവ.ഡോ. സെബാസ്റ്റ്യൻ ചാലയ്ക്കൽ

# ദെസിദേരിയോ ദെസിദെരാവി




**2022 ജൂൺ 29-ാം തീയതി ഫ്രാൻസിസ് പാപ്പാ പുറത്തിറക്കിയ അപ്പസ്തോലിക ലേഖനമാണ് ദെസിദേരിയോ ദെസിദെരാവി. തികച്ചും പുതിയതായി നിർദേശങ്ങളോ പ്രത്യേകമാനദണ്ഡങ്ങളുടെ ഒരു മാർഗരേഖയോ എന്നതിനെക്കാൾ ബലിയർപ്പണത്തിന്റെ മനോഹാരിതയെ മനസ്സിലാക്കാൻവേണ്ടിയുള്ള വിചിന്തനമാണ് ഇത്.**

**പരിശുദ്ധാത്മാവ് സഭയോട് പറയുന്നത് കേൾക്കുവാൻ വേണ്ടി, നമുക്ക് വിവാദങ്ങൾ ഉപേക്ഷിക്കാമെന്നും, സഭാകൂട്ടായ്മയെ സംരക്ഷിച്ചുകൊണ്ട് ആരാധനാക്രമത്തിന്റെ ഭംഗിയെക്കുറിച്ച് നമുക്ക് വിസ്മയിച്ചുകൊണ്ടിരിക്കാമെന്നുമുള്ള ആഹ്വാനത്തോടെയാണ് പാപ്പാ തന്റെ അപ്പസ്തോലിക ലേഖനം അവസാനിപ്പിക്കുന്നത്.**

2022 ജൂൺ 29-ാം തീയതി ഫ്രാൻസിസ് പാപ്പാ പുറത്തിറക്കിയ അപ്പസ്തോലിക ലേഖനമാണു ദെസിദേരിയോ ദെസിദെരാവി. വിശുദ്ധ ലൂക്കായുടെ സുവിശേഷം 22-ാം അദ്ധ്യായത്തിലെ, 'പീഡയനുഭവിക്കുന്നതിനു മുൻപ്, നിങ്ങളോടുകൂടെ ഈ പെസഹാ ഭക്ഷിക്കുന്നതിന് ഞാൻ അത്യധികം ആഗ്രഹിച്ചു' എന്ന പതിനഞ്ചാം വാക്യത്തെ പരാമർശിച്ചുകൊണ്ടാണു ദൈവജനത്തിന്റെ ആരാധനക്രമപരിശീലനം സംബന്ധിച്ച ഈ രേഖ പാപ്പാ പുറത്തിറക്കിയത്. തികച്ചും പുതിയതായി നിർദേശങ്ങളോ പ്രത്യേക മാനദണ്ഡങ്ങളുടെ ഒരു മാർഗ്ഗരേഖയോ എന്നതിനെക്കാൾ ബലിയർപ്പണത്തിന്റെ മനോഹാരിതയെ മനസ്സിലാക്കാൻവേണ്ടിയുള്ള വിചിന്തനമാണ് ഇത്. 65 ഖണ്ഡികകളാണ് ഈ രേഖയ്ക്കുള്ളത്.

ജോൺപോൾ രണ്ടാമൻ മാർപാപ്പ രണ്ടാം വത്തിക്കാൻ കൗൺസിലിനുമുൻപുള്ള ലത്തീൻ കുർബാനയുടെ പരികർമ്മം അനുവദിച്ചിരുന്നു. എന്നാൽ അതിന് അതത് മെത്രാന്റെയോ വത്തിക്കാന്റെയോ അനുവാദം ലഭിക്കണമായിരുന്നു. ബെനഡിക്ട് പതിനാറാമൻ മാർപാപ്പ 2007ൽ പരമ്പരാഗത ലത്തീൻ കുർബാന അർപ്പിക്കുന്നതിനു ലത്തീൻസഭയിലുള്ള എല്ലാ വൈദികർക്കും അനുവാദം നല്കി. ലത്തീൻസഭയിൽപ്പെട്ട ഏതൊരു വൈദികനും പ്രത്യേക അനുവാദം വാങ്ങാതെതന്നെ രണ്ടാം വത്തിക്കാൻ കൗൺസിലിനുമുൻപുള്ള ലത്തീൻകുർബാന അർപ്പിക്കുന്നതിന് അനുവാദം നൽകി. രണ്ടാം വത്തിക്കാൻ കൗൺസിലിനുമുമ്പുള്ള ലത്തീൻ കുർബാനയും കൗൺസിലിനുശേഷം ഉണ്ടായ കുർബാനയും ലത്തീൻസഭയുടെ രണ്ടു കുർബാന അർപ്പണരീതികളായി ബെനഡിക്ട് പതിനാറാമൻ മാർപാപ്പ അംഗീകരിച്ചു.

ഫ്രാൻസിസ് മാർപാപ്പ 2021 ജൂലൈ 16ന് പ്രസിദ്ധീകരിച്ച 'ത്രദീസിയോണിസ് കുസ്തോദസ്' എന്ന മോത്തു പ്രോപ്രിയോവഴി രണ്ടാം വത്തിക്കാൻ കൗൺസിലിനുശേഷം കത്തോലിക്കാസഭയിൽ ചില കേന്ദ്രങ്ങളിൽ അർപ്പിച്ചുകൊണ്ടിരുന്ന പരമ്പരാഗത ലത്തീൻ കുർബാനയുടെ അർപ്പണത്തെസംബന്ധിച്ച് പുതിയ മാർഗനിർദ്ദേശങ്ങൾ നല്കി. ഇതനുസരിച്ച് രണ്ടാം വത്തിക്കാൻ കൗൺസിലിനു മുമ്പുള്ള ലത്തീൻ കുർബാന അർപ്പിക്കുന്നതിന് ഇനിമുതൽ ലത്തീൻ സഭയിലെ വൈദികർക്ക് പൊതുവായ ഒരു അനുവാദം ഉണ്ടായിരിക്കുന്നതല്ല. എന്നാൽ അതത് രൂപതാമെത്രാന് ഇതിന് പ്രത്യേക അനുവാദം നല്കാവുന്നതാണ്. ഇപ്പോൾ രണ്ടാം വത്തിക്കാൻ കൗൺസിലിനു



മുമ്പുള്ള ലത്തീൻകുർബാന പരികർമം ചെയ്യുന്ന വൈദികർ അതത് രൂപതാമെത്രാന്റെ അനുവാദം വാങ്ങണം.

എന്നാൽ രൂപതാമെത്രാന്മാർ ലത്തീൻ കുർബാന അർപ്പിക്കുന്ന വൈദികർക്കുവേണ്ടിയും വിശ്വാസികൾക്കുവേണ്ടിയും പ്രത്യേക ഇടവകകൾ അനുവദിക്കാൻ പാടില്ല. ഇപ്രകാരം ലത്തീൻ കുർബാന അർപ്പിക്കാൻ ആഗ്രഹിക്കുന്നവർക്ക് പ്രത്യേക സ്ഥലവും സൗകര്യവും രൂപതാമെത്രാൻ കണ്ടുപിടിക്കേണ്ടതാണ്. ഇത് ഒരിക്കലും ഒരു ഇടവകപള്ളിയിൽ ആകാൻ പാടുള്ളതല്ല. കൂടാതെ ഇപ്രകാരം ലത്തീൻ ഭാഷയിൽ അർപ്പിക്കപ്പെടുന്ന വിശുദ്ധ കുർബാനയിലും വായനകൾ എല്ലാം പ്രാദേശികഭാഷകളിൽ ആയിരിക്കണം. തങ്ങളുടെ രൂപതകളിൽ ലത്തീൻ കുർബാനയർപ്പണം ആഗ്രഹിക്കുന്ന വിശ്വാസിസമൂഹത്തെ രൂപപ്പെടുത്തിയെടുക്കാൻ മെത്രാന്മാർ തുനിയരുത്.

ഈ മോത്തുപ്രോപ്രിയോ പ്രസിദ്ധീകരിച്ചതിനുശേഷം തിരുപ്പട്ടം സ്വീകരിക്കുന്ന ഏതെങ്കിലും വൈദികൻ രണ്ടാം വത്തിക്കാൻ കൗൺസിലിനു മുമ്പുള്ള ലത്തീൻകുർബാന അർപ്പിക്കാൻ ആഗ്രഹിക്കുന്നുണ്ടെങ്കിൽ അതിനു രൂപതാമെത്രാന്റെപക്കൽ അപേക്ഷ സമർപ്പിക്കണം. രൂപതാമെത്രാൻ ഇപ്രകാരം അനുവാദം നല്കുന്നതിനുമുമ്പ് പരിശുദ്ധ സിംഹാസനവുമായി കൂടിയാലോചന നടത്തണം.

'ത്രദിസിയോണിസ് കുസ്തോദെസ്' എന്ന പ്രത്യേകരേഖ വഴി, ആരാധനക്രമം സംബന്ധിച്ച് മെത്രാന്മാരെ അഭിസംബോധനചെയ്ത് എഴുതിയതിനുശേഷം, എല്ലാ വിശ്വാസികളിലേക്കും ഇതേ വിഷയത്തിൽ സന്ദേശമെത്തിക്കുകയാണ് തന്റെ ഉദ്ദേശമെന്ന് പാപ്പാ വ്യക്തമാക്കി.

'ത്രദിസിയോണിസ് കുസ്തോദെസ്' എന്ന മോത്തുപ്രോപ്രിയോയുടെ പിന്തുടർച്ചകൂടിയാണ് ദെസിദേരിയോ ദെസിദെരാവി എന്ന അപ്പസ്തോലിക ലേഖനം.

ആരാധനക്രമം സഭാജീവിതത്തിന്റെ അടിസ്ഥാന മാനമാണെന്ന് പാപ്പാ ഓർമിപ്പിക്കുന്നു. ക്രൈസ്തവവിശ്വാസത്തിന്റെ ആഘോഷത്തിന്റെ മനോഹാരിതയെക്കുറിച്ചു ധ്യാനിക്കാനുള്ള ചില വിചിന്തനങ്ങളാണ് ഇതിലുള്ളതെന്നും പാപ്പാ തന്റെ ലേഖനത്തിന്റെ ആരംഭത്തിൽത്തന്നെ എഴുതി.

ആരാധനാക്രമത്തിന്റെ ബാഹ്യമായ ഔപചാരികതയിൽ മാത്രം ആനന്ദിക്കുന്ന സൗന്ദര്യാത്മകതയെയും ആരാധനക്രമങ്ങളിലെ അലസതയെയും മറികടക്കാൻ തന്റെ ലേഖനത്തിലൂടെ ഫ്രാൻസിസ് പാപ്പാ എല്ലാവരെയും ക്ഷണിച്ചു. ''സുവിശേഷം പകരാത്ത വിശുദ്ധ ബലിയാഘോഷം ആധികാരികമല്ല'' എന്ന് പാപ്പാ വ്യക്തമാക്കി.

ഉത്ഥിതനായ ഈശോ കൂദാശകളിൽ പ്രത്യേകിച്ചു പരിശുദ്ധ കുർബാനയിൽ സന്നിഹിതനാണ്. ഉത്ഥിതനെ നേരിട്ട് വ്യക്തിപരമായി അനുഭവിക്കാനുള്ള രീതിയാണ് ആരാധനക്രമം (നമ്പർ 10 -12). ക്രിസ്തുവിനെ കണ്ടുമുട്ടുന്ന വേദിയാണ് ആരാധനക്രമം (നമ്പർ 15).

കൂദാശകളുടെ അനുഷ്ഠാനക്രമം കൃത്യമായി പാലിക്കപ്പെടേണ്ടതിന്റെ ആവശ്യകത മാർപാപ്പ ഊന്നിപ്പറയുന്നു (നമ്പർ 23). ആരാധനക്രമം സെമിനാരികളിൽ അർഥപൂർണമായി പരിശീലിപ്പിക്കപ്പെടണം (നമ്പർ 37).

അടയാളങ്ങളിലൂടെയും പ്രതീകങ്ങളിലൂടെയുമാണ് കൂദാശകൾ അനുഷ്ഠിക്കപ്പെടുന്നത്. ഇവയുടെ ശരിയായ അർഥം മനസ്സിലാക്കി കൂദാശകളിൽ പങ്കുകൊള്ളാൻ സാധിക്കണം (നമ്പർ 45).

രണ്ടാം വത്തിക്കാൻ കൗൺസിലിൽനിന്ന് ഉയർന്നുവന്ന, ദിവ്യകാരുണ്യ ആഘോഷത്തിന്റെ അഗാധമായ അർഥത്തെക്കുറിച്ച് ഓർമിപ്പിക്കുകയും ആരാധനാക്രമവുമായി ബന്ധപ്പെട്ട വളർച്ചയിലേക്കു വിശ്വാസികളെ ക്ഷണിക്കുകയുമാണ് പാപ്പാ തന്റെ അപ്പസ്തോലിക ലേഖനത്തിലൂടെ ചെയ്യുന്നത്.

പരിശുദ്ധാത്മാവ് സഭയോടു പറയുന്നത് കേൾക്കാൻ വേണ്ടി, നമുക്കു വിവാദങ്ങൾ ഉപേക്ഷിക്കാമെന്നും സഭാകൂട്ടായ്മയെ സംരക്ഷിച്ചുകൊണ്ട് ആരാധനാക്രമത്തിന്റെ ഭംഗിയെക്കുറിച്ചു നമുക്കു വിസ്മയിച്ചുകൊണ്ടിരിക്കാമെന്നുമുള്ള ആഹ്വാനത്തോടെയാണ് പാപ്പാ തന്റെ അപ്പസ്തോലിക ലേഖനം അവസാനിപ്പിക്കുന്നത്.

ലിറ്റർജിക്കൽ റിസർച്ച് സെന്റർ പഠനപരമ്പര

# 'ഫീലിയോക്വേ' പ്രശ്നം

റവ. ഡോ. ജയിംസ് പുലിയുറുമ്പിൽ

'പരിശുദ്ധാത്മാവ് പിതാവിൽനിന്നു പുറപ്പെടുന്നു' എന്ന് 381-ലെ കോൺസ്റ്റാന്റിനോപ്പിൾ കൗൺസിൽ കൃത്യമായി പറഞ്ഞുവച്ചു. പരിശുദ്ധാത്മാവിന്റെ ദൈവത്വത്തെ നിരാകരിച്ച സെമി-ആര്യന്മാർക്ക് കൊടുത്ത ഉത്തരവും കൂടിയായിരുന്നു ഇത്. എന്നാൽ താമസിയാതെ 'പിതാവിൽനിന്നുള്ള പരിശുദ്ധാത്മാവിന്റെ പുറപ്പെടൽ' (Procession) എങ്ങനെ എന്ന് പലരും ചിന്തിക്കാനും ഉത്തരം കണ്ടെത്താനും തുടങ്ങി. ഈ പുറപ്പെടലിൽ പുത്രന്റെ പങ്ക് എന്ത്? പിതാവിൽനിന്നു മാത്രമാണോ, അതോ പുത്രനിൽനിന്നു കൂടിയാണോ, കാരണം പിതാവിന്റെ തന്നെ സത്തയല്ലേ പുത്രന്? തുടങ്ങിയുള്ള ചോദ്യങ്ങൾ ഉയർന്നുവന്നു.

പിതാവിൽനിന്നു പുറപ്പെടുന്ന പരിശുദ്ധാത്മാവ് 'പിതാവിൽനിന്നു പുത്രനിലൂടെ' പുറപ്പെടുന്നു എന്നാണു ഗ്രീക്ക്സഭ ചിന്തിച്ചത്. എന്നാൽ 'പിതാവിൽനിന്നു പുറപ്പെടുന്ന പരിശുദ്ധാത്മാവു പിതാവിൽനിന്നും പുത്രനിൽനിന്നും കൂടെ പുറപ്പെടുന്നു' എന്ന് റോമൻസഭയും ചിന്തിച്ചു. 'പുത്രനിലൂടെ' എന്ന ഗ്രീക്ക്സഭയുടെ പ്രയോഗവും 'പുത്രനിൽ നിന്നു കൂടെ' (ഫീലിയോക്വേ = Filioque) എന്ന ലത്തീൻസഭയുടെ പ്രയോഗവും നിഖ്യ-കോൺസ്റ്റാന്റിനോപ്പിൾ വിശ്വാസപ്രമാണത്തിൽ ഇല്ലാത്തതാണ്.

പിതാവിന്റെയും പുത്രന്റെയും അതേ സത്തയാണ് പരിശുദ്ധാത്മാവ് എന്ന് കോൺസ്റ്റാന്റിനോപ്പിൾ സുനഹദോസ് പ്രഖ്യാപിച്ചു. ക്രിസ്തുവർഷം 447-ൽ ഒന്നാം ലെയോ മാർപാപ്പ 'പിതാവിൽനിന്നും പുറപ്പെടുന്ന പരിശുദ്ധാത്മാവ്' എന്നതിനു പകരമായി 'പിതാവിൽനിന്നും പുത്രനിൽനിന്നും പുറപ്പെടുന്ന പരിശുദ്ധാത്മാവ്' എന്നുപയോഗിച്ചുതുടങ്ങി. സ്പെയിനിലെ തൊളേദോ പ്രാദേശിക സിനഡിൽ 675-ൽ ഈ ഏറ്റുചൊല്ലൽ നിഖ്യ-കോൺസ്റ്റാന്റിനോപ്പിൾ വിശ്വാസപ്രമാണത്തോട് കൂട്ടിച്ചേർത്തു. ഈ കൗൺസിലിനു ശേഷം സ്പെയിനിൽ കോൺസ്റ്റാന്റിനോപ്പിൾ വിശ്വാസപ്രമാണത്തിലെ 'പിതാവിൽനിന്നു പുറപ്പെടുന്നവനും' എന്നതിനുപകരം 'പിതാവിൽനിന്നും പുത്രനിൽനിന്നും പുറപ്പെടുന്നവനും' എന്ന് ഉപയോഗിച്ചു തുടങ്ങി. വിശുദ്ധ കുർബാനയിലെ വിശ്വാസപ്രമാണത്തിലും ഇങ്ങനെതന്നെ ഉപയോഗിച്ചു.

## പാശ്ചാത്യ-പൗരസ്ത്യ വ്യത്യാസം

നിഖ്യ-കോൺസ്റ്റാന്റിനോപ്പിൾ വിശ്വാസപ്രമാണത്തിൽ വരുത്തിയ കൂട്ടിച്ചേർക്കൽ പൗരസ്ത്യസഭകൾക്ക് സ്വീകാര്യമായിരുന്നില്ല. 786 ലെ രണ്ടാം നിഖ്യ സൂനഹദോസിൽ 'പരിശുദ്ധാത്മാവു പിതാവിൽനിന്നു പുത്രനിലൂടെ പുറപ്പെടുന്നുവെന്നു' പ്രസ്താവിച്ചു. 431-ലെ എഫേസൂസ് സൂനഹദോസിന്റെയും 451-ലെ കാൽസിഡൺ സൂനഹദോസിന്റെയും നിലപാടനുസരിച്ച് നിഖ്യ-കോൺസ്റ്റാന്റിനോപ്പിൾ വിശ്വാസപ്രമാണത്തിൽനിന്നു വ്യത്യസ്തമായ ഒരു വിശ്വാസം പ്രഖ്യാപിക്കുന്നവൻ സഭയുടെ ശത്രുവാണ്. അതിനാൽ പൗരസ്ത്യസഭ ഫീലിയേക്വേ വിശ്വാസപ്രമാണത്തിൽ ചേർക്കുന്നതിനെ സ്വാഗതം ചെയ്തില്ല. 797-ൽ ഫ്രൈയൂളിൽ കൂടിയ ഒരു സിനഡിൽ അക്വിലായിലെ മെത്രാൻ ആയിരുന്ന പൗളിനോസ് ഫിലിയോക്വേയുടെ കൂട്ടിച്ചേർക്കലിനെ സ്വാഗതം ചെയ്തു. ഏകദേശം 800-മാണ്ടോടുകൂടി കൂട്ടിച്ചേർക്കലോടുകൂടിയ വിശ്വാസപ്രമാണം ഫ്രാൻസിലും സമീപപ്രദേശങ്ങളിലും ദൈവാലയങ്ങളിൽ വിശുദ്ധ കുർബാനയിൽ ഉപയോഗിക്കാൻ തുടങ്ങി. ഈ സ്ഥലങ്ങളിലെ സന്യാസസമൂഹങ്ങളിൽ ഇത് അഭിപ്രായഭിന്നതയ്ക്കു കാരണമായി. അതിനാൽ ഈ വിഷയം ലെയോ മൂന്നാമൻ പാപ്പായുടെ തീരുമാനത്തിന് എത്തി. ഫീലിയോക്വേ അദ്ദേഹം അംഗീകരിച്ചെങ്കിലും നിഖ്യ-കോൺസ്റ്റാന്റിനോപ്പിൾ വിശ്വാസപ്രമാണത്തിൽ ഏതെങ്കിലും മാറ്റം വരുത്തുന്നതിനു തയ്യാറായില്ല. 1014-ൽ ബെനഡിക്ട് ഏഴാമൻ പാപ്പായുടെ കാലത്താണു റോമിലെ വിശുദ്ധ കുർബാനകളിൽ ഫീലിയോക്വേയോടുകൂടിയ വിശ്വാസപ്രമാണം ചൊല്ലാൻ ഔദ്യോഗികമായ അംഗീകാരം നല്കപ്പെട്ടത്. ബൈസന്റൈൻ ദൈവശാസ്ത്രജ്ഞനായിരുന്ന ഫോസിയൂസ് ഫീലിയോക്വേയെ ശക്തമായി എതിർത്തുകൊണ്ട് ധാരാളമായി എഴുതുകയും പിതാവിൽനിന്നു മാത്രമേ പരിശുദ്ധാത്മാവു പുറപ്പെടുന്നുള്ളൂ എന്നു വാദിക്കുകയും ചെയ്തു. ത്രിത്വത്തിലെ വ്യക്തികൾ വ്യത്യസ്തരാണെന്നും പരസ്പരം പങ്കുവയ്ക്കാനാവാത്ത വ്യതിരിക്തത ഓരോ വ്യക്തിക്കും ഉണ്ടെന്നും അദ്ദേഹം പറഞ്ഞു.

ഞാൻ പിതാവിന്റെ അടുത്തുനിന്ന് അയക്കുന്ന സഹായകൻ പിതാവിൽനിന്ന് പുറപ്പെടുന്ന സത്യാത്മാവ് വരുമ്പോൾ അവൻ എന്നെക്കുറിച്ചു സാക്ഷ്യം നൽകുമെന്ന (യോഹ. 15:26) ദൈവവചനത്തെ ആസ്പദമാക്കി തന്റെ വാദഗതികൾ അവതരിപ്പിക്കാൻ ഫോസിയൂസിന് കഴിഞ്ഞു. 867-ൽ ബൈസന്റൈൻ പാത്രിയാർക്കീസ് ഒരു സൂനഹദോസ് വിളിച്ചുകൂട്ടുകയും അതിൽവച്ച് ഫോസിയൂസ് ലത്തീൻസഭയുടെ അജ്ഞതയെയും തെറ്റുകളെയും തള്ളിപ്പറയുകയും ഫീലിയോക്വേ



> വിശുദ്ധ ഗ്രന്ഥം തന്നെ 'പുത്രനിൽ നിന്നുംകൂടെ' പരിശുദ്ധാത്മാവ് പുറപ്പെടുന്നു എന്നതിന് സാക്ഷ്യം നൽകുന്നു. ഗ്രീക്ക് സഭാപിതാക്കന്മാരും ഇത് അംഗീകരിക്കുന്നവരാണ്. പിതാവും പുത്രനും തമ്മിലുള്ള അതേ ബന്ധം തന്നെയാണ് പുത്രനും പരിശുദ്ധാത്മാവും തമ്മിലുള്ളത്.

ചേർത്ത് സഭയുടെ അടിസ്ഥാന വിശ്വാസപ്രമാണത്തെ ചൂഷണംചെയ്തു എന്നു പ്രഖ്യാപിക്കുകയുംചെയ്തു.

പതിനൊന്നാം നൂറ്റാണ്ടിൽ മൈക്കിൾ ചെറുലാരിയൂസ് ബൈസന്റയിൻ പാത്രിയാർക്കിസായിരുന്ന കാലത്ത് കടുത്ത ഭിന്നത ഉടലെടുത്തു. പരമ്പരാഗതമായി റോമൻ സഭയുടെ അവകാശമായിരുന്ന മുൻഗണനയെ (Primacy of Rome) ബൈസന്റൈൻ അവകാശമായി അദ്ദേഹം ഉന്നയിച്ചു. ഇതറിഞ്ഞ ലെയോ ഒമ്പതാമൻ പാപ്പ റോമിൽനിന്ന് അയച്ച പ്രതിനിധികൾ ബൈസന്റൈൻ പാത്രിയാർക്കീസിനെ സ്ഥാനഭ്രഷ്ടനാക്കുകയും സഭയിൽനിന്ന് പുറത്താക്കുകയും ചെയ്തു. തുടർന്ന് സ്ഥാനഭ്രഷ്ടനാക്കപ്പെട്ട ചെറുലാരിയൂസ് പാത്രിയാർക്കീസ് വിളിച്ചുകൂട്ടിയ സൂനഹദോസിൽ വച്ച് (1054) ഫീലിയോക്വേയെ തിരസ്കരിച്ചുകൊണ്ടുള്ള ഫോസിയൂസിന്റെ 867-ലെ പ്രബോധനത്തെ ശരിവെച്ചു.

പരിശുദ്ധാത്മാവിന്റെ പുറപ്പെടലിനെ സംബന്ധിച്ച് വിരുദ്ധ നിലപാടുകൾ സ്വീകരിച്ചതുമൂലം സഭ കത്തോലിക്കാസഭയും ഓർത്തഡോക്സ്സഭയുമായി വിഭജിക്കപ്പെട്ടു. വിശുദ്ധ ഗ്രന്ഥത്തിൽ 'പിതാവ് അയക്കുന്ന', 'പുത്രനിൽനിന്ന് പുറപ്പെടുന്ന ആത്മാവ്' (യോഹ. 14: 26, അപ്പ. 2: 33) എന്നീ വിശേഷണങ്ങൾ കാണുന്നു. 'പുത്രനിൽനിന്നുംകൂടെ പരിശുദ്ധാത്മാവ് പുറപ്പെടുന്നു' എന്നത് ഒരു തെറ്റായ പഠനമായി പൗരസ്ത്യസഭയും കാണുന്നില്ല. ഗ്രീക്കു സഭാപിതാക്കന്മാരായ വിശുദ്ധ ബേസിൽ, നിസിയാൻസിലെ വിശുദ്ധ ഗ്രിഗറി, നിസ്സായിലെ വിശുദ്ധ ഗ്രിഗറി എന്നിവർ 'പരിശുദ്ധാത്മാവ് പിതാവിൽനിന്ന് പുത്രനിലൂടെ പുറപ്പെടുന്നു' എന്ന തത്വം അംഗീകരിക്കുന്നവരാണ്. പരിശുദ്ധാത്മാവിന്റെ പുറപ്പെടലിനെക്കുറിച്ച് ഒരു തർക്കവും ഇല്ലാതിരുന്ന സമയത്ത് സഭാപിതാക്കന്മാർ ഇങ്ങനെ പഠിപ്പിച്ചു.

## ഒരേ യാഥാർത്ഥ്യം

സാർവത്രികസഭയാണ് ഫീലിയോക്വേ കൂടാതെയുള്ള നിഖ്യ-കോൺസ്റ്റാന്റിനോപ്പിൾ വിശ്വാസപ്രമാണം സ്വീകരിച്ചേറ്റുപറഞ്ഞത്. ഈ വിശ്വാസപ്രമാണത്തിൽ എന്തെങ്കിലും തിരുത്തൽ വരുത്തുന്നതും സാർവത്രികസഭയുടെ അംഗീകാരത്തോടെ തന്നെയാവണം. ഫീലിയോക്വേ എന്ന തത്വം അംഗീകരിച്ചില്ലെങ്കിലും അതു വിശ്വാസപ്രമാണത്തോട് കൂട്ടിച്ചേർക്കാൻ ലെയോ മൂന്നാമൻ പാപ്പ വിസമ്മതിച്ചത് അതുകൊണ്ടാണ്. വിശ്വാസപ്രമാണം സാർവത്രികസഭയുടെ സ്വത്താണെന്നും അതിലെ സമാനതകൾ ദൈവജനത്തിന്റെ ഐക്യത്തെ സൂചിപ്പിക്കുന്നതാണെന്നും അതിനാൽ ഏതെങ്കിലും പ്രാദേശിക സഭകൾ അതിൽ മാറ്റങ്ങളോ കൂട്ടിച്ചേർക്കലുകളോ വരുത്തരുതെന്നും വ്യക്തം.

വിശുദ്ധ ഗ്രന്ഥംതന്നെ 'പുത്രനിൽനിന്നുംകൂടെ' പരിശുദ്ധാത്മാവ് പുറപ്പെടുന്നു എന്നതിനു സാക്ഷ്യം നൽകുന്നു. ഗ്രീക്ക് സഭാപിതാക്കന്മാരും ഇത് അംഗീകരിക്കുന്നവരാണ്. പിതാവും പുത്രനും തമ്മിലുള്ള അതേ ബന്ധം തന്നെയാണ് പുത്രനും പരിശുദ്ധാത്മാവും തമ്മിലുള്ളത്. യോഹ. 15:26 ൽ എഴുതിയിരിക്കുന്നു: 'പിതാവിൽനിന്ന് പുറപ്പെടുന്ന സത്യാത്മാവു വരുമ്പോൾ അവൻ എന്നെക്കുറിച്ചു സാക്ഷ്യം നൽകും.' ഈ വചനം പുത്രനിൽനിന്ന് പരിശുദ്ധാത്മാവ് പുറപ്പെടുന്നു എന്ന സത്യത്തിന് വിരുദ്ധമല്ല. മാത്രമല്ല ഈ വചനത്തിന്റെ ആദ്യഭാഗത്ത് 'ഞാൻ പിതാവിന്റെ അടുത്തുനിന്ന് അയക്കുന്ന സഹായകൻ' എന്നു ചേർത്തിരിക്കുന്നു. കോൺസ്റ്റാന്റിനോപ്പിൾ വിശ്വാസപ്രമാണത്തിൽ 'ഫീലിയോക്വേ' ഇല്ലാതിരുന്നതിന്റെയും പിതാവിൽനിന്നും പുറപ്പെടുന്നതെന്ന് പറഞ്ഞതിന്റെയും കാരണം പരിശുദ്ധാത്മാവു ദൈവമല്ല എന്നു പഠിപ്പിച്ച മാസിഡോണിയനിസത്തിനെതിരെ രൂപപ്പെട്ടതായിരുന്നു അത് എന്നതുകൊണ്ടാണ്.

യഥാർഥത്തിൽ പിതാവിൽനിന്നും പുത്രനിൽനിന്നും പുറപ്പെടുന്നതെന്ന് പറയുന്നതും പിതാവിൽനിന്നും പുത്രനിലൂടെ പുറപ്പെടുന്നതെന്ന് പറയുന്നതും ഒരേ യാഥാർഥ്യമാണെന്ന് ഫ്ളോറൻസ് കൗൺസിൽ പഠിപ്പിച്ചു. പിതാവിൽനിന്നും പുത്രനിൽനിന്നും പരിശുദ്ധാത്മാവ് പുറപ്പെടുമ്പോൾ അടിസ്ഥാനപരമായി ഒരു ഉറവിടമേയുള്ളൂ. കാരണം പിതാവിന്റെ സ്വന്തം മകനായാണ് പുത്രൻ ഈ ഉദ്യമത്തിൽ പങ്കുകാരൻ ആകുന്നത്. പരിശുദ്ധാത്മാവ് ഒറ്റ സ്രോതസ്സിൽനിന്നാണ് പുറപ്പെടുന്നത് എന്ന് രണ്ടാം ലിയോൺസ് സൂനഹദോസിന്റെ പ്രഖ്യാപനത്തിന്റെ അർഥവും ഇതുതന്നെയാണ്. ഒരേ സത്യം തന്നെ വ്യത്യസ്തരീതിയിൽ പഠിപ്പിക്കുന്നു. പുത്രനും പരിശുദ്ധാത്മാവും പിതാവിന്റെ കരങ്ങൾ ആണെന്ന് കത്തോലിക്കാസഭയുടെ മതബോധന ഗ്രന്ഥം (704) പഠിപ്പിക്കുന്നു.

ഫീലിയോക്വേ നിഖ്യാ-കോൺസ്റ്റാന്റിനോപ്പിൾ വിശ്വാസപ്രമാണത്തിന് വിരുദ്ധമല്ല. എങ്കിലും ഐക്യത്തിനു വേണ്ടി അത് ഒഴിവാക്കുന്നത് നല്ലതാണെന്ന് പാശ്ചാത്യദൈവശാസ്ത്രജ്ഞർപോലും പറയുന്നു. 1987 ഡിസംബർ ഏഴിന് പത്രിയാർക്കീസ് ദിമിത്രിയോസ് ഒന്നാമനും 1999 ജൂണിൽ ബർത്തലോമിയോ ഒന്നാമൻ പാത്രിയാർക്കീസും റോമിൽവച്ച് വിശുദ്ധ ജോൺപോൾ രണ്ടാമൻ പാപ്പായോടൊപ്പം ദിവ്യബലിയിൽ പങ്കെടുത്തപ്പോൾ മാർപാപ്പ ഫീലിയോക്വേ ഒഴിവാക്കികൊണ്ടുള്ള വിശ്വാസപ്രമാണമാണ് ചൊല്ലിയത്. 1995 ൽ പരിശുദ്ധ പിതാവിന്റെ നിർദ്ദേശപ്രകാരം 'പൊന്തിഫിക്കൽ കൗൺസിൽ ഫോർ ക്രിസ്ത്യൻ യൂണിറ്റി' ഇറക്കിയ രേഖയിൽ പിതാവാണ് ത്രിത്വത്തിന്റെ ഉറവിടം എന്ന പാശ്ചാത്യനിലപാടിനെ അംഗീകരിച്ചേറ്റു പറയുന്നു. പൗരസ്ത്യ മെത്രാന്മാരോടൊപ്പം വിശുദ്ധ ബലി അർപ്പിക്കുമ്പോഴും എക്യുമെനിക്കൽ പ്രാർത്ഥനാസമ്മേളനങ്ങൾ നടത്തുമ്പോഴും വിശുദ്ധ ജോൺപോൾ രണ്ടാമൻ മാർപാപ്പ ഫീലിയോക്വേ ഒഴിവാക്കികൊണ്ടാണ് വിശ്വാസപ്രമാണം ചൊല്ലിയിരുന്നത്.

അതേസമയംതന്നെ ഫീലിയോക്വേ വിശ്വാസപ്രമാണത്തിനെതിരാണെന്ന് പൗരസ്ത്യരും തീർപ്പുകല്പിക്കരുത്. കാരണം ഫീലിയോക്വേ നിയമാനുസൃതമായും ദൈവശാസ്ത്രപരമായും ശരിയായ ഒരു നിലപാടാണ്. പൗരസ്ത്യകത്തോലിക്കർ ഈ നിലപാടിനെ സ്വീകരിച്ചിരിക്കുന്നു. അതുപോലെ പൗരസ്ത്യ അകത്തോലിക്കർക്കും ഒരു ലത്തീൻപാരമ്പര്യമായെങ്കിലും ഇത് അംഗീകരിക്കാവുന്നതാണ്. വിശുദ്ധ ജോൺ പോൾ രണ്ടാമൻ പാപ്പ എഴുതിയ 'ഓറിയൻതാലേ ലൂമെൻ', 'ഉത്ത് ഊനും സിന്ത്' എന്നീ അപ്പസ്തോലിക ലേഖനങ്ങൾ കത്തോലിക്ക ഓർത്തഡോക്സ് ബന്ധങ്ങളുടെ പ്രാധാന്യം ഊന്നിപ്പറയുന്നവയാണ്. പൗരസ്ത്യപാരമ്പര്യവും ദൈവശാസ്ത്രവും പാശ്ചാത്യലോകം കൂടുതൽ പഠിക്കണമെന്നും അറിയണമെന്നും മാർപാപ്പ ഇതിൽ ആവശ്യപ്പെടുന്നു.

## അക്ഷരങ്ങൾക്കല്ല പ്രാധാന്യം അർത്ഥത്തിനാണ്

പിതാവിന്റെയും പുത്രന്റെയും ആത്മാവായ പരിശുദ്ധാത്മാവാണ് ഐക്യത്തിന്റെ നിദാനം. 'എവിടെ പരിശുദ്ധാത്മാവുണ്ടോ അവിടെ പിതാവും പുത്രനും ഉണ്ട്' എന്ന് ഫ്ളോറൻസ് കൗൺസിൽ (1274) പഠിപ്പിക്കുന്നു. ഐക്യത്തിന്റെ ആത്മാവായ പരിശുദ്ധാത്മാവിനെച്ചൊല്ലിയാണ് സഭയിൽ ഏറ്റവും വലിയ വിഭജനമുണ്ടായത്. ഇനി അത് ആവർത്തിക്കുന്നത് അനുവദിക്കാൻ പാടില്ല. വിഭിന്ന അഭിപ്രായങ്ങളും വ്യത്യസ്ത കാഴ്ചപ്പാടുകളും തിരുസഭയിൽ എന്നും ഉണ്ടായിട്ടുണ്ട്. കലഹങ്ങളും വിഭജനങ്ങളുമല്ല അതിനുപരിഹാരം. വാദപ്രതിവാദങ്ങളുടെയും വിഭജനങ്ങളുടെയും അർത്ഥശൂന്യത പിന്നീടു മാത്രമാണ് മനസ്സിലാകുക. ഫീലിയോക്വേ വിവാദത്തിൽ കലാശിച്ച പരിശുദ്ധാത്മാവിന്റെ പുറപ്പെടലിനെ സംബന്ധിച്ച് പാശ്ചാത്യ-പൗരസ്ത്യ സഭകളിലെ പിതാക്കന്മാർ ഒരേകാര്യം തന്നെയാണ് പഠിപ്പിച്ചത്; അത് വ്യത്യസ്തരീതിയിൽ അവതരിപ്പിച്ചെന്നു മാത്രം. അക്ഷരങ്ങൾക്കല്ല അർഥത്തിനാണ്, വാക്കുകൾക്കല്ല ആത്മാവിനാണ് ( Spirit) (റോമ. 2:29) പ്രാധാന്യം കൊടുക്കേണ്ടത്.






ഹൃദയ പാലിയേറ്റീവ് സെന്റർ

വിളക്ക്

ഫാ. ഷാജു ചിറയത്ത്

**സീറോമലബാർസഭയുടെ സാമൂഹ്യപ്രതിബദ്ധതയുടെ അടയാളങ്ങളായി രൂപതയുടെയും സന്യാസസമൂഹങ്ങളുടെയും മേൽനോട്ടത്തിൽ പ്രശോഭിക്കുന്ന വിവിധ സ്ഥാപനങ്ങളെ പരിചയപ്പെടുത്തുന്നു. ഈ ലക്കം ഇരിങ്ങാലക്കുട രൂപതയുടെ പാലിയേറ്റീവ് സെന്റർ.**

# ഹൃദ്യം ഈ 'ഹൃദയ' പാലിയേറ്റീവ് സെന്റർ

ഇരിങ്ങാലക്കുട രൂപതയുടെ സൗജന്യ രോഗീ സാന്ത്വന പ്രസ്ഥാനമാണ് ഹൃദയ പാലിയേറ്റീവ് കെയർ & ഹോസ്പ്പീസ്. ജാതിമതഭേദമന്യേ രൂപതയുടെ പരിധിയിൽ വരുന്ന സകലമനുഷ്യർക്കും വേണ്ടിയാണ് ഹൃദയ സേവനം ചെയ്യുന്നത്. തിരുഹൃദയഭക്തനായ രൂപതയുടെ പ്രഥമ മെത്രാൻ മാർ ജെയിംസ് പഴയാറ്റിലിന്റെ സ്മരണാർഥം രൂപതയുടെ റൂബി ജൂബിലിയോട് അനുബന്ധിച്ച് ബിഷപ് മാർ പോളി കണ്ണൂക്കാടൻ 2016 സെപ്തംബർ 10 ന് ആരംഭിച്ചതാണ് ഹൃദയ. 2017ൽ പബ്ലിക് ചാരിറ്റബിൾ ട്രസ്റ്റായി രജിസ്ട്രർ ചെയ്തു.

**ചികിത്സയിലൂടെ പൂർണ്ണ സൗഖ്യം ലഭിക്കാത്തതും ദീർഘകാലം നീണ്ടുനിൽക്കുന്നതുമായ കാൻസർ, പക്ഷാഘാതം, നട്ടെല്ലിനു ക്ഷതം, വാർദ്ധക്യജന്യ രോഗങ്ങൾ, നാഡീരോഗങ്ങൾ തുടങ്ങിയവബാധിച്ച് കിടപ്പിലായവർക്കാണ് 'ഹൃദയ' രോഗീപരിചരണ ശുശ്രൂഷ നൽകുന്നത്.**

ചികിത്സയിലൂടെ പൂർണസൗഖ്യം ലഭിക്കാത്തതും ദീർഘകാലം നീണ്ടുനില്ക്കുന്നതുമായ ക്യാൻസർ, പക്ഷാഘാതം, നട്ടെല്ലിനു ക്ഷതം, വാർദ്ധക്യജന്യരോഗങ്ങൾ, നാഡീരോഗങ്ങൾ തുടങ്ങിയവ ബാധിച്ച് കിടപ്പിലായവർക്കാണ് 'ഹൃദയ' രോഗീപരിചരണശുശ്രൂഷ നല്കുന്നത് . രൂപതയിലെ സന്മനസും, സന്നദ്ധതയുമുള്ള ഡോക്ടർമാരും ആരോഗ്യപ്രവർത്തകരും വോളണ്ടിയേഴ്സും ഒരു ആംബുലൻസ് സൗകര്യവുമായി ഇരിങ്ങാലക്കുട ഡയബറ്റിക് ഹോസ്പിറ്റലിലെ ഒരു മുറിയിൽനിന്നായിരുന്നു പാലിയേറ്റീവിന്റെ തുടക്കം.

സാന്ത്വനപരിചരണപ്രവർത്തനങ്ങളുടെ സുഗമമായ നടത്തിപ്പിനും, ഫലപ്രദമായ ശുശ്രൂഷയ്ക്കുമായി മേഖലകൾ തിരിച്ചാണ് രൂപതാതിർത്തിയിൽ ഇപ്പോൾ പ്രവർത്തനം നടത്തുന്നത്. ഇരിങ്ങാലക്കുട മേഖല നോർത്ത്, സൗത്ത് എന്നിവ ഇരിങ്ങാലക്കുട ഗാന്ധിഗ്രാം ഓഫീസിൽ നിന്നും കൊടകരമേഖലയ്ക്ക് ആളൂർ ബി. എൽ. എം. കേന്ദ്രത്തിലെ ഓഫീസിൽ നിന്നും ചാലക്കുടി മേഖലയ്ക്ക് സെന്റ് ജെയിംസ് ഹോസ്പിറ്റലിനോട് ചേർന്ന ഓഫീസിൽ നിന്നും മാള മേഖലയ്ക്ക് മേലഡൂർ ഇൻഫന്റ് ജീസസ് ഹോസ്പിറ്റലിനോട്ചേർന്ന ഓഫീസിൽനിന്നും വെള്ളിക്കുളങ്ങര മേഖലയ്ക്ക് വെള്ളിക്കുളങ്ങര പാലിയേറ്റീവ് ഓഫീസിൽ നിന്നും നേതൃത്വം നൽകുന്നു. ഇപ്പോൾ 6 മേഖലകളിലായി 1378 രോഗികളുടെ ഭവനങ്ങളിലേക്ക് ചെന്ന് മാസം തോറും ശുശ്രൂഷ നടത്തുന്നു.

രോഗികൾക്ക് ആവശ്യമായ കട്ടിൽ, എയർ ബെഡ്, വീൽചെയർ, വാക്കർ, സക്ഷൻ മെഷീൻ, നെബുലൈസർ, ശ്വസനോപകരണങ്ങൾ, സ്ട്രക്ചർ, ആംബുലൻസ് സൗകര്യങ്ങളും, കൂടാതെ നിർധനരോഗികൾക്ക് എല്ലാ മാസവും രണ്ടര ലക്ഷം രൂപയുടെ ആവശ്യമരുന്നുകളും നൽകി വരുന്നു.

മാനവരാശിയെ മുഴുവൻ പിടിച്ചുകുലുക്കിയ കൊറോണ മഹാമാരിയെ നേരിടാനും, അതിജീവിക്കാനും, ഹൃദയ പാലിയേറ്റീവ് മുൻപന്തിയിലുണ്ടായിരുന്നു. രൂപതയിലെ വൈദികരുടെയും വോളണ്ടിയേഴ്സിന്റെയും നേതൃത്വത്തിൽ 'കോവിഡ് ടാസ്ക് ഫോഴ്സ്' രൂപീകരിച്ച് കോവിഡുമൂലം ഭവനങ്ങളിൽ ഒറ്റപ്പെട്ടവർക്ക് മരുന്നും മറ്റ് ഭക്ഷണസാധനങ്ങൾ എത്തിച്ചുനല്കുകയും കൂടുതൽ പരിചരണം ആവശ്യമുള്ളവരെ ഹോസ്പിറ്റലുകളിലേക്ക് എത്തിക്കുകയും കോവിഡുമൂലം മരണമടഞ്ഞവർക്ക് അവരവരുടെ മതാചാരപ്രകാരം ആദരവുനിറഞ്ഞ മൃതസംസ്ക്കാരം നടത്തുകയുംചെയ്തത് പ്രാദേശിക ഭരണകൂടത്തിന്റെയും കേരള ഗവൺമെന്റിന്റെയും ശ്രദ്ധ പിടിച്ചുപറ്റിയിരുന്നു.

നിർധനരോഗികൾക്ക് ഹൃദയ പാലിയേറ്റീവ് വഴി സൗജന്യമരുന്നുകൾ നല്കുന്നതിനും മറ്റു രോഗികൾക്കു മിതമായ നിരക്കിൽ മരുന്നുകൾ വാങ്ങുന്നതിനുമായി ഹൃദയ മെഡിക്കൽസ് ചാരിറ്റബിൾ ട്രസ്റ്റ് സ്ഥാപിക്കുകയും പാലിയേറ്റീവ് പ്രവർത്തനങ്ങളുടെ ആറാം വർഷത്തിൽ 2022 മാർച്ച് 19ന്, ഇരിങ്ങാലക്കുട കത്തീഡ്രൽ പള്ളി സൗജന്യമായി നല്കിയ സ്ഥാപനത്തിൽ ഹൃദയ മെഡിക്കൽസ് പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തു.

ഹൃദയ പാലിയേറ്റീവ് പ്രവർത്തനങ്ങളുടെ ഏഴാം വർഷത്തിൽ, ഹോം കെയർ നടത്തുന്ന രോഗികളിൽ കൂടുതൽ പരിചരണം ആവശ്യമുള്ളവർക്കായി പേരാമ്പ്രയിൽ 2023 ഒക്ടോബർ 14ന് ഹൃദയ ഹോസ്പീസ് സെന്റർ ബിഷപ് മാർ പോളി കണ്ണൂക്കാടൻ ആശീർവദിച്ച് ഉദ്ഘാടനം ചെയ്തു. ഇതിനോടകം 28 രോഗികൾ ഹോസ്പീസ് സെന്ററിൽനിന്ന് ശുശ്രൂഷ സ്വീകരിച്ചു. ഇപ്പോൾ പതിനൊന്നുപേർ സാന്ത്വനപരിചരണം ഏറ്റുവാങ്ങുന്നു. കമില്ലസ് സിസ്റ്റേഴ്സാണ് സാന്ത്വനപരിചരണത്തിന് സഹായമേകുന്നത്.

രോഗീസന്ദർശനത്തിനും മരുന്നുകൾക്കും അനുബന്ധ ശുശ്രൂഷകൾക്കും മാസം തോറുംവരുന്ന ചെലവുകൾക്കുമുള്ള തുക കണ്ടെത്തുന്നത് രൂപതയിലെയും മറ്റ് സുമനസ്സുകളുടെയും നിർലോഭമായ സംഭാവനകളിലൂടെയാണ്.

ഈ ശുശ്രൂഷക്ക് ഇപ്പോൾ നേതൃത്വം നല്കുന്നത് ഫാ.ഷാജു ചിറയത്ത്, ഫാ. ജോസഫ് മാളിയേക്കൽ, ഫാ. റിന്റോ തെക്കിനേത്ത് എന്നിവരാണ്.ഫാ. സണ്ണി കളമ്പനാംതടത്തിൽ, ഫാ.തോമസ് കണ്ണംമ്പിള്ളി എന്നിവരായിരുന്നു മുൻ ഡയറക്ടർമാർ.കേവലം ഏഴു വർഷംകൊണ്ട് 5331 ഭവനങ്ങളിലേക്ക് ഹൃദയപൂർവം കടന്നുചെല്ലാനും സ്നേഹപൂർവം സാന്ത്വനപരിചരണം നല്കാനും കഴിഞ്ഞതിൽ ഇതിന്റെ പ്രവർത്തകർക്കെല്ലാം അഭിമാനവും സന്തോഷവുമുണ്ട്.

വചന വിരുന്ന്

# സീറോമലബാർസഭ ആരാധനക്രമമനുസരിച്ച് ഞായറാഴ്ചകളിലെ സുവിശേഷഭാഗം ആസ്പദമാക്കിയുള്ള വചനവ്യാഖ്യാനം

ഫാ. നൗജിൻ വിതയത്തിൽ

## മാർച്ച് 3 നോമ്പ് നാലാം ഞായർ (മത്തായി 5:27 – 32)

### 1. വിശുദ്ധി പാലിക്കുക

ഇന്നത്തെ വായനകളുടെ ഒരു പ്രധാന ആശയം ശാരീരിക വിശുദ്ധി കാത്തുസൂക്ഷിക്കുക എന്നുള്ളതാണ്. സുവിശേഷത്തിൽ 'വ്യഭിചാരം ചെയ്യരുത്' എന്ന ദൈവിക കല്പനക്കു പുതിയ ഒരു നിർവചനം ഈശോ നല്കുന്നു. നോമ്പ് കാലത്തു (അല്ലെങ്കിലും) പാലിക്കേണ്ട ഒരു പുണ്യമാണ് ശാരീരികവിശുദ്ധി. സ്വന്തം ശരീരത്തോടും അപരന്റെ ശരീരത്തോടും കൊടുക്കേണ്ട ബഹുമാനം കൊടുക്കാൻ നമ്മൾ പഠിക്കണം. പീഡിപ്പിച്ചതിന്റെയും പീഡിപ്പിക്കപ്പെട്ടത്തിന്റെയും വാർത്തകളാണ് പത്രങ്ങൾ നിറയെ... 'Me Too' ക്യാമ്പയിൻ ആകട്ടെ തകൃതിയായി നടക്കുന്നു. ഇന്റർനെറ്റിൽ ഇപ്പോഴും ഏറ്റവും ആകർഷണം അശ്ലീല സൈറ്റുകൾക്കുതന്നെ. എന്നു വച്ചാൽ വിശുദ്ധി പാലിച്ചു ജീവിക്കുക എന്നത് ഇന്നത്തെ കാലത്തു എളുപ്പമല്ല. അതിനു അനുകൂലമായ സാഹചര്യം അല്ല നമുക്ക് ചുറ്റും. ആ വെല്ലുവിളി ഏറ്റെടുക്കാൻ പറ്റണം. ''വ്യഭിചാരത്തിന്റെ ദുർഭൂതം അനേകരെ വഴി തെറ്റിക്കുന്നു'' എന്നാണ് ഹോസിയ പ്രവാചകൻ നൽകുന്ന മുന്നറിയിപ്പ്. ആ ഭൂതത്തിനു പിടികൊടുക്കാതെ ജീവിക്കുക.

### 2. ദൂരെ കളയുക

കുട്ടിക്കാലത്ത് ഏറെ കൗതുകത്തോടെ നോക്കിയിരുന്ന ഒരു ജീവി പല്ലിയാണ് . അതിങ്ങനെ ഇഴഞ്ഞു പോകുമ്പോൾ അതിനു അപകടംവരാൻ സാധ്യതയുള്ള സാഹചര്യത്തിൽ അതിന്റെ വാൽ മുറിച്ചുകളഞ്ഞു കടന്നുപോകുന്നു. മുറിഞ്ഞു പോയ ആ വാൽ തനിയെ പിടയുന്നത് പല തവണ നോക്കി നിന്നിട്ടുണ്ട്. എന്നു പറഞ്ഞാൽ തലപോകുന്ന സാഹചര്യത്തിൽ ആത്മരക്ഷക്കയി പല്ലി അതിന്റെ വാല് മുറിച്ചുകളയുന്നു. സത്യത്തിൽ അതുതന്നെയാണ് കർത്താവ് പറയുന്നത്. ശരീരം മൊത്തം പോകാതിരിക്കാനായി ഒരാവയവം നഷ്ടപ്പെടുത്തുക. നടക്കണ കാര്യം വല്ലതും ആണോ...?

ഏതൊന്നാണോ നമ്മെ പ്രലോഭനത്തിൽ വീഴ്ത്തുന്നത് അതു വെട്ടി ദൂരെക്കളയുക എന്നതായിരിക്കാം കർത്താവ് ഇവിടെ ഉദ്ദേശിച്ചത്. നിന്റെ കാഴ്ച്ച നിനക്കു പ്രലോഭനഹേതുവാകുന്നെങ്കിൽ കണ്ണല്ല, കാഴ്ച്ചകൾ വെട്ടിക്കളയുക എന്നർഥം.

### 3. കണ്ണടക്കം

വ്യഭിചാരം ചെയ്യരുത് എന്ന യഹൂദനിയമത്തിനു ഈശോ പുതിയ മാനംനല്കുന്നു. ഈശോയെ സംബന്ധിച്ചു ആസക്തിയോടെ സ്ത്രീയെ നോക്കുന്നതുപോലും വ്യഭിചാരം എന്ന കാറ്റഗറിയിൽ വരുന്നു. കാഴ്ച്ചയും (see) നോട്ടവും (look) തമ്മിലുള്ള വ്യത്യാസം നമുക്കറിയാം. കാഴ്ച (See) സ്വാഭാവികമായി സംഭവിക്കുന്നതാണ്. നോട്ടം ആകട്ടെ മനപ്പൂർവം നടത്തുന്നതാണ്. കാഴ്ചയെ നിയന്ത്രിക്കാൻ പറ്റിയില്ലെങ്കിലും നോട്ടത്തെ നിയന്ത്രിക്കുക. ആസക്തിയോടുകൂടിയുള്ള ചില നോട്ടങ്ങൾ ഉപേക്ഷിക്കുക എന്നർത്ഥം. ''ആസക്തികളാൽ കലുഷിതമായ പഴയ മനുഷ്യനെ ദൂരെ എറിയുവിൻ'' (എഫേ 4:22) എന്ന പൗലോസിന്റെ വാക്കുകൾക്ക് ഈ നോമ്പുകാലത്തു വലിയ അർത്ഥമുണ്ട്.

## മാർച്ച് 10 നോമ്പ് അഞ്ചാം ഞായർ (യോഹന്നാൻ 8:1 – 11)

### 1. കുറ്റം ആരോപിക്കൽ

നിയമജ്ഞരും ഫരിസേയരും ഈശോയെ കുറ്റം ആരോപിക്കാൻ കാത്തുനില്ക്കുന്നവർ ആയിരുന്നു. അതിന് ഒരു മറയായി അവർ ആ സ്ത്രീയെ ഉപയോഗിച്ചു എന്നുമാത്രം. സത്യത്തിൽ അവർ എറിയനായി ഓങ്ങിവച്ച കല്ല് സ്ത്രീക്കു നേരെയല്ല ഈശോക്കു നേരെയാണ്. ഈശോ സാബത്തിൽ രോഗശാന്തിനല്കുമ്പോഴും കൈശോഷിച്ച മനുഷ്യനെ സുഖപ്പെടുത്തുമ്പോഴുമെല്ലാം അവർ അവനിൽ കുറ്റം ആരോപിക്കാൻ ശ്രമിക്കുന്നുണ്ട്. മറ്റുള്ളവരിൽ കുറ്റം ആരോപിക്കുവാൻ പലപ്പോഴും നമ്മൾ വ്യഗ്രത കാണിക്കാറുണ്ട്. അതിനുവേണ്ടി വ്യക്തികളെയും സംഭവങ്ങളെയും സാഹചര്യങ്ങളെയും വളച്ചൊടിക്കുകയും കരുവാക്കുകയും ചെയ്യാറുണ്ടോ? അതൊരു ഫരിസേയ mentality ആണ്. അതൊന്നു മാറ്റിപ്പിടിക്കുക.

ഇവിടെ ശ്രദ്ധിക്കേണ്ട കാര്യം ഈശോയുടെ stand ആണ്. ഈശോ അവളെ വെറുതെവിട്ടാൽ മോശയുടെ നിയമത്തെ മാനിച്ചില്ല എന്നുള്ള ചീത്തപ്പേരു കേൾക്കേണ്ടിവരും. കല്ലെറിഞ്ഞാൽ ഈശോ മാനുഷികപരിഗണനപോലും കാണിച്ചില്ല എന്നുള്ള പ്രശ്നവും. മാത്രമല്ല റോമാക്കാർക്ക് മാത്രം അധികാരമുള്ള വധശിക്ഷയ്ക്ക് ഈശോ അനുവാദംകൊടുത്തു എന്ന ഒരു പ്രശ്നംകൂടി വരുന്നു. അതുകൊണ്ടു തള്ളാനും വയ്യ കൊള്ളാനും വയ്യ എന്നുള്ള അവസ്ഥ. എന്നിട്ടും ഈശോ ആ സാഹചര്യത്തെ വളരെ smooth ആയി handle ചെയ്യുന്നു. തന്റെ standpoint വളരെ clear ആക്കുന്നു. നമ്മുടെ കാര്യവും ഏതാണ്ട് ഇതുപോലെതന്നെയാണ്. നമ്മൾ എന്തുപറഞ്ഞാലും ചെയ്താലും ചിലപ്പോഴെങ്കിലും പഴികേൾക്കേണ്ടിവരും, കല്ലെറിയലും കിട്ടും. അതുകൊണ്ടു നമ്മൾ എടുക്കുന്ന നിലപാടുകളുടെ പേരിൽ കല്ലെറിയപ്പെടേണ്ടിവന്നാൽ കർത്തവിനെപ്രതി അതു സ്വീകരിക്കുക.

### 2. പാപം ചെയ്യാത്തവൻ കല്ലെറിയട്ടെ

ഉരുളക്കുപ്പേരി പോലെ ആയിരുന്നു കർത്താവിന്റെ ഈ മറുപടി. മറ്റൊരാളെ കല്ലെറിയണം ക്രൂശിക്കണം പുറത്താക്കണമെന്നുപറഞ്ഞു വാശിപിടിക്കുമ്പോൾ നമ്മൾ അതിന് എത്ര യോഗ്യരാണ് എന്നു ചിന്തിക്കുക. ഒരാൾ കള്ളനാണ്, മോശക്കാരനാണ് ദേഷ്യക്കാരനാണ് മനസാക്ഷി ഇല്ലാത്തവനാണ് എന്നൊക്കെ പറയുന്നതിനുമുൻപ് അതിനുള്ള യോഗ്യത നമുക്ക് എത്രത്തോളമുണ്ട് എന്ന് ചിന്തിക്കുക. ചിലപ്പോഴെങ്കിലും വേശ്യയുടെ ചാരിത്ര്യപ്രസംഗം പോലെയാകുന്നു നമ്മുടെ അഭിപ്രായങ്ങളും ആരോപണങ്ങളും അല്ലേ....?

''അല്ലയോ മനുഷ്യാ, നീ ആരുതന്നെ ആയാലും മറ്റൊരുവനെ വിധിക്കുമ്പോൾ നിനക്ക് ന്യായീകരണമില്ല. അപരനെ വിധിക്കുമ്പോൾ, നീ നിന്നെത്തന്നെയാണു വിധിക്കുന്നത്. എന്തെന്നാൽ, വിധിക്കുന്ന നീയും അതേ കുറ്റങ്ങൾ ചെയ്യുന്നു.'' (റോമാ 2:1) എന്ന പൗലോസിന്റെ വാക്കുകൾ ഓർമിക്കുന്നത് നല്ലതാണ്.

## മാർച്ച് 17 നോമ്പ് ആറാം ഞായർ (മർക്കോസ് 8:31 – 9:1)

### 1. സഹനത്തിന്റെ ഫലം

**A. സഹനം നമ്മെ കുറേക്കൂടി വിശുദ്ധീകരിക്കുന്നു**

എന്തെന്നാൽ, സ്വർണം അഗ്നിയിൽ ശുദ്ധി ചെയ്യപ്പെടുന്നു; സഹനത്തിന്റെ ചൂളയിൽ കർത്താവിനു സ്വീകാര്യരായ മനുഷ്യരും (പ്രഭാഷകൻ 2 : 5).

സഹനത്തെ സ്നാനമെന്നാണ് ഈശോ വിശേഷിപ്പിക്കുക. എനിക്കൊരു മാമ്മോദിസ മുങ്ങാൻ ഉണ്ട് എന്നൊക്കെ പറയുന്നു. ഓരോ സ്നാനം (കുളി) കഴിയുമ്പോഴും നമ്മൾ കുറെക്കൂടി പരിശുദ്ധരാകുന്നു. അതുപോലെ ഓരോ സഹനത്തിനുശേഷവും കണ്ണുനീരാൽ കഴുകപ്പെട്ടു നമ്മൾ ആത്മീയമായി വിശുദ്ധി പ്രാപിക്കുന്നു.

**B. സഹനം നമുക്ക് ആത്മധൈര്യം നല്കുന്നു**

എന്തെന്നാൽ, കഷ്ടത സഹനശീലവും, സഹനശീലം ആത്മധൈര്യവും, ആത്മധൈര്യം പ്രത്യാശയും ഉളവാക്കുന്നു എന്നു നാം അറിയുന്നു (റോമാ 5 : 4).

സഹനം കുറേക്കൂടി ആത്മധൈര്യം ജീവിതത്തിൽ നല്കുന്നു. ജീവിതത്തിൽ ഉണ്ടാവുന്ന കഷ്ടതകളെ നേരിടാനും പ്രശ്നങ്ങളെ അതിജീവിക്കാനും തമ്പുരാനിൽ ആശ്രയിച്ച് ആത്മവിശ്വാസത്തോടെ മുന്നോട്ടുപോകാനും ഓരോ സഹനവും നമ്മെ സഹായിക്കുന്നു. ഇച്ചിരി കഷ്ടപ്പെട്ടു കഴിയുമ്പോൾ പിന്നെ അത് ഒരു ശീലമാകും എന്നു പറയുന്ന പോലെയാണ് കാര്യങ്ങൾ. കഷ്ടപ്പെടുന്നവന് വല്ലാത്ത ഒരു ധൈര്യംകിട്ടുന്നു. കാറ്റും കോളും കൊണ്ടിട്ടും വീഴാതെ നിൽക്കുന്ന ചില മരങ്ങൾ പോലെയാണ് സഹിക്കുന്ന മനുഷ്യരുടെ അവസ്ഥ. അവരെ വീഴ്ത്താൻ എളുപ്പമല്ല. തീയിൽ കുരുത്തത് വെയിലത്തു വാടില്ല എന്നു പറയാറില്ലേ. അതു തന്നെ കാര്യം

**C. സഹനം നമ്മെ ക്രിസ്തുവാക്കി മാറ്റുന്നു**

ഫ്രാൻസിസ് അസീസിയുടെ ജീവിതത്തിലെ ഒരു സംഭവം. ഗ്രാമത്തിലൂടെ സഞ്ചരിക്കുന്ന പുണ്യാളൻ തനിക്കെതിരെ വരുന്ന ഒരു കുഷ്ഠരോഗിയെ കാണുന്നു. അറപ്പും പേടിയുമായി ആദ്യം മാറിനില്ക്കുന്ന പുണ്യാളൻ പിന്നീട് തന്റെ ശക്തി വീണ്ടെടുത്ത് ഒരു ഭ്രാന്തനെപ്പോലെ ആ കുഷ്ഠരോഗിയുടെ അടുത്ത്ചെന്നു അയാളുടെ മുറിവുകൾ ഓരോന്നിലും ചുംബിക്കുന്നു. ഓരോ ചുംബനത്തിനും ഓരോ മുറിവും അപ്രത്യക്ഷമാകുന്നു. ഒടുവിൽ അവശേഷിക്കുന്നത് അഞ്ചു മുറിവുകളാണ്. രണ്ട് കൈവെള്ളയിലും കാൽപാദങ്ങളിലും ഒന്ന് പാർശ്വത്തിലും. ഉടനെ പുണ്യാളൻ വിളിച്ചു പറഞ്ഞു ''കർത്താവേ, മുറിവേറ്റ ഏതൊരു മനുഷ്യന്റെ പുറകിലും മറഞ്ഞിരിക്കുന്നത് നീയാണ് എന്ന് തിരിച്ചറിയുവാൻ ഞാൻ എത്ര വൈകി എന്ന്!'' ഫുൾട്ടൻ ജെ. ഷീൻ പറയുന്നുണ്ട്: ''മുറിവേറ്റ സഭയാണ് യഥാർത്ഥ സഭ; മുറിവേറ്റ ക്രിസ്തുവാണ് യഥാർത്ഥ ക്രിസ്തു; മുറിവേറ്റ ക്രിസ്ത്യാനിയാണ് യഥാർത്ഥ ക്രിസ്ത്യാനി.''

**3. പത്രോസിന്റെ തടസ്സം പറയൽ**

കാര്യം, പത്രോസ്, കർത്താവ് മിശിഹായാണ് എന്നൊക്കെ ഏറ്റുപറഞ്ഞു ശിഷ്യന്മാരുടെ മുമ്പിൽ അല്പം 'ഷൈൻ' ചെയ്തു ചൂടാറും മുമ്പുതന്നെ സഹിക്കുന്ന മിശിഹായെ തള്ളിപ്പറയുന്നു (ചിലപ്പോൾ ഈശോയുടെ സ്നേഹം കൊണ്ടായിരിക്കും പുള്ളി അങ്ങനെ പറഞ്ഞതു. പാവം...). അതു കേട്ട് പത്രോസിനെ കർത്താവ് 'സാത്താൻ' എന്നു വിളിക്കുന്നു. ഈ 'സാത്താൻ' എന്ന വാക്കിന്റെ root meaning 'എതിർക്കുന്നവൻ' എന്നാണ്. സഹനത്തെ 'എതിർക്കുന്നവൻ'/'തള്ളിപ്പറയുന്നവൻ' ആരോ അവനാണ് യാഥാർഥത്തിൽ സാത്താൻ. സഹനത്തെ അവഗണിക്കാനായിട്ടുള്ള നമ്മുടെ പ്രലോഭനങ്ങളെ നമ്മുടെ സൗഹൃദങ്ങളെ ആശയധാരകളെ ബോധപൂർവം അകറ്റി നിറുത്തുക. ഇച്ചിരി കഷ്ടപ്പെടാൻ തയ്യാറാവുക എന്നർത്ഥം.

## മാർച്ച് 24 നോമ്പ് ഏഴാം ഞായർ (മത്തായി 21: 1 – 17)

### 1. ഓശാന: നിസ്സഹായന്റെ നിലവിളി

രാജ്യവും രാജാവും ദൈവാലയവും നഷ്ടപ്പെട്ട ഒരു ജനത. എന്നുവച്ചാൽ രാഷ്ട്രീയവും സാമൂഹികവും മതപരവുമായ എല്ലാ പ്രാധാന്യവും സ്വാധീനവും നഷ്ടപ്പെട്ട ഒരു സമൂഹം, തങ്ങളെ രക്ഷിക്കാനായി നിലവിളിച്ച് പ്രാർഥിക്കുന്നതാണ് 'ഓശാന'. 'കർത്താവേ, ഞങ്ങളെ രക്ഷിക്കണേ'–Save Us! (Oh Lord) എന്നാണ് ഈ വാക്കിന്റെ അർഥം. ദൈവംമാത്രം ആശ്രയമുള്ളവന്റെ നിലവിളിയാണ് ഓശാന. ഏതാണ്ട് ഇസ്രായേൽ ജനത്തിന്റെ അതേ അവസ്ഥതന്നെയാണ് നമ്മുടെ കേരളത്തിലേതും.

രാഷ്ട്രീയവും മതപരവും സാമൂഹികപരവുമായ ഭൂപടത്തിൽ നിന്നും ക്രിസ്ത്യാനികൾ മാറ്റപ്പെടുന്ന ഒരു കാലം. രാഷ്ട്രീയമായ ഒരു അരക്ഷിതാവസ്ഥയിലേക്ക് നമ്മൾ കൂപ്പുകുത്തിയിരുന്നു. ഈ കാലത്ത് നമുക്കും ഒന്നേ ചെയ്യാനുള്ളൂ... വലിയ വായിൽ നിലവിളിക്കുക. ''ഓശാന:'' കർത്തവേ ഞങ്ങളെ രക്ഷിക്കണേ ... കാരണം ദൈവം മാത്രമാണ് നമുക്ക് ഏക ആശ്രയം .

### 2. ഓശാന മുട്ട്

ഓശാന ഞായറാഴ്ചയുടെ തിരുകർമങ്ങളിൽ ഒന്നാണ് ഓശാന മുട്ട്. വൈദികൻ കുരുത്തോല പ്രദക്ഷിണത്തിനു ശേഷം ദേവാലയത്തിന്റെ വാതിൽ മുട്ടിത്തുറന്നുകൊണ്ട് രാജകീയമായി പ്രവേശിക്കുന്നു. മൂന്നാമത്തെ മുട്ടിൽ വാതിൽ തുറക്കുന്നു. ജനം ദേവാലയത്തിൽ പ്രവേശിക്കുന്നു.

വെളിപാടിന്റെ പുസ്തകത്തിൽ പറയുന്നുണ്ട് . ''ഇതാ, ഞാൻ വാതിലിൽ മുട്ടുന്നു. ആരെങ്കിലും എന്റെ സ്വരം കേട്ടു വാതിൽ തുറന്നുതന്നാൽ ഞാൻ അവന്റെ അടുത്തേക്കു വരും. ഞങ്ങൾ ഒരുമിച്ചു ഭക്ഷിക്കുകയുംചെയ്യും'' (വെളിപാട് 3 : 19–20)

ഓശാന മുട്ടുപോലെതന്നെ ഈശോ നമ്മുടെ ഹൃദയ വാതിൽക്കൽ വന്നു മുട്ടുന്നുണ്ട്. അവന്റെ സ്വരംശ്രവിക്കാനും നമ്മുടെ ഹൃദയകവാടങ്ങൾ അവനായി തുറന്നു കൊടുക്കാനും പറ്റുന്നുണ്ടോ എന്ന് ചിന്തിക്കുന്നത് നല്ലതാണ്. നമ്മുടെ ഹൃദയവാതിലുകൾ തമ്പുരാനുവേണ്ടി തുറന്നുകൊടുക്കാം.

## മാർച്ച് 31 ഉയിർപ്പ് ഒന്നാം ഞായർ (മത്തായി 28:1 – 6)

### 1. സമാധാനം

ഉയിർത്തെഴുന്നേറ്റ ഈശോ ഏറ്റവും അധികം ആവർത്തിച്ച വാക്ക് ഇതാണ്: 'സമാധാനം.' നമ്മുടെ കാലത്തു നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നതും ഇതാണ്. ഒന്നു പ്രാർഥിക്കുന്നത് നല്ലതാണ്. കുടുംബത്തിൽ, നാട്ടിൽ, ഇടവകയിൽ, രാജ്യത്തു ഒരല്പം സമാധാനം ഉണ്ടാകാൻ.. യുദ്ധം എന്നുള്ളത് റഷ്യയിലും ഉക്രൈനിലും നടക്കുന്ന ഒന്നുമാത്രം ആണ് എന്ന് തെറ്റിധരിക്കരുത്.

ഒരു യുദ്ധാന്തരീക്ഷം നമ്മുടെ ഇടയിൽത്തന്നെയുണ്ട്. നമ്മുടെ കുടുംബവും അയൽപക്കവും, കുടുംബ യൂണിറ്റും ഇടവകയും ഒരു ചെറിയ കുരുക്ഷേത്രഭൂമി തന്നെയാണ്. നേരിട്ടുള്ള fight ഇല്ലന്നേയുള്ളൂ.

അതാണ് ഫ്രാൻസിസ് മാർപ്പാപ്പ പറഞ്ഞത്: ''സമാധാനം എന്നത് യുദ്ധം ഇല്ലാത്ത അവസ്ഥ മാത്രമല്ല, അതു നീതിയിൽ അധിഷ്ഠിതമാണ്. അതു ആരംഭിക്കേണ്ടത് നിന്റെ ഹൃദയത്തിൽനിന്നും കുടുംബത്തിൽനിന്നുമാണ്'' എന്ന്.

### 2. കരയാതിരിക്കുക

യോഹന്നാന്റെ സുവിശേഷപ്രകാരം ഈശോ ചോദിക്കുന്ന ആദ്യ ചോദ്യം ''സ്ത്രീയേ എന്തിനാണ് നീ കരയുന്നത്? (Woman, why are you weeping? )

വല്ലാതെ സങ്കടം അനുഭവിക്കുന്നവർ നമ്മുടെ കൂട്ടത്തിൽ ഉണ്ട് , കരയുന്നവർ നമ്മുടെ കൂട്ടത്തിൽ ഉണ്ട് .അവരോട് ഒരു ആശ്വാസവാക്കു പറയാൻ, അവരുടെ സങ്കടത്തിന്റെ കാരണം തിരക്കാൻ, വേണ്ടിവന്നാൽ അതു തീർത്തുകൊടുക്കാൻ നമുക്കാവണം. കരയുന്നവരുടെ കണ്ണീരൊപ്പുക എന്നതാണ് ഉത്ഥാനംചെയ്ത ക്രിസ്തു കാണിച്ചുതന്ന മാതൃക. അതു ജീവിതത്തിൽ പകർത്താം.



നസ്രത്ത് സന്ന്യാസിനി സമൂഹത്തിന്റെ
ആലുവ ചൂണ്ടിയിലുള്ള ജനറലേറ്റ്

# കുടുംബവിളക്കിന്റെ 75 വർഷങ്ങൾ

## കുടുംബപ്രേഷിതത്വം മുഖ്യദൗത്യമായി സ്വീകരിച്ചിരിക്കുന്ന നസ്രത്ത് സന്ന്യാസിനിസമൂഹം (CSN) എഴുപത്തിയഞ്ചുവർഷം പിന്നിടുമ്പോൾ...

**വിനായക് നിർമ്മൽ**

'**കു**ടുംബങ്ങളെ തിരുക്കുടുംബങ്ങളാക്കുക' എന്ന ലക്ഷ്യത്തോടെ 75 വർഷം മുമ്പ് എറണാകുളം അതിരൂപതയിലെ എടക്കുന്നിൽ പാകിയ ഒരു ചെറിയ വിത്ത്, ശാഖകളും ശാഖോപശാഖകളുമായി മനുഷ്യസമൂഹത്തിന് ഒട്ടാകെ തണൽ നല്കുന്ന ഒരു വടവൃക്ഷമായി മാറിയിരിക്കുന്ന അത്ഭുതപരിണാമത്തിന്റെ കഥയാണ് നസ്രത്ത് സന്ന്യാസിനിസമൂഹത്തിനു പറയാനുള്ളത്. മനുഷ്യരുടെ സ്വഭാവരൂപീകരണത്തിന് കുടുംബങ്ങളോളം ശക്തിയുള്ള മറ്റൊരു സ്ഥാപനമില്ല എന്ന മാർ അഗസ്റ്റിൻ കണ്ടത്തിലിന്റെ തിരിച്ചറിവും ആ തിരിച്ചറിവിനെ യാഥാർഥ്യമാക്കാൻ പിതാവിനോടുചേർന്നു പ്രവർത്തിച്ച അന്നത്തെ എറണാകുളം രൂപതാ പ്രൊക്യുറേറ്റർ ഫാ. ജോൺ പിണക്കാട്ടിന്റെ പരിശ്രമങ്ങളും ഇവയ്ക്കൊപ്പം അതിരൂപതാ ധ്യാനഗുരുവായിരുന്ന മോൺ. മാത്യു മങ്കുഴിക്കരിയുടെ ആത്മീയദർശനങ്ങളും കൂടിചേർന്നാണ് നസ്രത്ത് സന്ന്യാസിനിസമൂഹത്തിന് അടിത്തറ പണിതത്.

കുടുംബങ്ങളുടെ രക്ഷയെക്കുറിച്ചുള്ള ഈ മൂന്നുപേരുടെയും ആകുലതയും സ്വപ്നങ്ങളും ഉൾക്കാഴ്ചകളും കൂട്ടായ്മയുടെ തണലിൽ ധ്യാനമനനങ്ങളിലൂടെ ഒരേ ലക്ഷ്യത്തിലെത്തിച്ചപ്പോൾ അവിടെ പിറവിയെടുത്തതു സഭയ്ക്കും സമൂഹത്തിനും ഒന്നുപോലെ നന്മചെയ്യാൻ കഴിയുന്ന നസ്രത്ത് എന്ന സന്ന്യാസിനിസമൂഹമായിരുന്നു. അതുകൊണ്ടുതന്നെ നസ്രത്ത് സന്ന്യാസിനിസമൂഹസ്ഥാപകരെ 'ത്രിത്വസ്ഥാപകർ' എന്നാണ് വിളിക്കുന്നത്.

കുടുംബങ്ങളുടെ രക്ഷയായിരുന്നു മാർ അഗസ്റ്റിൻ കണ്ടത്തിലിന്റെ എക്കാലത്തെയും മുൻഗണനയെന്ന് എറണാകുളം മിസത്തിന്റെ 1921 മുതല്ക്കുള്ള ലക്കങ്ങളിൽനിന്നു മനസ്സിലാക്കാനാവും. സ്വാതന്ത്ര്യപ്രാപ്തിക്കു മുമ്പുള്ള വളരെ അസ്വസ്ഥജനകവും നിരാശാഭരിതവുമായ അവസ്ഥയിലൂടെയായിരുന്നു കേരളീയ കത്തോലിക്കാകുടുംബങ്ങൾ കടന്നുപോയിരുന്നത്. അനാചാരങ്ങളും ദാരിദ്ര്യവും ധാർമിക അപഭ്രംശങ്ങളും അന്ന് സമൂഹത്തിലും കുടുംബങ്ങളിലും കൊടികുത്തി വാഴുന്നുണ്ടായിരുന്നു. തനിക്കുചുറ്റും കാണുന്ന ഇത്തരം കാഴ്ചകൾ ഒരു ഇടയശ്രേഷ്ഠനെന്ന നിലയിലും മനുഷ്യനെന്നനിലയിലും കണ്ടത്തിൽ പിതാവിനെ വേദനിപ്പിച്ചിരുന്നു. സമാനമായ നിരവധി അനുഭവങ്ങളുടെ കഥകൾ പിണക്കാട്ടച്ചനും മങ്കുഴിക്കരിയച്ചനും പങ്കുവയ്ക്കാനുണ്ടായിരുന്നു. അങ്ങനെ മൂന്നുപേരുടെ പ്രാർഥനകളുടെയും ആലോചനകളുടെയും ഫലമായിട്ടാണ് അവയ്ക്ക് പരിഹാരമെന്ന നിലയിൽ 'കുടുംബങ്ങളിൽ രക്ഷയുടെ ദീപം തെളിയിക്കുക' എന്ന ലക്ഷ്യത്തോടെ നസ്രത്ത് സഹോദരികളുടെ സന്ന്യാസിനിസമൂഹം എന്ന പേരിൽ ഒരു സമൂഹം ആരംഭിക്കാൻ തീരുമാനമായത്. വികസനം കടന്നുചെന്നിട്ടില്ലാത്ത ഒരു ഭൂപ്രദേശമായിരുന്നു അന്ന് എടക്കുന്ന്. ഇന്ന് ആ പ്രദേശത്തിനുണ്ടായ വളർച്ചയും വികാസവും നസ്രത്ത് സന്ന്യാസിനിസമൂഹവുമായി ബന്ധപ്പെട്ടിരുക്കുന്നുവെന്നത് മറ്റൊരു കഥ.



**ഏതു പ്രവർത്തനങ്ങളിൽ ഏർപ്പെട്ടാലും കുടുംബം എന്ന ലക്ഷ്യത്തിൽനിന്ന് അവർ വ്യതിചലിച്ചിട്ടില്ല. കുടുംബങ്ങളെ രക്ഷിക്കാനുള്ള യാത്രയ്ക്കിടയിൽ മരിക്കേണ്ടിവന്നാൽ അതാണ് ഏറ്റവും നല്ല മരണമെന്ന് സ്ഥാപകപിതാക്കന്മാർ നല്കിയ പാഠമാണ് ഇവരുടെ മൂലധനം.**

1946 മാർച്ച് 19ന് നസ്രത്ത് സന്ന്യാസിനിസമൂഹത്തിനും സ്ഥാപനങ്ങൾക്കുമുള്ള അടിസ്ഥാനശിലയുടെ വെഞ്ചിരിപ്പ് നടന്നു. 1948 മാർച്ച് 18,19 തീയതികളിലായിട്ടായിരുന്നു നസ്രത്ത് സന്ന്യാസിനിസമൂഹത്തിന്റെ ഉദ്ഘാടനം. മറ്റേതൊരു സമകാലികസന്ന്യാസസമൂഹത്തിൽനിന്നും വ്യത്യസ്തമായി നസ്രത്ത് സന്ന്യാസിനിസമൂഹത്തിന്റെ ഉദ്ഘാടനവും ആശീർവാദകർമവും വിപുലമായ ആഘോഷപരിപാടികളോടെയാണ് നടന്നത്. സന്ന്യാസിനിസമൂഹാംഗങ്ങളെ സ്വീകരിക്കാൻ വേണ്ടിയുള്ള എല്ലാ ഭൗതികസാഹചര്യങ്ങളും ഒരുക്കിയതിനുശേഷമാണ് ഈ സന്ന്യാസിനി സമൂഹത്തിന്റെ ഉദ്ഘാടനം നടന്നത്. കെട്ടിടങ്ങളുടെ ആശീർവാദവും ആദ്യ അംഗങ്ങളുടെ പ്രവേശനവും അതോടൊപ്പം ഇവർ സംരക്ഷിക്കേണ്ട വിവിധ അഭയഭവനങ്ങളിലേക്കുള്ള അംഗങ്ങളുടെ പ്രവേശനവും ഒരേദിവസം തന്നെ നടന്നു.

എങ്കിലും വളരെ ചെറിയ തുടക്കമായിരുന്നു സന്ന്യാസിനിസമൂഹത്തിന്റേത്. ഏറെ പ്രയാസങ്ങളും ബുദ്ധിമുട്ടുകളും ദാരിദ്ര്യവും ഇല്ലായ്മയും തുടക്കകാലത്തെ എല്ലാ അംഗങ്ങളും അനുഭവിച്ചിരുന്നു. വിരലിലെണ്ണാവുന്ന അംഗങ്ങളുമായി ആരംഭിച്ച നസ്രത്ത് സമൂഹം ഇന്ന് സെന്റ് ജോസഫ്സ്, സെന്റ് മേരീസ്, ക്രൈസ്റ്റ ജ്യോതി എന്നീ മൂന്നു പ്രോവിൻസുകളായി തിരിഞ്ഞ് ഇൻഡ്യയിലും ജർമ്മനിയിലും ഇസ്രായേലിലും 800 ഓളം അംഗങ്ങളുമായി 'നസ്രായനേശുവിന്റെ രക്ഷാകരസ്നേഹം അനുഭവിച്ചു സ്നേഹൈക്യത്തിലാകുക, കുടുംബങ്ങളെ രക്ഷയിലേക്കു ആനയിക്കുക' എന്ന സ്ഥാപകചൈതന്യത്തിൽനിന്ന് അണുവിട വ്യതിചലിക്കാതെ മുന്നോട്ടുപൊയ്ക്കൊണ്ടിരിക്കുന്നു.

കുടുംബങ്ങൾക്കുവേണ്ടി സ്ത്രീകളെ രൂപപ്പെടുത്തുന്നതിനായുള്ള കേരളത്തിലെ ആദ്യത്തെ ഹോം സയൻസ് കോളജ് ആരംഭിച്ചതുമുതൽ അവിവാഹിതരായ അമ്മമാർക്ക് അവരുടെ ഗർഭകാലത്ത് സംരക്ഷണവും സുരക്ഷിതത്വവും നല്കി അവരുടെ സാമൂഹികാന്തസ് നഷ്ടപ്പെടാതെ കാത്തുസൂക്ഷിക്കുന്നതുവരെയുള്ള എത്രയെത്ര സേവനങ്ങളും ആശ്വാസങ്ങളുമാണ് ഈ സന്ന്യാസിനിസമൂഹം ഇന്ന് നല്കിക്കൊണ്ടിരിക്കുന്നത്. ജോലിക്കാരായ സാധുസ്ത്രീകളുടെ സംരക്ഷണം, ഭവന സന്ദർശനം, സന്ന്യാസജീവിതത്തിലേക്കു പ്രവേശിക്കാനുള്ള വിദ്യാഭ്യാസയോഗ്യതയില്ലാത്തവരും എന്നാൽ ഭക്തജീവിതം ആഗ്രഹിക്കുന്നവരുമായ സ്ത്രീകൾക്കുള്ള ഭവനം (സെന്റ് ആന്റണീസ് ഹോം), സന്മാർഗഭ്രംശംഭവിച്ച സ്ത്രീകൾക്കുള്ള സങ്കേതം (സെന്റ് മാഗ്ദലിൻസ് ഹോം), അമ്മമാർക്കും കുഞ്ഞുങ്ങൾക്കും അഭയം നല്കുന്ന മാതൃശിശുഭവനങ്ങൾ, സാമ്പത്തികശേഷിയുള്ള വിധവകൾക്കും വിവാഹജീവിതം ആഗ്രഹിക്കാത്തവർക്കും അംഗപരിമിതർക്കുമുള്ള ഭവനങ്ങൾ, മാനസികരോഗികൾക്കായുള്ള പുനരധിവാസകേന്ദ്രങ്ങൾ, വൃദ്ധമന്ദിരങ്ങൾ, അനാഥാലയങ്ങൾ, മാതൃസംഘവും അമ്മ മാസികയും, കുടുംബവിശുദ്ധീകരണ ധ്യാനങ്ങൾ, കൗൺസിലിംഗ് സെന്ററുകൾ, ഹോം മിഷൻ, കുടുംബങ്ങളുടെ സ്വയംപര്യാപ്തത, പകൽ വീട്, കുടുംബപ്രസിദ്ധീകരണങ്ങൾ, രോഗീശുശ്രൂഷ, വിദ്യാഭ്യാസപ്രവർത്തനങ്ങൾ, മിഷൻപ്രദേശങ്ങളിലെ വിവിധ ശുശ്രൂഷകൾ എന്നിങ്ങനെ എത്രയെത്ര വ്യത്യസ്തമേഖലകളിലാണ് ഈ സന്ന്യാസിനികൾ പ്രവർത്തിക്കുന്നത്.

ഏതു പ്രവർത്തനത്തിൽ ഏർപ്പെട്ടാലും കുടുംബം എന്ന ലക്ഷ്യത്തിൽനിന്ന് അവർ വ്യതിചലിച്ചിട്ടില്ല. കുടുംബങ്ങളെ രക്ഷിക്കാനുള്ള യാത്രയ്ക്കിടയിൽ മരിക്കേണ്ടിവന്നാൽ അതാണ് ഏറ്റവും നല്ല മരണമെന്ന് സ്ഥാപകപിതാക്കന്മാർ നല്കിയ പാഠമാണ് ഇവരുടെ മൂലധനം. അതേ തീക്ഷ്ണത, റിലേ ഓട്ടമത്സരത്തിൽ ബാറ്റൺ കൈമാറുന്നതുപോലെ തലമുറകളിൽനിന്നു തലമുറകളിലേക്കു കൈമാറ്റം ചെയ്യപ്പെട്ടുകൊണ്ടിരിക്കുന്നു.

ആലുവ, ചൂണ്ടിയിലാണ് ജനറലേറ്റ്. നസ്രത്ത് സന്ന്യാസിനിസമൂഹം പിറവിയെടുത്ത എടക്കുന്നിൽ മദർ ഹൗസ് സ്ഥിതിചെയ്യുന്നു. സി. ടെറസിൻ സി. എസ്. എൻ ആണ് സുപ്പീരിയർ ജനറൽ.

കുടുംബങ്ങളിൽ അണഞ്ഞുപോകുന്ന പ്രകാശത്തിന്റെ തിരിനാളങ്ങളെ കത്തിജ്വലിപ്പിക്കാൻ രക്ഷാകരസ്നേഹത്തിന്റെ എണ്ണ പകരുന്ന ഈ വിളക്കുമരങ്ങൾക്ക് ആശംസകൾ!

ബൈബിൾ സംശയങ്ങൾ

# സമാധാനമോ ഭിന്നതയോ?

റവ. ഡോ. ആന്റണി വടക്കേകര വി. സി.

**"ഭൂമിയിൽ സമാധാനമാണു ഞാൻ കൊണ്ടുവന്നിരിക്കുന്നത് എന്നു നിങ്ങൾ വിചാരിക്കരുത്; സമാധാനമല്ല, വാളാണു ഞാൻ കൊണ്ടുവന്നിരിക്കുന്നത്" (മത്തായി 10:34)**

പുതിയനിയമത്തിലെ ഒന്നാമത്തെ പുസ്തകമായ മത്തായിയുടെ സുവിശേഷത്തിൽ ഈശോ പറഞ്ഞതായി രേഖപ്പെടുത്തപ്പെട്ടിരിക്കുന്ന ഒരു ദുർഗ്രഹവചനമാണ് ''സമാധാനമല്ല, വാളാണു ഞാൻ കൊണ്ടുവന്നിരിക്കുന്നത്'' (10:34) എന്നത്. ഭൂമിയിൽ സമാധാനം സ്ഥാപിക്കുവാനായി വന്ന യേശുക്രിസ്തുവിന്റെ ഈ വാക്കുകൾ മനസ്സിലാക്കാൻ ബുദ്ധിമുട്ടുള്ളതും വ്യാഖ്യാനിക്കാൻ പ്രയാസമേറിയതുമാണ്.

ശിഷ്യന്മാരെ തിരഞ്ഞെടുത്തു അപ്പസ്തോലിക ശുശ്രൂഷകൾക്കായി അയച്ചുകൊണ്ട് കർത്താവു നടത്തുന്ന 'മിഷൻ പ്രഭാഷണ'മദ്ധ്യേ (മത്തായി 10) പറയപ്പെട്ട വാക്കുകളാണിത്. യേശുവിനെപ്രതി ശിഷ്യന്മാർ ജീവിതത്തിൽ നേരിടേണ്ടിവരുന്ന എതിർപ്പുകളും പീഡനങ്ങളും സഹനങ്ങളുമാണ് പ്രതിപാദനസാഹചര്യം.

സമാനമായൊരു വാക്യം ലൂക്ക 12:51ൽ ഉണ്ട്. 'വാൾ' എന്നതിനുപകരം 'ഭിന്നത' എന്ന വാക്കാണ് അവിടെ ഉപയോഗിച്ചിരിക്കുന്നത്. ഭിന്നതയെ സൂചിപ്പിക്കാൻ ഉപയോഗിച്ചിരിക്കുന്ന പ്രതീകമാണ് വാൾ എന്നു വ്യക്തമാണ്. മകനെ പിതാവിനെതിരായും മകളെ അമ്മയ്ക്കെതിരായും മരുമകളെ അമ്മായിയമ്മയ്ക്കെതിരായും ഭിന്നിപ്പിക്കാനാണ് താൻ വന്നിരിക്കുന്നതെന്നും സ്വന്തം കുടുംബത്തിൽപ്പെട്ടവർ തന്നെയായിരിക്കും ഒരുവന്റെ ശത്രുക്കളെന്നും യേശു കൂട്ടിച്ചേർക്കുന്നു (മത്തായി 10:35-36).

ക്രിസ്തുശിഷ്യന്മാരാകുന്നവർ വിശ്വാസത്തെപ്രതി സഹിക്കേണ്ടിവരുമെന്നും ക്രിസ്തുവിനോടുള്ള സമർപ്പണം എതിർപ്പുകൾ ക്ഷണിച്ചുവരുത്തുമെന്നും വ്യക്തമാക്കാൻ വേണ്ടി യേശു പറഞ്ഞ വചനമാണിത്. തന്റെ വരവിന്റെ ലക്ഷ്യം ഭിന്നതയുളവാക്കുകയാണ് എന്ന അർഥത്തിലല്ല മറിച്ച്, തന്റെ വരവിന്റെ ഫലമായി ഭിന്നതയുണ്ടാകും എന്ന അർഥത്തിലാണ് ഈ വാക്കുകൾ ഉപയോഗിച്ചിരിക്കുന്നത്.

ആദിമസഭയുടെ ചരിത്രം പരിശോധിക്കുമ്പോൾ ഈ വചനം യാഥാർഥ്യമായിത്തീർന്നു എന്നു മനസ്സിലാക്കുവാൻ സാധിക്കും. യേശുക്രിസ്തുവിനെ കർത്താവും ദൈവവും രക്ഷകനുമായി ഏറ്റുപറഞ്ഞ വിശ്വാസികൾ സ്വന്തം കുടുംബങ്ങളിൽനിന്നു തിരസ്കൃതരാവുകയും കുടുംബാംഗങ്ങളാൽതന്നെ ഒറ്റിക്കൊടുക്കപ്പെടുകയും വധിക്കപ്പെടുകയും ചെയ്തിട്ടുണ്ട്. ആദിമസഭയുടെ ഈ ചരിത്രം ലോകത്തിൽ ചിലയിടങ്ങളിൽ ഇപ്പോഴും ആവർത്തിക്കപ്പെടുന്നുണ്ട്.

എന്നാൽ യേശുക്രിസ്തു സമാധാനത്തിന്റെ ഉറവിടവും സമാധാനദാതാവും സമാധാനകാംക്ഷിയുമാണെന്നു പുതിയനിയമം ആവർത്തിച്ചു വ്യക്തമാക്കുന്നുണ്ട് (ലൂക്ക 2:14,29; 7:50; 8:48; മർക്കോസ് 5:34; യോഹന്നാൻ 14:27; 20:19-21; കൊളോസോസ് 1:20; 3:15; എഫേസോസ് 2:14,16).

# മേജർ ആർച്ചുബിഷപ്പിന്റെ ഡയറി

**ജനുവരി 10:** സീറോമലബാർസഭയുടെ നാലാമത്തെ മേജർ ആർച്ചുബിഷപ്പായി അഭിവന്ദ്യ മാർ റാഫേൽ തട്ടിൽ പിതാവു തെരഞ്ഞെടുക്കപ്പെട്ടു. പരിശുദ്ധ പിതാവു ഫ്രാൻസിസ് മാർപാപ്പ നിയമനം അംഗീകരിച്ചു. ഇതുസംബന്ധിച്ച പ്രഖ്യാപനം സഭയുടെ ആസ്ഥാനത്തുവച്ചു നടത്തപ്പെട്ടു.

**ജനുവരി 11:** സഭാകാര്യാലയമായ മൗണ്ട് സെന്റ് തോമസിൽ നടന്ന തിരുക്കർമത്തിൽ സഭയുടെ നാലാമത്തെ മേജർ ആർച്ചുബിഷപ്പായി അഭിവന്ദ്യ മാർ റാഫേൽ തട്ടിൽ പിതാവ് സ്ഥാനാരോഹിതനായി. അഡ്മിനിസ്ട്രേറ്റർ മാർ സെബാസ്റ്റ്യൻ വാണിയപ്പുരക്കൽ പിതാവു കർമ്മങ്ങൾക്കു കാർമികത്വം വഹിച്ചു.

**ജനുവരി 12:** മുപ്പത്തിരണ്ടാമതു സിനഡിന്റെ രണ്ടാമതു സമ്മേളനം ആരംഭിച്ചു.

**ജനുവരി 13:** മുപ്പത്തിരണ്ടാമതു സിനഡിന്റെ രണ്ടാമതു സമ്മേളനം അവസാനിച്ചു.

- എറണാകുളം മെത്രാസനമന്ദിരവും സെന്റ് മേരിസ് ബസിലിക്കയും സന്ദർശിച്ചു.

**ജനുവരി 14:** കാക്കനാട് സിഎംഐ ജനറലേറ്റ് സന്ദർശിച്ചു വി. കുർബാന അർപ്പിച്ചു.

- തൃശൂർ പുത്തൻപള്ളിയിൽ വി. കുർബാന അർപ്പിക്കുകയും അതിരൂപതയുടെ ഔദ്യോഗിക സ്വീകരണ സമ്മേളനത്തിൽ പങ്കെടുക്കുകയും ചെയ്തു.

**ജനുവരി 15-17:** ഷംഷാബാദ് രൂപത സന്ദർശിച്ചു.

**ജനുവരി 18 :** ഇടുക്കി രൂപതയിലെ നെടുങ്കണ്ടം സെന്റ് സെബാസ്റ്റ്യൻസ് ഫൊറോനാ പള്ളിയുടെ കൂദാശ നടത്തി വി. കുർബാന അർപ്പിക്കുകയും പ്രസ്തുത ദൈവാലയത്തെ മേജർ ആർക്കിഎപ്പിസ്കോപ്പൽ ദൈവാലയമായി ഉയർത്തുകയും ചെയ്തു.

**ജനുവരി 19 :** സി എസ് ടി സന്യാസസമൂഹത്തിന്റെ ജനറലേറ്റു സന്ദർശിച്ചു.

**ജനുവരി 20 :** എസ് ഡി സന്യാസിനിസമൂഹത്തിന്റെ ജനറലേറ്റ് സന്ദർശിച്ചു വി. കുർബാന അർപ്പിച്ചു.

- കോട്ടപ്പുറം രൂപതാമെത്രാൻ റൈറ്റ് റവ.ഡോ.അംബ്രോസ് പുത്തൻവീട്ടിലിന്റെ മെത്രാഭിഷേക കർമത്തിൽ പങ്കെടുത്തു അനുഗ്രഹപ്രഭാഷണം നടത്തി.

**ജനുവരി 22 :** ചങ്ങനാശ്ശേരി അതിരൂപതാകേന്ദ്രം സന്ദർശിച്ചു.

- തിരുവനന്തപുരത്തു മലങ്കര കാത്തോലിക്കാസഭയുടെ തലവൻ കർദിനാൾ ബസേലിയോസ് മാർ ക്ലീമിസ് പിതാവിനെ സന്ദർശിച്ചു.
- തിരുവനന്തപുരം ലൂർദ് ഫൊറോനാപ്പള്ളി ഓഡിറ്റോറിയത്തിൽവച്ചു ചങ്ങനാശ്ശേരി അതിരൂപതയുടെ തെക്കൻ ഫൊറോനകൾ സംയുക്തമായി സങ്കടിപ്പിച്ച സ്വീകരണ യോഗത്തിൽ പങ്കെടുത്തു. ബഹുമാനപ്പെട്ട കേരളാമുഖ്യമന്ത്രി ശ്രീ പിണറായി വിജയൻ, പ്രതിപക്ഷ നേതാവ് ശ്രീ വി ഡി സതീശൻ, കർദിനാൾ ബസേലിയോസ് മാർ ക്ലീമിസ്, ആർച്ചുബിഷപ്പ് തോമസ് നെറ്റോ തുടങ്ങിയവർ സന്നിഹിതരായിരുന്നു.



- ബഹുമാനപ്പെട്ട കേരളാഗവർണ്ണർ ശ്രീ ആരിഫ് മുഹമ്മദ് ഖാനെ അദ്ദേഹത്തിന്റെ ഔദ്യോഗികവസതിയിൽ സന്ദർശിച്ചു.

**ജനുവരി 23 :** തിരുവനന്തപുരം ലൂർദ് ഫൊറോനാപ്പള്ളിയിൽ വി. കുർബാന അർപ്പിച്ചു.

- മംഗലപ്പുഴ സെന്റ് ജോസഫ്സ് പൊന്തിഫിക്കൽ സെമിനാരി സന്ദർശിച്ചു.

**ജനുവരി 24 :** തൃശൂർ മേരിമാതാ മേജർ സെമിനാരി സന്ദർശിച്ചു.

**ജനുവരി 25-27 :** തലശ്ശേരി അതിരൂപതാ കേന്ദ്രം, താമരശ്ശേരി രൂപതാകേന്ദ്രം, ഗുഡ് ഷെപ്പേർഡ് മേജർ സെമിനാരി, നസ്രത്തു സന്യാസിനിസമൂഹത്തിന്റെ ജനറലേറ്റ് , എം എസ് എം ഐ ജനറലേറ്റ് എന്നിവിടങ്ങൾ സന്ദർശിച്ചു.

**ജനുവരി 28,29 :** വടവാതൂർ സെന്റ് തോമസ് അപ്പസ്തോലിക് സെമിനാരി, കോട്ടയം അതിരൂപതാകേന്ദ്രം എന്നിവിടങ്ങൾ സന്ദർശിച്ചു.

**ജനുവരി 30 :** ബംഗളൂരു സെന്റ് ജോൺസ് മെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിൽ നടന്ന സിബിസിഐ പ്ലീനറി സമ്മേളനത്തിൽ പങ്കെടുത്തു.

**ഫെബ്രുവരി 7:** ഫരീദാബാദ് രൂപതാകേന്ദ്രം സന്ദർശിച്ചു.

**ഫെബ്രുവരി 9:** ഡൽഹിയിൽ പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദിയുമായി കൂടിക്കാഴ്ച നടത്തി.

**ഫെബ്രുവരി 10:** ഫരീദാബാദ് രൂപതാ ബൈബിൾ കൺവെൻഷൻ ഉദ്ഘാടനം ചെയ്തു.

**ഫെബ്രുവരി 11:** ബൽത്തങ്ങാടി രൂപതാ സ്ഥാപനത്തിന്റെയും രൂപതാധ്യക്ഷൻ അഭിവന്ദ്യ മാർ ലോറൻസ് മുക്കുഴി പിതാവിന്റെ മെത്രാഭിഷേകത്തിന്റെയും രജത ജൂബിലി ആഘോഷങ്ങളുടെ ഭാഗമായ വി. കുർബാനയിൽ കാർമികത്വം വഹിച്ചു. പൊതുസമ്മേളനത്തിൽ പങ്കെടുത്തു.

**ഫെബ്രുവരി 12:** മൗണ്ട് സെന്റ് തോമസിലെ ചാപ്പലിൽ വിഭൂതിതിരുക്കർമങ്ങൾക്ക് കാർമികത്വം വഹിച്ചു.

- വൈദികരത്നം തുരുത്തേൽ ബഹുമാനപ്പെട്ട സെബാസ്റ്റ്യനച്ചന്റെ മൃതസംസ്കാരശുശ്രൂഷകളുടെ സമാപന ഭാഗത്തിനു കാർമികത്വം വഹിച്ചു.
- വിജയപുരം രൂപതയുടെ സഹായമെത്രാൻ റൈറ്റ് റവ. ഡോ. ജസ്റ്റിൻ മഠത്തിപ്പറമ്പിൽ പിതാവിന്റെ മെത്രാഭിഷേക ശുശ്രൂഷകളിൽ പങ്കെടുത്തു അനുഗ്രഹപ്രഭാഷണം നടത്തി.

**ഫെബ്രുവരി 13 :** ഭരണങ്ങാനം സെന്റ് അൽഫോൻസാ തീർത്ഥാടനകേന്ദ്രത്തിലെ കബറിട കപ്പേളയിൽ വി. കുർബാന അർപ്പിക്കുകയും എം എസ് ടി, എസ് എം എസ്, ഡി എസ് ടി, സെന്റ് മർത്താസ് സമർപ്പിതസമൂഹങ്ങളുടെ ജനറലേറ്റുകൾ സന്ദർശിക്കുകയും ചെയ്തു.

**ഫെബ്രുവരി 14 :** വിൻസൻഷ്യൻ, എംസിബിഎസ് സന്യാസ സമൂഹങ്ങളുടെ സുപ്പീരിയർ ജനറാളച്ചന്മാരെ കൂരിയായിൽ സ്വീകരിച്ചു.

**ഫെബ്രുവരി 16 :** ഫ്രാൻസിലെ പാരിസിൽനിന്നുള്ള ഒരു തീർത്ഥാടകസംഘത്തെ കൂരിയായിൽ സ്വീകരിച്ചു.

**ഫെബ്രുവരി 17 :** പോട്ട ബൈബിൾ കൺവെൻഷനിൽ വചനസന്ദേശം നൽകി.

**ഫെബ്രുവരി 18-22 :** ബാങ്കോക്കിൽവച്ചു നടത്തപ്പെട്ട ഏഷ്യയിലെ കത്തോലിക്കാ മെത്രാൻ സമിതിയുടെ മീറ്റിംഗിൽ പങ്കെടുത്തു.

# വന്യജീവി ആക്രമണം: കൽപ്പറ്റയിലെ പ്രതിഷേധ റാലിയിൽ പങ്കെടുത്തത് പതിനായിരങ്ങൾ

മനുഷ്യജീവനു ഭീഷണിയുയർത്തി കാടിറങ്ങുന്ന വന്യജീവികളുടെ ആക്രമണത്തിൽ വയനാടിന് അടുത്തയിടെ നഷ്ടമായത് രണ്ടു ജീവനുകൾ. അജീഷും, പോളും. മനുഷ്യരുടെ സൈ്വര്യവിഹാരം പോലും നഷ്ടപ്പെടുത്തി വന്യമൃഗങ്ങൾ നാടു കയ്യേറുമ്പോൾ നിസ്സഹായതയോടും ഭയത്തോടുംകൂടി നോക്കിയിരിക്കാൻ തയ്യാറാവാതെ, മാനന്തവാടി രൂപതയുടെ ആഭിമുഖ്യത്തിൽ ജീവനും സ്വത്തിനും സംരക്ഷണം ആവശ്യപ്പെട്ട് നടത്തിയ പ്രക്ഷോഭപരിപാടിയിൽ പങ്കെടുത്തത് പതിനായിരങ്ങൾ. എ.കെ.സി.സി മാനന്തവാടി രൂപത സമിതി ജില്ലാ ആസ്ഥാനമായ കൽപ്പറ്റയിലാണ് പ്രതിഷേധറാലി സംഘടിപ്പിച്ചത്.


മാനന്തവാടി രൂപത വികാരി ജനറാൾ മോൺ.പോൾ മുണ്ടോളിക്കൽ റാലി ഫ്ളാഗ് ഓഫ് ചെയ്തു. രൂപതയിലെ വിവിധ ഇടവകകളിൽനിന്നുള്ള വൈദികരും വിശ്വാസികളും സന്യസ്തരും പങ്കെടുത്തു. കോട്ടയം രൂപത വയനാട് മേഖല,താമരശ്ശേരി, തലശേരി അതിരൂപത എന്നിവിടങ്ങളിൽ നിന്നുള്ളപ്രതിനിധികളും പങ്കെടുത്തു.തലശ്ശേരി അതിരൂപതാധ്യക്ഷൻ മാർ ജോസഫ് പാംപ്ലാനി, മാനന്തവാടി



ബിഷപ് മാർ ജോസ് പൊരുന്നേടം, താമരശ്ശേരി ബിഷപ്പും കത്തോലിക്കാ കോൺഗ്രസ് ഗ്ലോബൽ ബിഷപ്പ് ഡെലിഗേറ്റുമായ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ,മാനന്തവാടി രൂപത സഹായമെത്രാൻ മാർ അലക്സ് താരാമംഗലം,കത്തോലിക്കാ കോൺഗ്രസ് ഗ്ലോബൽ ഡയറക്ടർ റവ. ഡോ ഫിലിപ്പ് കവിയിൽ, മാനന്തവാടി രൂപത ഫിനാൻസ് ഓഫീസർ ഫാ. ജോസ് കൊച്ചറയ്ക്കൽ തുടങ്ങിയവർ റാലിക്ക് നേതൃത്വം നല്കി.



അജീഷ്




പോൾ

## അജീഷിന്റെ കുടുംബത്തിന് മാനന്തവാടി രൂപതയുടെ പത്തുലക്ഷം രൂപ ധനസഹായം

കാട്ടാനയുടെ ആക്രമണത്തിൽ മരണമടഞ്ഞ മാനന്തവാടി പടമല സ്വദേശി അജീഷ് പനച്ചിയിലിന്റെ കുടുംബത്തിന് രൂപതയുടെ സാമൂഹ്യസേവനപ്രവർത്തങ്ങൾക്കു നേതൃത്വംനല്കുന്ന വയനാട് സോഷ്യൽ സർവീസ് സൊസൈറ്റിയും (WSSS) ബയോവിൻ അഗ്രോ റിസേർച്ചുംചേർന്ന് പത്തുലക്ഷം രൂപ സാമ്പത്തിക സഹായം നല്കും. അജീഷിന്റെ രണ്ട് കുട്ടികളുടെയും പേരിൽ അവർക്ക് 18 വയസ് തികയുമ്പോൾ ആവശ്യങ്ങൾക്കായി ഉപയോഗിക്കാവുന്നവിധത്തിൽ ദേശസാത്കൃത ബാങ്കിൽ സ്ഥിരനിക്ഷേപമായിട്ടായിരിക്കും തുക കൈമാറുന്നത്.

## വൈദികരത്നം ഫാ. സെബാസ്റ്റ്യൻ തുരുത്തേൽ ഓർമയായി





വൈദികരത്നം ഫാ സെബാസ്റ്റ്യൻ തുരുത്തേൽ എം.എസ്.ടി ദൈവകൃപയുടെ 99 വർഷങ്ങൾ പൂർത്തിയാക്കി നിത്യപിതാവിൻറെ സവിധത്തിലേക്ക് 2024 ഫെബ്രുവരി എട്ടാം തിയതി യാത്രയായി.

2024 ഫെബ്രുവരി പതിനൊന്നാം തിയതി എം എസ് ടി സമൂഹത്തിന്റെ ജനറലേറ്റായ മേലമ്പാറ ദീപ്തി ഭവനിൽ നടന്ന മൃതസംസ്കാര കർമങ്ങൾക്ക് സഭയുടെ പിതാവും തലവനുമായ മേജർ ആർച്ചു ബിഷപ്പ് മാർ റാഫേൽ തട്ടിൽ പിതാവ് നേതൃത്വംനൽകി. കർദിനാൾ മാർ ജോർജ് ആലഞ്ചേരിയും മുൻ ആർച്ച്ബിഷപ്പ് സൂസൈപാക്യം പിതാവു മടങ്ങിയ മെത്രാപ്പോലീത്താമാരും പത്തോളം മെത്രാന്മാരും അനേകം വൈദികരും സന്യസ്തരും അല്മായസുഹൃത്തുക്കളും മൃതസംസ്കാരകർമങ്ങളിൽ പങ്കെടുത്തു.

2016 ജൂലൈ മൂന്നാം തീയതി സീറോമലബാർസഭ അദ്ദേഹത്തിന് വൈദികരത്നം എന്ന വിശിഷ്ടബഹുമതി നല്കി ആദരിച്ചിരുന്നു.



ശ്രേഷ്ഠ കാതോലിക്ക ബസേലിയോസ് തോമസ് പ്രഥമൻ ബാവായുടെ മെത്രാഭിഷേക സുവർണ്ണ ജൂബിലിയാഘോഷവേളയിൽ പുത്തൻകുരിശ് പാത്രിയാർക്ക സെൻററിൽ എത്തിയ സീറോമലബാർ സഭ മേജർ ആർച്ചുബിഷപ് മാർ റാഫേൽ തട്ടിൽ പിതാവിന് സ്വീകരണം നല്കിയപ്പോൾ

## യാക്കോബായ സുറിയാനിസഭയെ സഹോദരിതുല്യം സ്നേഹിക്കുന്നു: മേജർആർച്ചുബിഷപ്പ്

യാക്കോബായ സുറിയാനി സഭയെ സഹോദരിതുല്യം സ്നേഹിക്കുന്നുവെന്ന് സീറോമലബാർസഭ മേജർ ആർച്ചുബിഷപ്പ് മാർ റാഫേൽ തട്ടിൽ. ശ്രേഷ്ഠ കാതോലിക്ക ബസേലിയോസ് തോമസ് പ്രഥമൻ ബാവായുടെ മെത്രാഭിഷേ സുവർണജൂബിലിയാഘോഷവേളയിൽ പുത്തൻകുരിശ് പാത്രിയാർക്കാ സെന്ററിൽ ആശംസകൾ നേരാനെത്തിയതായിരുന്നു മേജർ ആർച്ചുബിഷപ്. അദ്ദേഹം ശ്രേഷ്ഠ ബാവായെ പൊന്നാട അണിയിച്ചു.

സഭാ ആസ്ഥാനത്ത് എത്തിയ മേജർ ആർച്ചുബിഷപ്പിനെ ജോസഫ് മോർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്ത, മാത്യൂസ് മോർ ഈവാനിയോസ് തിരുമേനി, മാത്യൂസ് മോർ അഫ്രേം എന്നീ പിതാക്കന്മാർ ചേർന്ന് സ്വീകരിച്ചു. മലങ്കര മെത്രാപ്പോലീത്ത എന്ന പദവിയിലേക്ക് ഉയർത്തപ്പെട്ട ജോസഫ് മോർ ഗ്രിഗോറിയോസ് തിരുമേനിയെ മേജർആർച്ചുബിഷപ് അനുമോദിച്ചു.

യാക്കോബായ സഭയുടെ ഭരണപരമായ എല്ലാ ഉത്തരവാദിത്തങ്ങളും മലങ്കര മെത്രാപ്പോലീത്തൻ എന്ന നിലയിൽ ജോസഫ് മോർ ഗ്രിഗോറിയോസ് തിരുമേനിയിലാണ് നിക്ഷിപ്തമായിരിക്കുന്നത്. അദ്ദേഹത്തിന്റെ പുതിയ സ്ഥാനലബ്ധിയിൽ ദൈവാനുഗ്രഹം നേർന്ന മേജർആർച്ചുബിഷപ് എല്ലാ സഹകരണങ്ങളും വാഗ്ദാനം ചെയ്തു.

## മേജർ ആർച്ചുബിഷപ് മാർ റാഫേൽ തട്ടിൽ പിതാവിന് ദേവലോകം അരമനയിൽ സ്വീകരണം നല്കി

സീറോമലബാർസഭ മേജർആർച്ചുബിഷപായി തെരഞ്ഞെടുക്കപ്പെട്ട മാർ റാഫേൽ തട്ടിൽ പിതാവിന് ഓർത്തഡോക്സ് സഭാ ആസ്ഥാനമായ ദേവലോകം അരമനയിൽ സ്വീകരണം നല്കി.

ഓർത്തഡോക്സ് സഭാതലവൻ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് ത്രിതീയൻ ബാവ മേജ ർ ആർച്ചുബിഷപ്പിനെ പൊന്നാടയണിയിച്ച് സ്വീകരിച്ചു. ഓർത്തഡോക്സ്സഭയുടെ സിനഡ് നടക്കുന്നതിനാൽ പിതാക്കന്മാരെല്ലാവരും സന്നിഹിതരായിരുന്നു. ഓർത്തഡോക്സ് സഭയുമായുള്ള ബന്ധവും സഹകരണവും എടുത്തുപറഞ്ഞ മേജർആർച്ചുബിഷപ് സഭകളുമായുള്ള ബന്ധം കൂടുതൽ ശക്തിപ്പെടുത്തുന്നതിന് ആവശ്യമായ എല്ലാ നടപടികളും ഇരുസഭകളും സ്വീകരിക്കുന്നതിൽ സന്തോഷം അറിയിക്കുകയും കൂടുതൽ സഹകരണത്തോടെ പ്രവർത്തിക്കുന്നതിനുള്ള മാർഗങ്ങൾ സ്വീകരിക്കണമെന്ന് അഭിപ്രായപ്പെടുകയും ചെയ്തു.

ഓർത്തഡോക്സ് സഭാതലവനോടും സിനഡുപിതാക്കന്മാരോടുമൊപ്പം ഉച്ചഭക്ഷണം കഴിച്ചതിനുശേഷമാണ് മേജർ ആർച്ചുബിഷപ് മടങ്ങിയത്.

മേജർ ആർച്ചുബിഷപ് മാർ റാഫേൽ തട്ടിൽ പിതാവിനെ ദേവലോകം അരമനയിൽ ഓർത്തഡോക്സ് സഭാതലവൻ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് ത്രിതീയൻബാവ പൊന്നാട അണിയിച്ചു ആദരിക്കുന്നു



# സീറോമലബാർ സഭ മേജർആർച്ചുബിഷപ്പായി തെരഞ്ഞെടുക്കപ്പെട്ട മാർ റാഫേൽ തട്ടിൽ പിതാവിന് വിവിധ രൂപതകളിൽ നല്കിയ സ്വീകരണത്തിൽ നിന്ന്

## തൃശൂർ അതിരൂപത



മേജർ ആർച്ചുബിഷപ്പായി സ്ഥാനമേറ്റശേഷം ആദ്യമായി തൃശൂരിലെത്തിയ മാർ റാഫേൽ തട്ടിൽ പിതാവിന് വ്യാകുലമാതാവിന്റെ ബസിലിക്കയിൽ സ്നേഹോഷ്മളമായ സ്വീകരണംനല്കി. മാർ റാഫേൽ തട്ടിൽ പിതാവിന്റെ മുഖ്യ കാർമികത്വത്തിൽ അർപ്പിച്ച വിശുദ്ധ ബലിയിൽ ആർച്ചുബിഷപ് മാർ ആൻഡ്രൂസ് താഴത്ത്, ആർച്ചുബിഷപ് എമരിറ്റസ് മാർ ജേക്കബ് തൂങ്കുഴി, മാർ ആന്റണി ചിറയത്ത്, മാർ ബോസ്ക്കോ പുത്തൂർ, മാർ പോളി കണ്ണൂക്കാടൻ, മാർ ജോയ് ആലപ്പാട്ട്, മാർ ജോസ് കല്ലുവേലിൽ, മാർ സ്റ്റീഫൻ ചിറപ്പണത്ത്, മാർ പീറ്റർ കൊച്ചുപുരയ്ക്കൽ, മാർ ടോണി നീലങ്കാവിൽ, മാർ വർഗീസ് ചക്കാലയ്ക്കൽ, അതിരൂപതയിലെ വികാരി ജനറാൾമാർ, ഫൊറോന വികാരിമാർ എന്നിവരുൾപ്പെടെയുള്ള വൈദികരും വിവിധ സന്യാസസമൂഹങ്ങളിലെ വൈദികരും സഹകാർമികരായിരുന്നു.

വിശുദ്ധ കുർബാനയ്ക്കുശേഷം അനുമോദന സമ്മേളനം നടന്നു. ആർച്ച് ബിഷപ് മാർ ആൻഡ്രൂസ് താഴത്ത് അധ്യക്ഷത വഹിച്ച പൊതുയോഗം റവന്യൂ വകുപ്പ് മന്ത്രി കെ. രാജൻ ഉദ്ഘാടനം ചെയ്തു. ഉന്നത വിദ്യാഭ്യാസ വകുപ്പു മന്ത്രി ആർ ബിന്ദു മുഖ്യപ്രഭാഷണം നടത്തി. ആർച്ച് ബിഷപ് എമിരത്തൂസ് മാർ ജേക്കബ് തൂങ്കുഴി ,ബിഷപ് ടോണി നീലങ്കാവിൽ, കോട്ടപ്പുറം ബിഷപ് ഡോ. അംബ്രോസ് പുത്തൻവീട്ടിൽ, ബിഷപ് ഫ്രാങ്കോ മുളയ്ക്കൽ, ഔഗിൻ മാർ കുര്യാക്കോസ് മെത്രാപ്പോലീത്ത,കുര്യാക്കോസ് മാർ ക്ലീമിസ്, ടി. എൻ പ്രതാപൻ എം.പി, എംഎൽഎമാരായ ബാലചന്ദ്രൻ, സനീഷ് കുമാർ, മേയർ എംകെ വർഗീസ് , ഡെപ്യൂട്ടി മേയർ മേഴ്സി, പത്മശ്രീ സുന്ദർമേനോൻ, സ്വാമി നന്ദാനന്ദാത്മജി, രാജേഷ് പൊതുവാൾ, വിവിധ മതപ്രതിനിധികൾ എന്നിവർ ചടങ്ങിൽ പങ്കെടുത്തു.മുഖ്യമന്ത്രി പിണറായി വിജയന്റെ ആശംസ ചടങ്ങിൽ വൈദിക സമിതി സെക്രട്ടറിയും ബസിലിക്ക റെക്ടറുമായ ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്ത് വായിച്ചു. മേജർആർച്ചുബിഷപ്പെന്ന നിലയിൽ തെരഞ്ഞെടുക്കപ്പെട്ടപ്പോൾ തനിക്കു പ്രധാനമായും മൂന്ന് ഉത്തരവാദിത്വങ്ങളാണുള്ളതെന്ന് മറുപടി പ്രസംഗത്തിൽ മാർ റാഫേൽ തട്ടിൽ പറഞ്ഞു. ആധികാരികതയുള്ള ഒരു ജീവിതം തനിക്കുണ്ടാകണമെന്നാണ് താൻ ആഗ്രഹിക്കുന്നതും പ്രാർഥിക്കുന്നതും. പറയുന്നതും പ്രസംഗിക്കുന്നതും തമ്മിൽവ്യത്യാസമില്ലാത്ത ഒരു ജീവിതം ഞാൻ ജീവിക്കണം.എല്ലാവർക്കും കരം കൊടുക്കാൻ,ആവശ്യമുള്ളവർക്കെല്ലാം സാമീപ്യം കൊടുക്കാൻ കഴിയണം. തന്റെ മെത്തഡോളജി മറ്റുള്ളവരെ കേൾക്കാനുള്ള കൊതിയാണ്. മേജർ ആർച്ചുബിഷപ്പെന്ന നിലയിലുള്ള എന്റെ ഏറ്റവും മുന്തിയ പരിഗണന പാർശ്വവല്ക്കരിക്കപ്പെട്ടവരോടുള്ള പരിഗണനയാണെന്നും അദ്ദേഹം വ്യക്തമാക്കി. കുണ്ടുകുളം പിതാവിന്റെ ഓർമകൾക്കുമുമ്പിൽ കൈകൾ കൂപ്പിയാണ് മേജർആർച്ചുബിഷപ് പ്രസംഗം അവസാനിപ്പിച്ചത്.

മാർ റാഫേൽ തട്ടിൽ പിതാവിന്റെ ഇടവകകൂടിയാണ് വ്യാകുലമാതാവിന്റെ ബസിലിക്ക. പുത്തൻപള്ളിയോട് ചേർന്നുള്ള എരിഞ്ഞേരി അങ്ങാടിയിലാണ് മാർ റാഫേൽ തട്ടിലിന്റെ വീട്. തൃശൂർ നഗരത്തിന്റെ പ്രൗഢിയും മതസൗഹാർദ്ദവും വിളിച്ചോതുന്നതായിരുന്നു മേജർ ആർച്ചുബിഷപ് മാർ റാഫേൽ തട്ടിലിന് നല്കിയ സ്വീകരണചടങ്ങുകൾ.



തൃശൂർ പൗരാവലിയുടെ ആഭിമുഖ്യത്തിൽ കരുണാകരൻ മെമ്മോറിയൽ ഓഡിറ്റോറിയത്തിൽ സീറോമലബാർസഭ മേജർ ആർച്ചുബിഷപ് മാർ റാഫേൽ തട്ടിൽ പിതാവിനും സിബിസിഐ പ്രസിഡണ്ടായി വീണ്ടും തെരഞ്ഞെടുക്കപ്പെട്ട തൃശൂർ അതിരൂപതാധ്യക്ഷൻ മാർ ആൻഡ്രൂസ് താഴത്തിനും സ്വീകരണം നല്കിയ ചടങ്ങിൽനിന്ന്



സിഎംഐ സന്യാസസമൂഹത്തിന്റെ ജനറലേറ്റിൽ ബഹു. പ്രിയോർ ജനറൽ തോമസ് ചാത്തംപറമ്പിലച്ചൻ മേജർ ആർച്ചുബിഷപ്പിനു ബൊക്കെ നല്കി സ്വീകരിക്കുന്നു. ബിഷപ് മാർ ജോൺ പനന്തോട്ടത്തിൽ സമീപം



എറണാകുളം ആർച്ചുബിഷപ്സ് ഹൗസിൽ നല്കിയ സ്വീകരണം: മാർ ആന്റണി കരിയിൽ, മാർ ജേക്കബ് മനത്തോടത്ത്, മാർ ബോസ്ക്കോ പുത്തൂർ, മാർ കുര്യാക്കോസ് ഭരണികുളങ്ങര, മാർ തോമസ് ചക്യത്ത്, മാർ ജോസ് പുത്തൻവീട്ടിൽ തുടങ്ങിയവർ സമീപം



ഭരണങ്ങാനം വിശുദ്ധ അൽഫോൻസാ തീർത്ഥാടന കേന്ദ്രത്തിൽ നല്കിയ സ്വീകരണം. സമീപം ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട്



കോട്ടയം അതിരൂപത ആസ്ഥാനത്തെത്തിയ മാർ റാഫേൽ തട്ടിൽ പിതാവിനെ മാർ മാത്യു മൂലക്കാട്ട് മെത്രാപ്പോലീത്തയുടെ നേതൃത്വത്തിൽ സ്വീകരിച്ചപ്പോൾ. ഗീവർഗീസ് മാർ അപ്രേം, ഫാ. മൈക്കിൾ വെട്ടിക്കാട്ട് തുടങ്ങിയവർ സമീപം



ഭാരത കത്തോലിക്കാ മെത്രാൻ സമിതിയുടെ (CBCI) പ്രസിഡണ്ടായി രണ്ടാമതും തെരഞ്ഞെടുക്കപ്പെട്ട തൃശ്ശൂർ അതിരൂപതാധ്യക്ഷൻ മാർ ആൻഡ്രൂസ് താഴത്ത് പിതാവിന് സീറോ മലബാർ സഭയുടെ അഭിനന്ദനങ്ങൾ... പ്രാർത്ഥനാശംസകൾ

# ആടിന്റെ ഗന്ധമുള്ള നല്ല ഇടയൻ: ഫാ. വർഗീസ് പൊട്ടയ്ക്കൽ



**സീ**റോമലബാർസഭ മേജർആർച്ചുബിഷപ്പായി മാർ റാഫേൽ തട്ടിൽ പിതാവിനെ തെരഞ്ഞെടുത്തതു വഴി നമുക്ക് ആടിന്റെ ഗന്ധമുള്ള നല്ല ഇടയനെയാണ് ലഭിച്ചിരിക്കുന്നത്. ആരെയും നഷ്ടപ്പെടുത്താതെയും എല്ലാവരെയും ചേർത്തുപിടിച്ചു മുള്ള മാർ തട്ടിൽ പിതാവിന്റെ ഇടയശൈലി തൃശൂരിലും ഷംഷാബാദിലും വിജയിച്ചതാണ്.

ഒരുപക്ഷേ തട്ടിൽ പിതാവിനെ അടയാളപ്പെടുത്തുന്ന ഐക്കണായി എന്നും നിലനിൽക്കുന്ന ഒന്നായിരിക്കും ആടുകൾക്കിടയിൽ ഇടയന്റെ വടിയും പിടിച്ചുനിൽക്കുന്ന അദ്ദേഹത്തിന്റെ ചിത്രം.

സ്നേഹത്തിന്റെയും ചേർത്തുപിടിക്കലിന്റെയും ശൈലിയിലൂടെ ഒന്നിച്ചുനില്ക്കാനും ഒന്നിച്ചുനടക്കാനും ഫലം പുറപ്പെടുവിക്കാനും താരകം കണക്കെ മിന്നിത്തിളങ്ങാനും വലിയ ഇടയന്റെ ശുശ്രൂഷയിലൂടെ അങ്ങേയ്ക്കു കഴിയട്ടെയെന്ന് ആശംസിക്കുന്നു.

(മേജർആർച്ചുബിഷപ് മാർ തട്ടിൽ പിതാവിന്റെ സ്ഥാനാരോഹണച്ചടങ്ങിൽ എറണാകുളം-അങ്കമാലി അതിരൂപത പ്രോട്ടോസിഞ്ചെലൂസ് ഫാ.വർഗീസ് പൊട്ടയ്ക്കൽ നടത്തിയ പ്രസംഗത്തിൽനിന്ന്)

# നെടുങ്കണ്ടം ഫൊറോന ദൈവാലയം മേജർ ആർക്കിഎപ്പിസ്ക്കോപ്പൽ തീർത്ഥാടനകേന്ദ്രം

ഇടുക്കി രൂപതയിലെ നെടുങ്കണ്ടം സെന്റ് സെബാസ്റ്റ്യൻസ് ഫൊറോന ദൈവാലയം മേജർആർക്കി എപ്പിസ്ക്കോപ്പൽ തീർത്ഥാടന ദേവാലയമാക്കി ഉയർത്തി. സീറോമലബാർ സഭ മേജർ ആർച്ചുബിഷപ് മാർ റാഫേൽ തട്ടിൽ പിതാവ് പുതുതായി നിർമിച്ച ദൈവാലയത്തിന്റെ കൂദാശകർമ്മം നിർവഹിച്ചു. എല്ലാത്തരത്തിലും അർപ്പണബോധമുള്ളവരാണ് ഇടുക്കിക്കാർ. വലിയ ത്യാഗവും കഠിനാധ്വാനവും കൊണ്ടാണ് നെടുങ്കണ്ടത്ത് മനോഹരമായ ദൈവാലയം സ്ഥാപിക്കപ്പെട്ടിട്ടുള്ളത്. വിശുദ്ധ കുർബാനമധ്യേ നടത്തിയ സുവിശേഷപ്രസംഗത്തിൽ അദ്ദേഹം പറഞ്ഞു. മേജർആർച്ചുബിഷപ്പായി തിരഞ്ഞെടുക്കപ്പെട്ടതിന് ശേഷം ആദ്യമായി രൂപതയിലെത്തിയ പിതാവിന് രൂപതാതലത്തിൽ ഔദ്യോഗിക സ്വീകരണം നൽകി. അതിനുശേഷം തിരുക്കർമ്മങ്ങളിൽ സീറോമലബാർസഭയുടെ കൂരിയാമെത്രാൻ മാർ സെബാസ്റ്റ്യൻ വാണിയപുരയ്ക്കൽ, ഇടുക്കി രൂപതാമെത്രാൻ മാർ ജോൺ നെല്ലിക്കുന്നേൽ, വികാരി ജനറാൾമാർ, രൂപതയിലെ വൈദികർ എന്നിവർ സഹകാർമികരായിരുന്നു. വിശുദ്ധ കുർബാനയെ തുടർന്ന് ഇടവകയെ മേജർ ആർക്കി എപ്പിസ്കോപ്പിൽ തീർത്ഥാടന ദൈവാലയമായി പ്രഖ്യാപിച്ചുകൊണ്ടുള്ള കൽപ്പന സീറോ മലബാർ സഭയുടെ ചാൻസലർ റവ. ഫാ. എബ്രഹാം കാവിൽപുരയിടത്തിൽ വായിച്ചു. പ്രഖ്യാപനത്തെ തുടർന്ന് ഇടവക വികാരി ആർച്ച് പ്രീസ്റ്റ് എന്ന് അറിയപ്പെടുമെന്ന പ്രഖ്യാപനവും നടന്നു. അതിന്റെ രേഖകൾ മാർ റാഫേൽ തട്ടിൽ പിതാവ് ഇടവക വികാരി ഫാ. ജെയിംസ് ശൗര്യംകുഴിക്ക് കൈമാറി.










2024 ആഗസ്റ്റ് മാസത്തിൽ നടക്കാനിരിക്കുന്ന സീറോമലബാർ മേജർ ആർക്കിഎപ്പിസ്കോപ്പൽ അസംബ്ളിയുടെ ഒരുക്കമായുള്ള 'ലീനയമെന്ത' (പഠനരേഖ)യുടെ ഒരു പഠനം യുവജനങ്ങൾക്കായി കാക്കനാട് മൗണ്ട് സെന്റ് തോമസിൽ വച്ച്നടത്തപ്പെട്ടു. എൺപതോളം യുവജനങ്ങൾ പങ്കെടുത്ത സെമിനാറിന് എസ് എം വൈ എം ഭാരവാഹികളും അസംബ്ളിയുടെ ഓർഗനൈസേഷൻ കമ്മറ്റിയും നേതൃത്വം നല്കി.

# സഭൈക്യസമ്മേളനം നടന്നു

**ചങ്ങനാശ്ശേരി:** അതിരൂപതാകേന്ദ്രത്തിൽ സഭൈക്യസമ്മേളനം നടന്നു. ഡോ. തെയോഡോഷ്യസ് മാർത്തോമാ വലിയ മെത്രാപ്പോലീത്ത ഉദ്ഘാടനം ചെയ്തു. ആർച്ചുബിഷപ് മാർ ജോസഫ് പെരുന്തോട്ടംഅധ്യക്ഷത വഹിച്ചു. സീറോമലബാർ, സീറോമലങ്കര, ലത്തീൻ, ഓർത്തഡോക്സ്, യാക്കോബായ, മാർത്തോമ, സിഎസ്ഐ, ക്നാനായ യാക്കോബായ സഭകളിൽനിന്നും മെത്രാൻമാർ, വൈദികർ, അത്മായർ എന്നിവരടങ്ങിയ പ്രതിനിധികൾ സംബന്ധിച്ചു. ഷെവലിയാർ അഡ്വ. വി.സി.സെബാസ്റ്റ്യൻ, വിവിധ സഭകളുടെ പ്രതിനിധികളായി സഖറിയാസ് മോർ സെവേറിയോസ്, ജോഷ്വാ മാർ ഇഗ്നാത്തിയോസ്, റൈറ്റ് റവ.ഡോ. സെബാസ്റ്റ്യൻ തെക്കേച്ചേരിൽ, മാത്യൂസ് മോർ അന്തീമോസ്, സാമുവേൽ മാർ ഐറേനിയോസ്, മാർ ജോസ് പുളിക്കൽ, മാർ തോമസ് തറയിൽ, യൂഹന്നാൻ മാർ തിയോഡോഷ്യസ്, ഫാ.ജോൺസൺ പുത്തൻവീട്ടിൽ, ഫാ.ജിജി ജോൺ ജേക്കബ്, പി. ആർ. കുഞ്ഞച്ചൻ എന്നിവരും പ്രസംഗിച്ചു.





ഇടുക്കി രൂപത കാത്തലിക് ടീച്ചേഴ്സ് ഗിൽഡ് ആതുരശുശ്രുഷ സാമൂഹ്യസേവന രംഗത്ത് പ്രവർത്തിക്കുന്നവർക്കായി ഏർപ്പെടുത്തിയിരിക്കുന്ന അവാർഡ് നേടിയ, ഇടുക്കിയിലെ മൊബൈൽ ആന്റ് പാലിയേറ്റീവ് സേവനം ചെയ്യുന്ന സിസ്റ്റർ ലീന മരിയ എസ്.എ.ബി.എസും മാനന്തവാടി പ്രസ് ക്ലബ് ഏർപ്പെടുത്തിയ മികച്ച പാലിയേറ്റീവ് പ്രവർത്തനത്തിനും മാനന്തവാടി വ്യാപാരി വ്യവസായ സംഘടന ഏർപ്പെടുത്തിയ മികച്ച ജീവകാരുണ്യപ്രവർത്തനങ്ങൾക്കുമുള്ള അവാർഡ് നേടിയ സിസ്റ്റർ സെലിൻ എസ്.എ.ബി.എസും.

# കാൽനട തീർഥാടനം

**കോതമംഗലം:** രൂപതയിലെ അതിപുരാതന തീർഥാടനകേന്ദ്രമായ ആരക്കുഴ സെന്റ് മേരീസ് മേജർ ആർക്കി എപ്പിസ്കോപ്പൽ ഇടവകയോട് ചേർന്നുള്ള മലേക്കുരിശിലേക്ക് രൂപതാതല കാൽനടതീർഥാടനം നടത്തി.

കോതമംഗലം രൂപതാധ്യക്ഷൻ മാർ ജോർജ് മഠത്തികണ്ടത്തിലിന്റെ നേതൃത്വത്തിൽ രൂപതയിലെ വിവിധ ഇടവകകളിൽനിന്നായി വൈദികരും സന്യസ്തരും അല്മായരും ഉൾപ്പെടെ ആയിരക്കണക്കിനാളുകൾ പങ്കെടുത്തു. ആരക്കുഴ മാളികപീടികയിൽ നിന്ന് ആരംഭിച്ച കാൽനട തീർഥാടനം കുരിശുമലയിൽ മാർ ജോർജ് മഠത്തികണ്ടത്തിലിന്റെ മുഖ്യ കാർമികത്വത്തിലുള്ള വിശുദ്ധ കുർബാനയോടെ സമാപിച്ചു.

രൂപതാ വികാരി ജനറാളൻമാരായ മോൺ. ഫ്രാൻസിസ് കീരമ്പാറ, മോൺ. പയസ് മലേകണ്ടത്തിൽ, ആരക്കുഴ സെന്റ് മേരിസ് മേജർ ആർക്കി എപ്പിസ്കോപ്പൽ പള്ളിയുടെ ആർച്ച് പ്രീസ്റ്റ് ജോൺ മുണ്ടയ്ക്കൽ എന്നിവർ നേതൃത്വം നൽകി.

# വൈദികരുടെ പരിശീലന പരിപാടി

**തക്കല:** രൂപതയിലെ വൈദികരുടെ തുടർപരിശീലനപരിപാടി ആനിമേഷൻ സെന്ററായ സംഗമത്തിൽ നടന്നു.മാനന്തവാടി രൂപതാധ്യക്ഷൻ മാർ ജോസ് പൊരുന്നേടം ഉദ്ഘാടനം ചെയ്തു. സീറോമലബാർ മേജർ ആർക്കിഎപ്പിസ്കോപൽ ചാൻസലർ ഫാ. എബ്രഹാം കാവിൽപുരയിടത്തിൽ, അഡ്വ.തോമസ് ഫ്രാങ്കോ എന്നിവർ ക്ലാസ്സുകൾ നയിച്ചു. തക്കല രൂപതാദ്ധ്യക്ഷൻ ബിഷപ്പ് മാർ ജോർജ് രാജേന്ദ്രൻ പ്രസംഗിച്ചു.

# സുവർണ ജൂബിലി

**കാഞ്ഞിരപ്പള്ളി:** രൂപത സ്ഥാപിതമായതിന്റെ സുവർണജൂബിലി ഒരുക്കങ്ങളോടനുബന്ധിച്ചുള്ള പരിശീലന പരിപാടികളുടെ ഭാഗമായി സംഘടിപ്പിക്കുന്ന സന്യാസിനികളുടെ പരിശീലന സംഗമങ്ങൾക്ക് പൊടിമറ്റം നിർമ്മല കോളജിൽ തുടക്കമായി.

രൂപതയുടെ പ്രഥമ മെത്രാൻ മാർ ജോസഫ് പവ്വത്തിൽ സന്യാസിനികളുടെ ദൈവശാസ്ത്രപരിശീലനത്തിനായി കാഞ്ഞിരപ്പള്ളി പൊടിമറ്റത്ത് ആരംഭിച്ച നിർമ്മല തിയോളജിക്കൽ കോളജിൽ പരിശീലനംനേടിയ സന്യാസിനികളുടെ ഒത്തുചേരലവസരമെന്ന നിലയിലും കൂടിയാണ് പരിശീലന പരിപാടി സംഘടിപ്പിക്കപ്പെട്ടത്.1980-83 ബാച്ചിൽ പരിശീലനം നേടിയ സന്യാസിനികളാണ് സംഗമത്തിൽ പങ്കെടുത്തത്.

റവ. ഡോ കുര്യൻ താമരശ്ശേരി, റവ. ഡോ. ജയിംസ് ചവറപ്പുഴ, സിസ്റ്റർ അമല, സി. അൻസ തുണ്ടിയിൽ എസ്. എച്ച്, സി. റെറ്റസിൻ മരിയ എഫ്.സി. സി, സി. ജോസിറ്റ എഫ്. സി. സി, സി. ലിൻസി എസ്. എച്ച്, സി. മെറിൻ എഫ്. സി. സി, രൂപത ഫാ. സ്റ്റാൻലി പുള്ളോലിക്കൽ എന്നിവർ നേതൃത്വം നല്കി.

# സീറോമലബാർസഭയുടെ വിവിധ കമ്മീഷനുകളിൽ മാറ്റം

**കാക്കനാട്:** മാർ റാഫേൽ തട്ടിൽ പിതാവ് സീറോമലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പായി സ്ഥാനമേറ്റതിനെത്തുടർന്ന് പിതാവ് ഉത്തരവാദിത്വം വഹിച്ചിരുന്ന വിവിധ കമ്മീഷനുകൾ താഴെപ്പറയുന്ന വിധത്തിൽ മേജർആർച്ചുബിഷപ് പുനഃക്രമീകരിച്ചു.

സാമ്പത്തിക കാര്യങ്ങൾക്കായുള്ള കമ്മീഷൻ: മാർ പോളി കണ്ണൂക്കാടൻ (ചെയർമാൻ) മാർ ജോസഫ് പണ്ടാരശ്ശേരിൽ, മാർ ജോസ് ചിറ്റൂപ്പറമ്പിൽ (അംഗങ്ങൾ)

സുവിശേഷവൽക്കരണത്തിനും പ്രവാസികളുടെ അജപാലനത്തിനുമായുള്ള കമ്മീഷൻ: മാർ പ്രിൻസ് ആന്റണി പാണേങ്ങാടൻ (ചെയർമാൻ) മാർ ജോസഫ് കൊല്ലംപറമ്പിൽ CMI, മാർ ജോൺ നെല്ലിക്കുന്നേൽ (അംഗങ്ങൾ). സീറോമലബാർ മിഷൻ ഡയറക്ടർ: മാർ പ്രിൻസ് ആന്റണി പാണേങ്ങാടൻ

# സൗജന്യ ഡയാലിസിസ്

**കോട്ടയം:** മാർ മാത്യു മൂലക്കാട്ടു മെത്രാപ്പോലീത്തായുടെ മെത്രാഭിഷേകത്തിന്റെ രജതജൂബിലിയാഘോഷങ്ങളോടനുബന്ധിച്ച് സാന്ത്വനം എന്ന പേരിൽ നടപ്പിലാക്കുന്ന സൗജന്യ ഡയാലിസിസ് സേവനത്തിനു തുടക്കമായി.

കാരിത്താസ് ആശുപത്രിയുടെ നേതൃത്വത്തിൽ സമൂഹത്തിലെ എല്ലാവിഭാഗം ജനങ്ങൾക്കും പ്രയോജനം ലഭിക്കുന്ന രീതിയിൽ പ്രതിവർഷം 500 ഡയാലിസിസുകൾ വീതം അടുത്ത പത്തുവർഷക്കാലത്തേക്ക് സാമ്പത്തികപരിമിതിയുള്ളവർക്ക് സൗജന്യമായി ലഭ്യമാക്കും. അതിരൂപതാ മെത്രാപ്പോലീത്ത മാർ മാത്യു മൂലക്കാട്ട് പദ്ധതി ഉദ്ഘാടനം ചെയ്തു. സഹായമെത്രാന്മാരായ മാർ ജോസഫ് പണ്ടാരശ്ശേരിൽ, ഗീവർഗീസ് മാർ അപ്രേം തുടങ്ങിയവർ പ്രസംഗിച്ചു. ആദ്യഘട്ടമായി കാരിത്താസ് ആശുപത്രിയിൽ നിലവിൽ ഡയാലിസിസ് ചെയ്യുന്ന എല്ലാ രോഗികൾക്കും അവരുടെ അർഹത പരിഗണിച്ച് ഒരു ഡയാലിസിസ് വീതം സൗജന്യമായി നല്കിത്തുടങ്ങിയിട്ടുണ്ട്. തുടർന്ന് പ്രതിവർഷം 500 സൗജന്യ ഡയാലിസിസുകൾ വീതം അർഹതയുള്ളവർക്ക് 10 വർഷത്തേക്കു ലഭ്യമാക്കും.

# കനകമല തീർഥാടനം

**കൊടകര :** 85 ാമത് കനകമല കുരിശുമുടി നോമ്പുകാല തീർഥാടനം ആരംഭിച്ചു.

മാർ പോളി കണ്ണൂക്കാടൻ 57 ദിവസം നീളുന്ന തീർഥാടനത്തിനു തുടക്കം കുറിച്ച് ദൈവാലയത്തിൽ തിരി തെളിയിച്ചു. തുടർന്ന് വിശ്വാസ ദീപവുമായി കുരിശുമുടിയിലേക്ക് പ്രദക്ഷിണം നടന്നു.

തീർഥാടകർക്ക് രാത്രിയിൽ മലകയറുന്നതിനായി അടിവാരം മുതൽ കുരിശുമുടി വരെയുള്ള പാതയിൽ ആയിരത്തോളം വഴിവിളക്കുകൾ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ നേർച്ച ഭക്ഷണം, ആംബുലൻസ് അടക്കമുള്ള ആരോഗ്യ സേവനങ്ങൾ എന്നിവയും ലഭ്യമാക്കിയിട്ടുണ്ട്.

മാർച്ച് 24നാണ് ഈ വർഷത്തെ കനകമല മഹാതീർഥാടനം. ഏപ്രിൽ ഏഴിന് സമാപിക്കും.

# താമരശ്ശേരി രൂപതയുടെ റൂബി ജൂബിലി സമ്മാനം; അൽഫോൻസ ഡയാലിസിസ് സെന്റർ ഉദ്ഘാടനം ചെയ്തു

**താമരശ്ശേരി:** രൂപതയുടെ റൂബി ജൂബിലി പ്രോജക്ടായ സെന്റ് അൽഫോൻസ ഡയാലിസിസ് സെന്റർ തിരുവമ്പാടി എംഎൽഎ ലിന്റോ ജോസഫ് ഉദ്ഘാടനം ചെയ്തു. താമരശ്ശേരി രൂപതയുടെ കീഴിൽ വേനപ്പാറയിൽ പ്രവർത്തിക്കുന്ന കാലിക്കറ്റ് സെന്റർ ഫോർ അഡ്വാൻസ് മെന്റൽ ഹെൽത്ത് കെയർ ആന്റ് സൈക്കോതെറാപ്പി (ക്യാംപ്) സെന്ററിന്റെ കെട്ടിട സമുച്ചയത്തിൽ ആരംഭിക്കുന്ന ഡയാലിസിസ് സെന്ററിന്റെ വെഞ്ചരിപ്പുകർമ്മം ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ നിർവഹിച്ചു.

താമരശ്ശേരി രൂപതയുടെ കരുണയുടെ മുഖമാണ് സെന്റ് അൽഫോൻസ ഡയാലിസിസ് സെന്റർ. കുടിയേറ്റ മലയോര മേഖലയിൽ ആതുരശുശ്രൂഷാരംഗത്ത് കൂടുതൽ കാര്യങ്ങൾ ചെയ്യാൻ ആഗ്രഹമുണ്ട്. ദൈവം അതിനുള്ള വഴികൾ തുറന്നുതരുമെന്നതിന് ഉദാഹരണമാണ് ഈ ഡയാലിസിസ് സെന്റർ. മാർ റെമീജിയോസ് തന്റെ അധ്യക്ഷപ്രസംഗത്തിൽ പറഞ്ഞു. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് തികച്ചും സൗജന്യമായാണ് ഡയാലിസിസ് നടത്തുന്നത്.



താമരശ്ശേരി രൂപതയുടെ റൂബി ജൂബിലി പ്രോജക്ടായ സെന്റ് അൽഫോൻസ ഡയാലിസിസ് സെന്ററിന്റെ വെഞ്ചരിപ്പുകർമ്മം ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ നിർവഹിക്കുന്നു




# GABORONE UNIVERSITY COLLEGE OF LAW AND PROFESSIONAL STUDIES

P. O. Box 201095, Gaborone, Botswana, enquiry@guc.ac.bw, www.guc.ac.bw


## MASTERS PROGRAMME

- Master of Science in Early Childhood Education
- Master of Science in Occupational Health & Safety
- Master of Public Health

For God
&
Country

## BACHELOR PROGRAMME

- Bachelor of Laws LLB (Hons)
- Bachelor of Education in Early Childhood Education (BED) Hons
- Bachelor of Business Administration in Occupational Health & Safety
- Bachelor of Commerce (Hons) Degree in Purchasing & Supply Chain Management
- Bachelor of Arts Degree in Public Health
- Bachelor of Commerce in Travel & Tourism
- Bachelor of Business Administration Entrepreneurship
- Bachelor of Science in Policing & Law
- Bachelor of Business Administration in Security Management (BBA - Security)
- Bachelor of Technology in Construction Engineering
- Bachelor of Art in Law & Public Administration
- Bachelor of Science in Health Promotion & Disease Prevention
- Bachelor of Commerce in Accountancy
- Bachelor of Arts in Human Development & Family Studies
- Bachelor of Business Administration in Logistics and Transport Management



**DIPLOMA PROGRAMME | CERTIFICATE PROGRAMME | SINGLE SUBJECT PROGRAMME**

Main Campus: Lot 6398, Lejara Road, Broadhurst Industrial
Tel: (+267) 318 5596, Fax: (+267) 318 6018, Cell: (+267) 72469089

Syromalabar Vision (Private circulation only), Published by Major Archiepiscopal Curia, Mount St.Thomas, PB No 3110, Kakkanad P.O, Kochi - 682030, Kerala, India
E mail: syromalabarvision@gamail.com, Printed at Don Bosco Igact, Ernakulam